

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 91 • ലക്കം 07 • ജനുവരി 2019

വേദപ്രചാര മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം


സർക്കുലർ Ref: 3166/K-5/KCBC/OL/DS ... 06
സർക്കുലർ Infarm ... 14
സർക്കുലർ 18 Ch. 212-287 ... 17
കച്ചേരിക്കാര്യം ... 22
അനുസ്മരണം ... 24
അനുസ്മരണം ... 25
പ്രവാസി അപ്പോസ്റ്റലേറ്റ് ... 26
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ... 27
സന്ദേശനിലയം ... 28
ചെറുപുഷ്പ മിഷൻലീഗ് ... 31
ഫാമിലി അപ്പോസ്റ്റലേറ്റ് ... 33
കേരളാ ലേബർ മൂവ്മെന്റ് ... 35
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ... 36
യുവദീപ്തി ... 40
ആവേമരിയ ... 42
ഫ്രാൻസിസ്കൻ അല്മായസഭ ... 43
ദലിത് കത്തോലിക്കാ മഹാജനസഭ ... 45
ചാസ് ... 46
ചാരിറ്റി വേൾഡ് ട്രസ്റ്റ് ... 53
കരിസ്മാറ്റിക് നവീകരണം ... 55
കെ.സി.എസ്.എൽ. ... 56
ആത്മതാകേന്ദ്രം ... 59
കെയർ ഹോംസ് ... 61
വിൻസെൻഷ്യൻ വേദി ... 63
പൗരോഹിത്യ ആദ്ധ്യാത്മികത ... 65
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ... 70
Engagements ... 78

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

# നാമഹേതുക തിരുനാൾ

## ആശംസകൾ



## വെരി റവ. ഡോ. മാണി പുതിയിടം

(സിഞ്ചെള്ളൂസ്)

Ref: 3166/K-5/KCBC/OL/DS 22.12.2018

**52-ാം ലോകസമാധാനദിനാചരണം**

**ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം**

**1 ജനുവരി 2019**

# നല്ല രാഷ്ട്രീയം സമാധാനസേവനത്തിനുള്ളത്

## 1. ഈ ഭവനത്തിനു സമാധാനം

[1]ഈശോ തന്റെ ശിഷ്യന്മാരെ ദൗത്യവുമായി അയച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: ''നിങ്ങൾ ഏതു വീട്ടിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം. സമാധാനത്തിന്റെ പുത്രൻ അവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവനിൽ കുടികൊള്ളും. ഇല്ലെങ്കിൽ അതു നിങ്ങളിലേക്കു തിരിച്ചുപോരും'' (ലൂക്കാ 10:56).

മിശിഹാ ശിഷ്യന്മാരുടെ അതിപ്രധാനമായ ദൗത്യമാണ് സമാധാനം നല്കൽ. മനുഷ്യചരിത്രത്തെ അടയാളപ്പെടുത്തുന്ന ദുരന്തങ്ങൾക്കും അക്രമത്തിനുമിടയിൽ സമാധാനം കാംക്ഷിക്കുന്ന എല്ലാ മനുഷ്യർക്കുമാണ് ആ സമാധാനം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്! ഈശോ പിറന്ന 'വീട്' നാനാത്വവും ചരിത്രവൈവിധ്യവുംപേറുന്ന ഓരോ കുടുംബവും സമൂഹവും രാജ്യവും ഭൂഖണ്ഡവുമാണ്. ഒന്നാമതായും സുപ്രധാനമായും അത് വ്യത്യാസമോ വേർതിരിവോ കൂടാതെ ഓരോ വ്യക്തിയുമാണ്. സംരക്ഷിക്കാനും പരിപോഷിപ്പിക്കാനുമായി ദൈവം നമ്മെ ഭരമേല്പിച്ചിട്ടുള്ള നമ്മുടെ 'പൊതുഭവനമായ ലോകം കൂടിയാണത്.

അതിനാൽ പുതുവത്സരാരംഭത്തിൽ എന്റെ ആശംസ ഇതാണ്: ''ഈ വീടിന് സമാധാനം!''

## 2. നല്ല രാഷ്ട്രീയം നേരിടുന്ന വെല്ലുവിളി

ചാൾസ് പെഗ്വി എന്ന കവി വർണിച്ച പ്രത്യാശപോലെയാണ് സമാധാനം. [2] അക്രമത്തിന്റെ കല്ലുനിറഞ്ഞ ഭൂമിയിൽ വിടരാൻ കഷ്ടപ്പെടുന്ന മൃദുലമായ പുഷ്പം പോലെയാണത്. അധികാരത്തിനുവേണ്ടിയുള്ള ദാഹം ദുരുപയോഗത്തിലേക്കും അനീതിയിലേക്കും നയിക്കുന്നു. രാഷ്ട്രീയമെന്നത് മനുഷ്യസമൂഹത്തെയും സ്ഥാപനങ്ങളെയും പണിതുയർത്താനുള്ള അടിസ്ഥാനപരമായ മാർഗമാണ്. എന്നാൽ മുഴുവൻ സമൂഹത്തിനുവേണ്ടിയുള്ള സേവനത്തിന്റെ ഒരു രൂപമായി

രാഷ്ട്രീയത്തെ കാണാതിരിക്കുമ്പോൾ അത് മർദനത്തിന്റെയും പാർശ്വവത്കരണത്തിന്റെയും നശിപ്പിക്കലിന്റെയും ഒരു മാർഗമായിത്തീരാം.

ഈശോ നമ്മോട് ഇങ്ങനെ പറയുന്നു: ''ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനും ആകണം'' (മർക്കോ 9:35). പോൾ ആറാമൻ മാർപാപ്പായുടെ വാക്കുകളിൽ പറഞ്ഞാൽ ''രാഷ്ട്രീയത്തെ അതിന്റെ എല്ലാതലങ്ങളിലും - പ്രാദേശികമായും, ദേശീയമായും, ലോകവ്യാപകമായും - ഗൗരവത്തോടെ പരിഗണിക്കുക എന്നത് ഓരോ വ്യക്തിക്കുമുള്ള ഒരു കടമ ഉറപ്പിച്ചു പറയുകയെന്നതാണ്. നഗരത്തിനും ദേശത്തിനും മുഴുവൻ മനുഷ്യവംശത്തിനുമുള്ള നന്മയ്ക്കായി ഒരേ സമയം പ്രവർത്തിക്കുവാൻ നല്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെ യാഥാർത്ഥ്യവും മൂല്യവും അംഗീകരിക്കുക എന്നതാണ് ആ കടമ.''[3] തന്റെ രാജ്യത്ത് ജീവിക്കുന്നവരെ സംരക്ഷിക്കാനും അവർക്ക് യോഗ്യവും നീതിപൂർവകവുമായ ഭാവിക്കുള്ള അന്തരീക്ഷം സൃഷ്ടിക്കാനും എല്ലാ പരിശ്രമവും ചെയ്യുക എന്ന വെല്ലുവിളിയാണ് രാഷ്ട്രീയ ധർമവും രാഷ്ട്രീയ ഉത്തരവാദിത്വവും ഒരു രാഷ്ട്രീയക്കാരന് നിരന്തരം വച്ചു നീട്ടുന്നത്. ജീവനോടും വ്യക്തികളുടെ സ്വാതന്ത്ര്യത്തോടും മഹത്വത്തോടുമുള്ള മൗലികമായ ആദരവോടെ പ്രവർത്തിച്ചാൽ രാഷ്ട്രീയ ജീവിതം യഥാർത്ഥത്തിൽ പരസ്നേഹത്തിന്റെ ശ്രദ്ധേയമായ ഒരു രൂപമായി മാറും.

**3. പരസ്നേഹവും മാനുഷിക സദ്ഗുണങ്ങളും: രാഷ്ട്രീയത്തിന്റെ അടിസ്ഥാനം.**

ബെനഡിക്ട് പതിനാറാമൻ പാപ്പ എഴുതി: തന്റെ വിളിയനുസരിച്ചും നാട്ടിൽ ('പോളീസ്') തനിക്കുള്ള സ്വാധീനത്തിന്റെ തോതനുസരിച്ചും പരസ്നേഹം ആചരിക്കാൻ ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു... പരസ്നേഹത്താൽ സജീവമാക്കപ്പെടുമ്പോൾ പൊതുനന്മയ്ക്കുവേണ്ടിയുള്ള സമർപ്പണത്തിന് സെക്കുലറും രാഷ്ട്രീയവുമായ നിലപാടിനെക്കാൾ കൂടുതൽ മൂല്യമുണ്ടാകും. മനുഷ്യന്റെ ഭൗമികമായ പ്രവർത്തനം പരസ്നേഹത്താൽ പ്രചോദിതവും നിലനില്ക്കുന്നതുമാകുമ്പോൾ സാർവത്രികമായ ദൈവിക നഗരത്തിന്റെ നിർമാണത്തിന് അത് സഹായകമാകും. മനുഷ്യകുടംബത്തിന്റെ ചരിത്രത്തിനുള്ള ലക്ഷ്യം അതാണല്ലോ.''[4] മനുഷ്യകുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ശരിയായ എല്ലാ രാഷ്ട്രീയ പ്രവർത്തനത്തെയും നിലനിറുത്തുന്ന നീതി, സമത്വം, പരസ്പര ബഹുമാനം, ആത്മാർത്ഥത, സത്യസന്ധത, വിശ്വസ്തത എന്നീ മാനുഷികഗുണങ്ങൾ അഭ്യസിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എല്ലാ രാഷ്ട്രീയ പ്രവർത്തകർക്കും അവർ ഏതു സംസ്കാരവും മതവും ഉള്ളവരായാലും അംഗീകരിക്കാൻ കഴിയുന്ന ഒരു പ്രോഗ്രാമാണിത്.

ഇതിനെ സംബന്ധിച്ചിടത്തോളം വിയറ്റ്നാമിലെ കർദ്ദിനാളായ ഫ്രാൻസ്വാ സേവ്യർ നുഗൂയൻ വാൻ ത്വാൻ നിർദേശിച്ച 'രാഷ്ട്രീയ പ്രവർത്തകന്റെ സൗഭാഗ്യങ്ങൾ' ഓർമിക്കുന്നത് സഹായകരമായിരിക്കും. 2002-ൽ അന്തരിച്ച വിശ്വസ്തനായ സുവിശേഷസാക്ഷിയാണദ്ദേഹം. അദ്ദേഹത്തിന്റെ നിർദേശങ്ങൾ ഇങ്ങനെയാണ്:

- ♦ തന്റെ ധർമത്തെപ്പറ്റി ഉന്നതമായ ബോധവും അഗാധമായ ധാരണയുമുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- ♦ വ്യക്തിപരമായി വിശ്വസ്തതയ്ക്ക് മാതൃകയായിരിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- ♦ സ്വന്തം താത്പര്യത്തിനല്ലാതെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- ♦ സ്ഥിരതയുള്ള രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- ♦ ഐക്യത്തിനുവേണ്ടി അധ്വാനിക്കുന്ന രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- ♦ മൗലികമായ പരിവർത്തനം പൂർത്തിയാക്കാൻ അധ്വാനിക്കുന്ന രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- ♦ മറ്റുള്ളവരെ കേൾക്കാൻ കഴിവുള്ള രാഷ്ട്രീയ പ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ!
- ♦ ഭയമില്ലാത്ത രാഷ്ട്രീയപ്രവർത്തകൻ അനുഗൃഹീതനായിരിക്കട്ടെ![5]

ഓരോ തെരഞ്ഞെടുപ്പും വീണ്ടും തെരഞ്ഞെടുപ്പും പൊതുജീവിതത്തിന്റെ ഓരോ ഘട്ടവും നീതിയെയും നിയമത്തെയും പ്രചോദിപ്പിക്കുന്ന ആദർശത്തിന്റെ പ്രാഗരൂപത്തിലേക്ക് തിരിച്ചുപോകാനുള്ള സന്ദർഭമാണ്. ഒരുകാര്യം തീർച്ചയാണ്: നല്ല രാഷ്ട്രീയം സമാധാനത്തിന്റെ സേവനത്തിലാണ്. അത് മൗലികമായ മനുഷ്യാവകാശങ്ങളെ ആദരിക്കുകയും വളർത്തുകയും ചെയ്യും. അതേസമയം, വർത്തമാന-ഭാവി തലമുറകൾക്കിടയിൽ ഉണ്ടാകേണ്ട വിശ്വാസത്തിന്റെയും കൃതജ്ഞതയുടെയും ഒരു ബന്ധം സാധ്യമാക്കുന്ന പരസ്പര കടമകളും കൂടിയാണവ.

### 4. രാഷ്ട്രീയമായ ദുർഗുണങ്ങൾ

രാഷ്ട്രീയത്തിന് സദ്ഗുണങ്ങളോടൊപ്പം ദുർഗുണങ്ങളും ഉണ്ടെന്ന് ദുഃഖപൂർവം പറയേണ്ടിയിരിക്കുന്നു. ദുർഗുണങ്ങൾ ഉണ്ടാകുന്നത് വ്യക്തിപരമായ കഴിവുകുറവുകൊണ്ടോ, വ്യവസ്ഥിതിയുടെയും അതിന്റെ സ്ഥാപനങ്ങളുടെയും വീഴ്ചകൾകൊണ്ടോ ആണ്. ഈ ദുർഗുണങ്ങൾ മുഴുവൻ രാഷ്ട്രീയജീവിതത്തിന്റെയും വിശ്വാസ്യതയെ തകർക്കുന്നു. അതിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ തീരുമാനങ്ങളെയും

പ്രവർത്തനങ്ങളെയും ദുഷിപ്പിക്കുന്നു. യഥാർത്ഥ ജനാധിപത്യത്തിന്റെ ആദർശത്തെ ഈ ദുർഗുണങ്ങൾ നശിപ്പിക്കുന്നു; പൊതുജീവിതത്തെ ദ്രോഹിക്കുന്നു; സാമൂഹികമായ ഐക്യത്തെ ഭീഷണിപ്പെടുത്തുന്നു. വിവിധ രൂപങ്ങളിലുള്ള അഴിമതിയെപ്പറ്റി നാം ഇവിടെ ചിന്തിക്കുന്നു: പൊതുവസ്തുക്കളുടെ കൈയടക്കൽ, വ്യക്തി ചൂഷണം, അവകാശ ലംഘനം, സമൂഹനിയമങ്ങളെ തകർക്കൽ, സത്യസന്ധതയില്ലാതെ ഉണ്ടാക്കുന്ന ലാഭം, ബലപ്രയോഗംകൊണ്ടോ ദേശീയതാത്പര്യം എന്ന പേരിലോ അധികാരത്തെ നീതീകരിക്കൽ, അധികാരം വിട്ടുകൊടുക്കാൻ വിസമ്മതിക്കൽ. ഇവയോട് വിദേശീഭയം, വർഗീയവാദം, പരിസ്ഥിതി പരിഗണിക്കാതിരിക്കൽ, പെട്ടെന്ന് ലാഭം ഉണ്ടാക്കാൻവേണ്ടി പ്രകൃതി വിഭവങ്ങളെ കൊള്ളയടിക്കൽ, വിപ്രവാസത്തിന് നിർബന്ധിക്കപ്പെട്ടവരോടുള്ള അവജ്ഞ എന്നിവ കൂടി കൂട്ടിച്ചേർക്കണം.

**5. നല്ല രാഷ്ട്രീയം യുവജനപങ്കാളിത്തവും അപരരിലുള്ള വിശ്വാസവും വളർത്തുന്നു.**

രാഷ്ട്രീയ അധികാരം സവിശേഷാനുകൂല്യമുള്ള ചില വ്യക്തികളുടെ താത്പര്യങ്ങളെ മാത്രം സംരക്ഷിക്കാൻ ഉപയോഗിക്കുമ്പോൾ ഭാവി ഇരുളടയുന്നു. യുവജനങ്ങൾക്ക് ആത്മവിശ്വാസം ഇല്ലാതാകുന്നു. കാരണം, സമൂഹത്തിന്റെ അരികുകളിലാക്കപ്പെട്ടിരിക്കുന്നതിനാൽ ഭാവിയെ പടുത്തുയർത്താൻ സഹായിക്കാനുള്ള സാധ്യത അവർക്ക് അന്യമാകുന്നു. രാഷ്ട്രീയം യുവജനത്തിന്റെ കഴിവുകളെയും ആഗ്രഹങ്ങളെയും ശരിയായി സംരക്ഷിക്കുമ്പോൾ അവരുടെ വീക്ഷണത്തിലും അവരുടെ മുഖങ്ങളിലും സമാധാനം വളരുന്നു. 'നിന്നെ ഞാൻ വിശ്വാസത്തിലെടുക്കുന്നു, പൊതുനന്മയ്ക്കുവേണ്ടി നമുക്കേവർക്കും ഒന്നിച്ച് അധ്വാനിക്കാമെന്ന് നിന്നോടൊപ്പം ഞാനും വിശ്വസിക്കുന്നു' എന്ന ഒരു ഉറപ്പുനല്കലായി അതു പരിണമിക്കുന്നു. ഓരോ വ്യക്തിയുടെയും ദാനങ്ങളെയും കഴിവുകളെയും അംഗീകരിക്കുമ്പോൾ രാഷ്ട്രീയ പ്രവർത്തനം സമാധാനത്തിന്റെ സേവനത്തിലാകും. ''നീട്ടിയ കരത്തെക്കാൾ മനോഹരമായി എന്താണുള്ളത്? നല്കാനും സ്വീകരിക്കാനും വേണ്ടി ദൈവം ഉദ്ദേശിച്ചിട്ടുള്ളതാണത്. അതു കൊല്ലുന്നതോ പീഡിപ്പിക്കുന്നതോ ദൈവം ആഗ്രഹിക്കുന്നില്ല. (cf ഉത്പ 4: 1 ff) മറിച്ച്, അത് ജീവിതത്തിൽ സംരക്ഷണവും സഹായവും നല്കണമെന്നാണ് അവിടന്ന് ഉദ്ദേശിക്കുന്നത്. നമ്മുടെ ഹൃദയത്തോടും ബുദ്ധിശക്തിയോടുമൊപ്പം നമ്മുടെ കരങ്ങൾക്കും സംവാദത്തിനുള്ള മാർഗ്ഗമാകാൻ കഴിയും.''[6]

പൊതുഭവനം പണിയുന്നതിന് തന്റെ വക കല്ലു ദാനം ചെയ്യുവാൻ ഓരോ വ്യക്തിക്കും കഴിയും. നിയമത്തിലും വ്യക്തികൾ തമ്മിലുള്ള സുതാര്യവും ശരിയായതുമായ ബന്ധങ്ങളിലും അടിയുറച്ച സംശുദ്ധമായ രാഷ്ട്രീയ ജീവിതം എപ്പോഴും

നവീകരണത്തിന് വിധേയമായിരിക്കും. ഓരോ സ്ത്രീയും പുരുഷനും തലമുറയും ബന്ധസംബന്ധവും ബുദ്ധിപരവും സാംസ്കാരികവും ആധ്യാത്മികവുമായ പുത്തൻ ഊർജ്ജങ്ങൾ ഉൾക്കൊള്ളുന്നെന്ന് നമുക്ക് ബോധ്യപ്പെടുമ്പോഴാണ് അത് സംഭവിക്കുന്നത്. ഇത്തരം ഒരു വിശ്വസ്തത നേടുക അത്ര എളുപ്പമല്ല. മാനുഷികബന്ധങ്ങൾ സങ്കീർണമാണ്, പ്രത്യേകിച്ച് നമ്മുടെ കാലഘട്ടത്തിൽ. മറ്റുള്ളവരോട് അല്ലെങ്കിൽ അപരിചിതരോട് ഉള്ള ഭയത്തിൽ സ്വന്തം സുരക്ഷിതത്വത്തെപ്പറ്റിയുള്ള ഉത്കണ്ഠയിൽ വേരുറച്ച വിശ്വാസമില്ലായ്മയുടെ കാലഘട്ടമാണിത്. ആഗോളവ്യാപകമായ സാഹോദര്യത്തെ ചോദ്യം ചെയ്യുന്ന ദേശീയതാവാദത്തിന്റെ രൂപങ്ങളിലും മനോഭാവങ്ങളിലും തള്ളിക്കളയലിന്റെ രാഷ്ട്രീയ തലത്തിൽ അതു കാണുന്നു എന്നത് സങ്കടകരമാണ്. ആഗോള വ്യാപകമായ സാഹോദര്യം ഇന്ന് വളരെ അത്യാവശ്യമാണ്. നമ്മുടെ സമൂഹങ്ങൾക്ക് ഇന്ന് എന്നത്തെക്കാളുപരിയായി ''സമാധാനശില്പികളെ'' ആവശ്യമുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ നന്മയും സന്തോഷവും ആഗ്രഹിക്കുന്ന ദൈവപിതാവിന്റെ സന്ദേശവാഹകരും യഥാർത്ഥ സാക്ഷികളുമാണവർ.

### 6. യുദ്ധവും ഭയപ്പെടുത്തൽ തന്ത്രവും പാടില്ല

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചിട്ട് 100 വർഷം കഴിഞ്ഞു. ആ യുദ്ധങ്ങളിൽ കൊല്ലപ്പെട്ട യുവജനങ്ങളെയും വിഭക്തമായ സമൂഹങ്ങളെയും നാം ഓർക്കുമ്പോൾ സഹോദരങ്ങളെ കൊന്നൊടുക്കുന്ന യുദ്ധങ്ങൾ നമ്മെ പഠിപ്പിക്കുന്ന ഭീകരമായ പാഠമാണ് നമുക്ക് ലഭിക്കുന്നത്. അധികാരവും ഭയവും തമ്മിലുള്ള സന്തുലിതാവസ്ഥയായിട്ടു മാത്രം സമാധാനത്തെ കരുതാൻ പാടില്ല. മറ്റുള്ളവരെ ഭീഷണിപ്പെടുത്തുകയെന്നത് അവരെ വസ്തുക്കളായി കരുതുകയും അവരുടെ മഹത്വം നിഷേധിക്കുകയും ചെയ്യുന്നതിന് തുല്യമാണ്. അതുകൊണ്ടാണ് ഭയപ്പെടുത്തലും അനിയന്ത്രിതമായ യുദ്ധോപകരണ ശേഖരണവും ധാർമ്മികതയ്ക്കും സമാധാനത്തിനുള്ള അന്വേഷണത്തിനും എതിരാണെന്ന് നാം ഒരിക്കൽ കൂടി പറയുന്നത്. ഏറ്റവും ദുർബലരായവരെ ഭീഷണിപ്പെടുത്തൽ, മുഴുവൻ ജനതകളുടെയും നാടുവിടലിന് കാരണമായിത്തീരും. അവർ സമാധാനമുള്ള സ്ഥാനം അന്വേഷിക്കും. എല്ലാ കുറ്റവും കുടിയേറ്റക്കാരുടെ മേൽ ആരോപിക്കുന്നതും ദരിദ്രർക്ക് പ്രത്യാശ ഇല്ലാതാക്കുന്നതുമായ രാഷ്ട്രീയപ്രഭാഷണങ്ങൾ ശരിയല്ല. മറിച്ച്, ഓരോ വ്യക്തിയോടുമുള്ള - അവരുടെ പശ്ചാത്തലം ഏതായാലും - ആദരത്തിലും നിയമത്തോടും പൊതു നന്മയോടുമുള്ള ആദരത്തിലും നമ്മുടെ സംരക്ഷണത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന പരിസ്ഥിതിയോടും മുൻതലമുറകളിൽ നിന്ന് കൈമാറിക്കിട്ടിയിട്ടുള്ള ധാർമിക പാരമ്പര്യ സമ്പന്നതയോടുമുള്ള ആദരത്തിലുമാണ് സമാധാനം സ്ഥാപിതമായിരിക്കുന്നതെന്ന് ഊന്നിപ്പറയേണ്ട ആവശ്യം ഇന്നുണ്ട്.

സംഘർഷ പ്രദേശങ്ങളിൽ ജീവിക്കുന്ന കുട്ടികളെയും ജീവൻ സംരക്ഷിക്കാനും അവകാശങ്ങൾ സംരക്ഷിക്കാനും വേണ്ടി അധ്വാനിക്കുന്നവരെയും ഞാൻ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ ലോകത്തിൽ ആറ് കുട്ടികളിലൊരാൾ വീതം യുദ്ധത്തിന്റെ അക്രമത്തിനും അതിന്റെ അനന്തരഫലങ്ങൾക്കും ഇരയായിരിക്കുന്നു. അവരെ പട്ടാളക്കാരായി ചേർത്തിട്ടില്ലെങ്കിലും പട്ടാളക്കാർ തടങ്കലിലാക്കിയിട്ടില്ലെങ്കിലും ഇതു തന്നെയാണ് അവസ്ഥ! അവരെയും അവരുടെ മഹത്ത്വത്തെയും പരിരക്ഷിക്കാൻ അധ്വാനിക്കുന്നവർ നല്കുന്ന സാക്ഷ്യം മനുഷ്യവംശത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം അമൂല്യമായിരിക്കും.

**7. മഹത്തായ ഒരു സമാധാന പദ്ധതി**

മനുഷ്യാവകാശത്തിന്റെ സാർവ്വത്രിക പ്രഖ്യാപനത്തിന്റെ എഴുപതാം വാർഷികം നാം ഈ ദിവസങ്ങളിൽ ആഘോഷിക്കുന്നു. രണ്ടാം ലോക മഹായുദ്ധാനന്തരമാണത് സംഭവിച്ചത്. ഈ സാഹചര്യത്തിൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായുടെ നിരീക്ഷണം നമുക്ക് ഓർമ്മിക്കാം:

''സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ ബോധം സ്വന്തം കടമകളുടെ നവീകരണത്തിലേക്ക് അവനെ നയിക്കാതിരിക്കരുത്. അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നത് ആ അവകാശങ്ങളെ നിറവേറ്റുകയെന്ന കടമകൂടി ഉൾക്കൊള്ളുന്നുണ്ട്. എന്തെന്നാൽ അവ മനുഷ്യന്റെ വ്യക്തിപരമായ മഹത്വത്തിന്റേതാണ്. അവകാശങ്ങൾ ഉണ്ടായിരിക്കുകയെന്നതിൽ മറ്റുള്ളവർ അവ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുക എന്നത് ഉൾക്കൊള്ളുന്നുണ്ട്''[7]

ഫലത്തിൽ മനുഷ്യരുടെ പരസ്പര ഉത്തരവാദിത്വത്തിലും പരസ്പര ആശ്രയത്തിലും അധിഷ്ഠിതമായ മഹത്തായ രാഷ്ട്രീയ പദ്ധതിയുടെ ഫലമാണ് സമാധാനം. എന്നാൽ അതൊരു വെല്ലുവിളി കൂടിയാണ്. അതാകട്ടെ എന്നും പുതുതായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതിനു ഹൃദയത്തിന്റെയും ആത്മാവിന്റെയും മാനസാന്തരം ആവശ്യമാണ്. അത് ഒരേ സമയം ആന്തരികവും ബാഹ്യവുമാണ്. അതിന് വേർതിരിക്കാനാവാത്ത മൂന്നു വശങ്ങളുണ്ട്:-

മയമില്ലായ്മയെയും കോപത്തെയും ക്ഷമയില്ലായ്മയെയും തള്ളിക്കളഞ്ഞുകൊണ്ട് തന്നോടു തന്നെ സമാധാനത്തിലായിരിക്കൽ. വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ വാക്കുകളിൽ പറഞ്ഞാൽ ''മറ്റുള്ളവർക്കു അല്പം മാധുര്യം നല്കുന്നതിന്'' തന്നോടു തന്നെ ''അല്പം മാധുര്യമുള്ളവനായിരിക്കുക''

മറ്റുള്ളവരുമായി, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, അപരിചിതർ, ദരിദ്രരും പീഡിതരുമായവർ എന്നിവരുമായി, സമാധാനത്തിൽ കഴിയുക. അവരെ കണ്ടുമുട്ടുന്നതിൽ ഭയപ്പെടാതെയും അവർക്കു പറയാനുള്ളതു ശ്രവിച്ചും അങ്ങനെ ചെയ്യുക.-

എല്ലാ സൃഷ്ടികളുമായി സമാധാനത്തിൽ കഴിയുക. ദൈവിക ദാനത്തിന്റെ മഹത്ത്വം വീണ്ടും കണ്ടെത്തണം. ഈ ലോകത്തിലെ നിവാസികളും പൗരന്മാരും ഭാവിയുടെ നിർമ്മാതാക്കളുമെന്ന നിലയിൽ നമുക്കുള്ള വ്യക്തിപരവും പങ്കുവയ്ക്കപ്പെടുന്നതുമായ ഉത്തരവാദിത്വത്തെ വീണ്ടും കണ്ടെത്തണം.

മനുഷ്യനു മുറിവുണ്ടാക്കാവുന്ന ഓരോ സാഹചര്യത്തെയും കുറിച്ച് അവബോധമുള്ളതും ആഴത്തിൽ ആകുലതയുള്ളതുമായ സമാധാനത്തിന്റെ രാഷ്ട്രീയത്തിന് എപ്പോഴും പ്രചോദനം സ്വീകരിക്കാവുന്നത് മറിയത്തിന്റെ സ്തോത്രഗീതത്തിൽ നിന്നാണ്. നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ അമ്മയുടെ, സമാധാനത്തിന്റെ രാജ്ഞിയുടെ കീർത്തനമാണത്. അത് മുഴുവൻ മനുഷ്യവംശത്തിന്റെയും നാമത്തിൽ ആലപിക്കപ്പെട്ടതാണ്. ''അവിടത്തെ ഭക്തരുടെ മേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും. അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവികാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി. നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും അവന്റെ സന്തതികളോടും എന്നേക്കുമായി ചെയ്ത വാഗ്ദാനം അനുസരിച്ചു തന്നെ'' (ലൂക്ക 1:50-55).

*വത്തിക്കാനിൽ നിന്ന് 8 ഡിസംബർ 2018*

**ഫ്രാൻസിസ് മാർപാപ്പ**

**End Notes**

*[1] Cf. Lk 2:14: "Glory to God in the highest, and on earth peace among men with whom he is pleased".*

*[2] Cf. Le Porche du mystère de la deuxième vertu, Paris, 1986.*

*[3] Apostolic Letter Octogesima Adveniens (14 May 1971), 46.*

*[4] Encyclical Letter Caritas in Veritate (29 June 2009), 7.*

*[5] Cf. Address at the "Civitas" Exhibition-Convention in Padua: "30 Giorni", no. 5, 2002.*

*[6] BENEDICT XVI, Address to the Authorities of Benin, Cotonou, 19 November 2011.*

*[7] Encyclical Letter Pacem in Terris (11 April 1963), ed. Carlen, 24.*

---

*ഈ സന്ദേശത്തിലെ ആശയങ്ങൾ ജനുവരിയിലെ ഏതെങ്കിലും ഒരു ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ വിശദീകരിച്ചു കൊടുക്കേണ്ടതാണ്.*

## സർക്കുലർ

# കർഷകർ ഒരു കുടക്കീഴിൽ ഇൻഫാം കർഷകദിനം ജനുവരി 15

ഈശോയിൽ പ്രിയ സഹോദരങ്ങളെ,

എല്ലാവർഷവും ജനുവരി 15, കേരളസഭ 'കർഷകദിനമായി' ആച രിക്കുന്ന ദിവസമാണ്. കർഷകജനതയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി രൂപം കൊണ്ട വലിയൊരു മുന്നേറ്റമാണ് 'ഇൻഫാം'. ഒരു പതിറ്റാണ്ടിലേറെയായി പല കർഷകസ്വപ്നങ്ങളും യാഥാർത്ഥ്യ മാക്കാൻ ഇൻഫാമിനു സാധിച്ചു. ഇതിന്റെ പിന്നിൽ വലിയ പങ്കുവഹി ക്കുന്നതോടൊപ്പം അക്ഷീണമായി പരിശ്രമിക്കുകയും ചെയ്യുന്ന എല്ലാ വരെയും നന്ദിയോടോർക്കുന്നു.

ഇൻഫാമിന്റെ പ്രസക്തി വളരെ ശക്തമായി വർദ്ധിച്ചിരിക്കുന്ന ഒരു സമയമാണിത്. മാനവരാശിയുടെ നിലനില്പിനാധാരമായ കാർഷിക വിഭവങ്ങളുടെ ഉത്പാദനം ദൈവീകവേലയാണ്. കഠിനാധ്വാനം ചെയ്യുന്ന കർഷകരുടെ ജീവന്റെ ഭാഗമാണത്. ജലപ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും, അഴിമതിയും, ചൂഷണവും, വിലത്തകർച്ചയും നിക്ഷി പ്ത താത്പര്യങ്ങളോടുകൂടിയ രാഷ്ട്രീയ ഇടപെടലുകളും വിഭവങ്ങളുടെ പ്രാഥമിക ഉല്പാദകരായ കർഷകരെ അങ്ങേയറ്റം പ്രതിസന്ധിയി ലാക്കി. വൻകിട കച്ചവടക്കാരുടെയും വ്യവസായികളുടെയും താള ത്തിനൊത്ത് തുള്ളുന്ന ഭരണകൂടനയം കൂടിയായപ്പോൾ ഈ പ്രതിസന്ധി രൂക്ഷമായി. ഇതെല്ലാം കൂടിച്ചേരുമ്പോൾ സമ്പൂർണ്ണമായ അർത്ഥത്തിൽ കർഷകരോടുള്ള ചതി എന്നുതന്നെ പറയേണ്ടിയിരി ക്കുന്നു. ഒരു കാലത്ത് കൃഷിയും കൃഷിയിടങ്ങളും മനുഷ്യന് പ്രതീക്ഷയും ആത്മസംതൃപ്തിയും സുരക്ഷിതത്വവും നല്കിയിരുന്നു എന്നാൽ ഇന്നിത് അസ്വസ്ഥതയും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുന്ന സാഹചര്യമാണ്. ഈ കൃഷിയിടങ്ങളെ നോക്കി നെടുവീർപ്പെട്ടുകൊണ്ട് നിരാശയുടെ വക്കിൽ കർഷകൻ ആത്മഹത്യയിലേക്ക് തിരിയുന്നു. രാജ്യം മുഴുവൻ അലയടിച്ചുയരുന്ന കർഷകമുന്നേറ്റങ്ങൾ ഈ വസ്തു തക്ക് അടിവരയിടുന്നതാണ്.

കേരളത്തിൽ കർഷകനെ ഈ ദുരവസ്ഥയിലേക്കെത്തിച്ചത് പല ഘടകങ്ങളാണ്. കൃഷി ചെയ്യുന്ന മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കവും പട്ടയം കിട്ടാത്ത അവസ്ഥയും അതിൽ പ്രധാനമാണ്. അതുകൊണ്ട് സ്വന്തം അധ്വാനത്തിന്റെ ഫലം കണ്ട് അഭിമാനിക്കേണ്ട കർഷകമനസ് കള്ളനെപ്പോലെ നടക്കേണ്ട ദുരവസ്ഥയിലേക്കെത്തിച്ചേർന്നിരിക്കുന്നു. കാരണം ഭൂമിക്കുമേൽ ഇപ്പോഴുള്ള അവകാശങ്ങൾ കൂടി നഷ്ടപ്പെടാൻ പോകുന്നു. ഉള്ള പട്ടയത്തിന്മേൽ ഉപാധികൾ വയ്ക്കപ്പെടുന്നു. (ഗാഡ്ഗിൽ, കസ്തൂരിരംഗൻ). കൈവശമുള്ളതുപോലും അന്യാധീനപ്പെടുന്ന ദുരവസ്ഥയാണത്. ഉപാധിരഹിതപട്ടയമില്ലാത്തതിനാൽ വായ്പയോ സബ്സിഡികളോ ലഭിക്കാനുള്ള അർഹതയും നഷ്ടപ്പെടുന്നു. ജനപ്രതിനിധികളെയും കർഷകരെയും പോലും ഉൾക്കൊള്ളിക്കാതെ തയ്യാറാക്കിയ മാധവ ഗാഡ്ഗില്ലും, കസ്തൂരിരംഗൻ റിപ്പോർട്ടും എം.എസ് സ്വാമിനാഥൻ റിപ്പോർട്ടും എല്ലാം സമഗ്രമായ പഠനശേഷം തയ്യാറാക്കിയിരുന്നുവെങ്കിൽ കൂടുതൽ അനുയോജ്യമായേനെ.

ഇക്കാലത്തെ കാർഷികപ്രശ്നങ്ങൾ ചെറുതല്ല. വർഷങ്ങളുടെ ഈ തളർച്ച ഇന്ന് കർഷകനെ കൃഷിഭൂമി വിഭജിച്ച് വിൽക്കാൻ പ്രേരിപ്പിക്കുന്നു. കച്ചവടക്കണ്ണോടെ കർഷകഭൂമിയെ നോക്കുന്ന ലാൻഡ് മാഫിയകൾ മോഹവിലയും കൊടുത്ത് കർഷകഭൂമിയെ തുണ്ടം തുണ്ടമാക്കിക്കൊണ്ടിരിക്കുന്നു. മറ്റൊരു ദുരിതം വിത്തിന്റെ അഭാവമാണ്. ബഹുരാഷ്ട്രകമ്പനികളുടെ ഇടപെടലുകളും അവയ്ക്ക് തടയിടാൻ പര്യാപ്തമല്ലാത്ത സർക്കാർ നിലപാടുകളും കർഷകവിത്തിന്റെ പത്തായങ്ങളെ ശൂന്യമാക്കിയിരിക്കുന്നു. ജനിതകമാറ്റം വരുത്താത്ത സ്വന്തം വിത്തിനങ്ങൾ എന്ന കർഷകസ്വപ്നവും പൊലിഞ്ഞുപോയിരിക്കുന്നു. അതുപോലെതന്നെ പ്രാദേശിക സർക്കാരുകൾക്ക് വളങ്ങളുടെയും കീടനാശിനികളുടെയും നിർമ്മാണത്തിനുമേൽ നിയന്ത്രണം ഇല്ലാത്തതുകൊണ്ട് വളങ്ങളുടെ ഉത്പാദനം ബഹുരാഷ്ട്രകമ്പനികളുടെ കുത്തകയായി. ക്രമാതീതമായ രാസവസ്തുക്കളുടെ ഉപയോഗമാകട്ടെ മണ്ണിലെ സർവ്വപ്രകൃതിദത്ത ലവണങ്ങളും നശിച്ചുപോകുന്നതിന് കാരണമായി. അതുപോലെ തന്നെ ജലസേചനത്തിന്, പാഴായിപോകുന്ന ജലം തടയാനുള്ള ശാസ്ത്രീയമാർഗ്ഗങ്ങളുമായി നാം ഏറെ ദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഒപ്പം ജലം തകർത്തെറിഞ്ഞ പ്രളയത്തിന്റെ മുറിപ്പാടുകൾ മായിച്ച് ലോകജനതക്കുമുമ്പിൽ അതിജീവനത്തിന്റെ മാതൃക നൽകിയതിൽ നമുക്ക് അഭിമാനിക്കാം.

എക്കാലവും കർഷകരെ ദുരിതത്തിലാക്കുന്ന മറ്റൊരു പ്രധാന പ്രശ്നം ഉത്പന്നങ്ങളുടെ വിലസ്ഥിരത ഇല്ലായ്മയാണ്. മറ്റു രാജ്യങ്ങൾ

അവരുടെ കാർഷികവ്യവസായ ഉത്പന്നങ്ങൾക്ക് വിലയും താങ്ങുവിലയും നിശ്ചയിച്ച് കർഷകരിൽ എത്തിച്ചപ്പോൾ ഇന്ത്യക്കത് സാധിച്ചില്ല. തത്ഫലമായി വില നിശ്ചയിക്കുന്നത് ഇടനിലക്കാരും കുത്തക കമ്പനികളുമായി. സാമ്പത്തികമായ പരാധീനതമൂലം കിട്ടുന്ന വിലക്ക് തന്റെ ഉല്പന്നങ്ങൾ വിൽക്കാനും കർഷകൻ നിർബന്ധിതനാകുന്നു. പ്രത്യേകിച്ചും ഗ്രാമങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ ഉത്പന്നങ്ങൾക്കുപോലും മാന്യമായ വില ലഭിക്കുന്നില്ല. റബർ ഉത്പാദനത്തിൽ ഇറക്കുമതി നിയന്ത്രിക്കാതെ കർഷകന് രക്ഷയുണ്ടാവില്ല. നിസാരമായ തുക ഡ്യൂട്ടി കൊടുത്ത് വലിയ ടയർ കമ്പനികൾ വൻതോതിൽ റബർ ഇറക്കുമതി ചെയ്യുന്നു. '50%' ഗവൺമെന്റ് സബ്സിഡി നല്കിക്കൊണ്ടിരുന്ന പല ഉത്പന്നങ്ങൾക്കും ഗാട്ട് കരാർ വന്നതോടുകൂടി 5% എന്ന നിലയായി. ഇതിനൊപ്പം തന്നെ എല്ലാ നാണ്യവിളകളുടെയും ഉല്പാദനച്ചിലവു കൂടിയതും കർഷകരുടെ ദുരിതം വർദ്ധിപ്പിച്ചു. ഉല്പന്നത്തിനു വില നിശ്ചയിക്കുവാൻ കർഷകൻ കരുത്തുള്ളവനായെങ്കിലെ കൃഷി വിജയിക്കുകയുള്ളൂ.

അടുത്ത കാലത്തായി കർഷകർ നേരിടുന്ന മറ്റൊരു പ്രതിസന്ധി വന്യമൃഗങ്ങളുടെ ആക്രമണം ആണ്. ഇവയെ സംരക്ഷിക്കാൻ ഗവൺമെന്റ് എടുക്കുന്ന നിലപാടിന്റെ പത്തിലൊന്ന് കർഷകരെ സംരക്ഷിക്കാൻ വേണ്ടി എടുത്തിരുന്നെങ്കിൽ കർഷികമേഖല എന്നേ രക്ഷപെട്ടേനെ. ഊണും ഉറക്കവുമില്ലാതെ താലോലിച്ചു വളർത്തിയ വിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുമ്പോൾ നിസഹായരായിത്തീരുകയാണ് കർഷകർ. മൃഗസ്നേഹത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും പേരിൽ നടത്തുന്ന കാപട്യങ്ങൾ തിരിച്ചറിഞ്ഞ് കർഷകന്റെ സ്വത്തും ജീവനും വിലപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് പുതിയ നിയമനിർമ്മാണങ്ങൾ വരണം.

ഇന്നത്തെ കാർഷികമേഖലയിൽ ക്രിയാത്മകമായ ചില മാറ്റങ്ങൾ അനിവാര്യമായിരിക്കുന്നു. അതിൽ ഏറ്റവും കാതലായത് ശക്തമായ സംഘടനാപ്രവർത്തനങ്ങളാണ്. ജാതി - മത - രാഷ്ട്രീയ ഭേദമന്യേ 'കർഷകർ' എന്ന കുടക്കുകീഴിൽ വേണം നാം ഒന്നിക്കാൻ. ഗ്രാമതലങ്ങളിൽ കർഷകർ സംഘടിക്കണം. കർഷക ഉന്നമനം മാത്രം ലക്ഷ്യം വച്ച് കൂട്ടായ്മയോടെ പ്രവർത്തിക്കണം. പരമ്പരാഗത കൃഷിരീതികൾക്കൊപ്പം നൂതനമായ കൃഷിരീതികളും അവലംബിക്കണം. ഗവണ്മെന്റ് ജോലിയിലോ ഓഫീസ് വർക്കിലോ മാത്രം സായൂജ്യം കാണാതെ കൃഷിയോട് താത്പര്യമുള്ള യുവജനങ്ങളുടെ ഒരു തലമുറയും വളർന്നുവരണം.

കുഞ്ഞുങ്ങളെ നാം ചെറുപ്പത്തിൽതന്നെ ''മാനം മുട്ടെ വളരാനുള്ള'' സ്വപ്നം കാണാൻ പഠിപ്പിക്കും. പക്ഷേ, വല്ലപ്പോഴുമൊക്കെ കൃഷിയിടങ്ങളിൽ കൂടെ കൊണ്ടുപോയി ''മാനം മുട്ടെ'' വളർന്നു നിൽക്കുന്ന മരങ്ങളെ കാണിച്ചുകൊടുക്കുകയും അങ്ങനെ വളരാനുള്ള ഒരു മരത്തെ നടാൻ പഠിപ്പിക്കുകയും ചെയ്താൽ കൃഷിയും മണ്ണിനെയും സ്നേഹിക്കുന്ന ഒരു തലമുറ ഇവിടെയുണ്ടാകും.

ഇൻഫാമിന്റെ ഓരോ മുന്നേറ്റങ്ങളും കർഷക കരങ്ങൾക്ക് കരുത്തേകുകയും കർഷകന്റെ സ്വപ്നങ്ങൾക്ക് മാറ്റ് കൂട്ടുകയുമാണ്. ഈ ഉദ്യമത്തിൽ ഇനിയും നാം സംഘടനാപ്രവർത്തനങ്ങൾ ശക്തമാക്കി മുന്നേറാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

സ്നേഹാശംസകളോടെ,

**മാർ മാത്യു അറയ്ക്കൽ**
ഇൻഫാം എപ്പിസ്കോപ്പൽ കമ്മീഷൻ

*കാഞ്ഞിരപ്പള്ളി*
*06-12-2018*

---

*ഈ സർക്കുലർ ജനുവരി 13-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

സർക്കുലർ

18 Ch. 212-287

# വചനാധിഷ്ഠിതമായ ജീവിതവും വിശ്വാസസാക്ഷ്യവും ദനഹാക്കാലത്ത്

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ സന്യസ്തരേ സഹോദരീ സഹോദരന്മാരേ,

1. തിരുനാളുകളുടെ കാലമാണ് നമുക്ക് ദനഹാക്കാലം. ആരാധന വത്സരത്തിൽ ഏറ്റവും കൂടുതൽ തിരുനാളുകൾ ആഘോഷിക്കപ്പെടുന്നത് ദനഹാക്കാലത്താണ്. സീറോ മലബാർ സഭയുടെ പൗരസ്ത്യ സുറിയാനി ആരാധനാക്രമമനുസരിച്ച് ദനഹാത്തിരുനാളായ ജനുവരി ആറിന് തന്നെയാണ് ഈ വർഷം ദനഹാക്കാലം ആരംഭിക്കുന്നത്. രക്ഷകനായ മിശിഹായുടെ മനുഷ്യാവതാരത്തെ കേന്ദ്രീകരിച്ചുള്ള മംഗളവാർത്തക്കാലത്തിന്റെ തുടർച്ചയായിട്ടാണ് സഭ ദനഹാക്കാലം ആചരിക്കുന്നത്. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനു വേണ്ടിയുള്ള കാത്തിരിപ്പും, രക്ഷകന്റെ ജനനവും, തുടർന്ന് മാമ്മോദീസ വരെയുള്ള അവന്റെ രഹസ്യജീവിതവുമാണല്ലോ മംഗളവാർത്തക്കാലത്തിന്റെ ആചരണ വിഷയങ്ങൾ. അതേത്തുടർന്നുള്ള ഈശോയുടെ പരസ്യജീവിതവും ദൗത്യനിർവഹണവുമാണ് ദനഹാക്കാലത്ത് സഭ അനുസ്മരിച്ചാഘോഷിക്കുന്നത്. അതോടൊപ്പം മിശിഹായിൽ വിശ്വസിക്കുകയും ആ വിശ്വാസം ധീരമായി ഏറ്റുപറയുകയും വ്യാഖ്യാനിച്ച് പഠിപ്പിക്കുകയും വിശ്വാസത്തെപ്രതി ജീവൻ അർപ്പിക്കുകയും ചെയ്ത രക്തസാക്ഷികൾ, സഭാപിതാക്കന്മാർ, പ്രബോധകർ മുതലായ വിശുദ്ധരെയും ദനഹാക്കാലത്ത് സഭ പ്രത്യേകമായി അനുസ്മരിച്ച് അവരുടെ തിരുനാളുകൾ ആഘോഷിക്കുന്നു. ചുരുക്കത്തിൽ, സഭ അവളുടെ വിശ്വാസം ഉത്സാഹത്തോടെയും ഭക്തിനിർഭരമായും ജീവിത നവീകരണം ഉളവാകത്തക്കവിധത്തിലും ഒന്നുചേർന്ന് കൂട്ടായ്മാരൂപിയിൽ സാഘോഷം കൊണ്ടാടുന്ന അവസരമാണ് ദനഹാക്കാലം.

2. പഞ്ചവത്സര അജപാലന പദ്ധതിയുടെ രണ്ടാം വർഷം ആചരിക്കാൻ തുടങ്ങിയിരിക്കുന്ന നമ്മൾ അതിന്റെ ചൈതന്യവും ലക്ഷ്യവും മാർഗ്ഗനിർദ്ദേശങ്ങളും ഉൾക്കൊണ്ട് ദനഹാക്കാലത്തെ കർമ്മ പദ്ധതികൾ

ആവിഷ്കരിക്കുവാനും വിശ്വാസത്തിന് സാക്ഷ്യം വഹിക്കുവാനും ശ്രദ്ധിക്കണം.

**ദൈവവചനം:** വിശുദ്ധ പാരമ്പര്യവും വിശുദ്ധലിഖിതങ്ങളും അടങ്ങുന്ന ദൈവവചനത്തെ ആഴത്തിൽ ഉൾക്കൊള്ളാനും അതനുസരിച്ച് ജീവിക്കാനും പ്രത്യേകം പരിശ്രമിക്കുന്നതിനാണ് ഈ ആരാധന വർഷത്തിൽ നമ്മൾ മുഖ്യപ്രാധാന്യം നൽകിയിരിക്കുന്നത്. ബാവാ, പുത്രൻ, റൂഹാദ്ക്കുദ്ശാ എന്നീ മൂന്ന് ആളുകൾ ഉൾക്കൊള്ളുന്ന ത്രിത്വമാണ് ഏകസത്യദൈവമെന്നും, രണ്ടാം ആളായ പുത്രൻ മനുഷ്യാവതാരം ചെയ്ത് മനുഷ്യരക്ഷ സാധിച്ചു എന്നുമുള്ളതാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന സത്യം. ഇപ്രകാരം ഏകത്വത്തിലും ത്രിത്വത്തിലും സ്ഥിതിചെയ്യുന്ന ദൈവം പൂർണമായി വെളിപ്പെടുത്തപ്പെട്ടത് മനുഷ്യാവതാരം ചെയ്ത പുത്രനിലൂടെയാണ്. ദൈവത്തിന്റെ ഈ വെളിപ്പെടുത്തലാണ് ദനഹാക്കാലത്തിന്റെ ചിന്താവിഷയം. 'ദനഹാ' ദൈവാവിഷ്കാരമാണ്. അതിനാൽ ദനഹാക്കാലത്തെ ആവിഷ്കാര കാലമെന്നും വിളിക്കുന്നു.

ദൈവത്തോട് കൂടിയായിരുന്നവനും ദൈവംതന്നെയായിരുന്നവനുമായ 'വചനം മാംസമായി' നമ്മുടെയിടയിൽ വസിച്ചുവെന്നും, ദൈവത്തിന്റെ ഏക പുത്രനായ അവനാണ് മനുഷ്യാവതാരം ചെയ്ത മിശിഹായെന്നും യോഹന്നാൻശ്ലീഹ തന്റെ സുവിശേഷത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. (യോഹ.1:1-14). മിശിഹായാകുന്ന വചനത്തെ നാമറിയുന്നതും അവനെ സ്വന്തമാക്കുന്നതും വിശുദ്ധ ലിഖിതങ്ങളും വിശുദ്ധ പാരമ്പര്യവും വഴിയാണ്. ഇവ രണ്ടും ഉൾപ്പെടുന്ന ഭണ്ഡാകാരമാണ് ദൈവിക വെളിപാടിന്റെ കലവറ. അതിന്റെ സൂക്ഷിപ്പുകാരിയും വിതരണക്കാരിയുമാണ് സഭ. അതാണ് ആരാധനാവത്സരത്തിലൂടെ സഭ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. സഭയോടൊപ്പം ചിന്തിക്കുകയും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് ദൈവവചനം തെറ്റുകൂടാതെ അറിയാനും അനുഭവിക്കാനും വിശ്വാസികൾക്ക് സാധിക്കുന്നത്. മാതാവും ഗുരുനാഥയുമായ സഭയിൽനിന്ന് ദൈവവചനമാകുന്ന ആത്മീയ പാൽ നുകരാനും, വിശുദ്ധ ലിഖിതങ്ങളിലും വിശുദ്ധ പാരമ്പര്യത്തിലും നിക്ഷിപ്തമായിരിക്കുന്ന വിശ്വാസസത്യങ്ങൾ ഉൾക്കൊള്ളാനും സഭാമക്കൾക്ക് അവകാശവും ചുമതലയുമുണ്ട്. അതിനുള്ള ക്രമീകരണമാണ് സഭയുടെ ആരാധനാവത്സരം.

### 3. ഈശോയുടെ മാമ്മോദീസാ-ദൈവത്തിന്റെ ദനഹാ

ഈശോ മാമ്മോദീസാ സ്വീകരിച്ച സംഭവം വലിയൊരു ദൈവിക വെളിപാടായിരുന്നു. ജോർദാനിൽ യോഹന്നാനിൽനിന്ന് മാമ്മോദീസ സ്വീകരിച്ച ഈശോ വെള്ളത്തിൽനിന്ന് കയറുമ്പോൾ ആകാശം പിളർന്ന് ആത്മാവ് പ്രാവിന്റെ രൂപത്തിൽ ഈശോയുടെമേൽ ഇറങ്ങിവരുന്നത് താൻ കണ്ടുവെന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. 'നീ എന്റെ

പ്രിയ പുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്നൊരു സ്വരവും സ്വർഗ്ഗത്തിൽ നിന്നുണ്ടായി. (മർക്കോസ് 1:9–11)

ദൈവത്തിന്റെ ത്രിത്വം എന്ന മഹാരഹസ്യത്തിന്റെ വെളിപ്പെടുത്തലാണ് ഈ സംഭവത്തിൽ നമ്മൾ കാണുന്നത്. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും എന്നുള്ളതാണല്ലോ ഏറ്റവും വലിയ വിശ്വാസരഹസ്യം. ലോകാരംഭം മുതൽ വിവിധങ്ങളായ അടയാളങ്ങളും പ്രവൃത്തികളും സംഭവങ്ങളും വഴി ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരുന്നെങ്കിലും പുത്രനായ ഈശോമിശിഹായിലാണ് അതിന്റെ പൂർണ്ണത കൈവരുന്നത്. ഈശോയുടെ പരസ്യജീവിതകാലത്തെ പ്രബോധനങ്ങളിലും പ്രാർത്ഥന കളിലും പരിശുദ്ധ ത്രിത്വത്തിലെ ബാവാ, പുത്രൻ, റൂഹാദ്ക്കുദ്ശാ എന്നീ മൂന്ന് ആളുകളെക്കുറിച്ചും രക്ഷാകര പദ്ധതിയിൽ ഓരോരുത്തർക്കുമുള്ള പങ്കിനെക്കുറിച്ചും ദൈവവും നമ്മളും തമ്മിലുള്ള സവിശേഷമായ ബന്ധം എപ്രകാരമാണ് എന്നതിനെക്കുറിച്ചുമൊക്കെ പ്രതി പാദിക്കുന്നുണ്ട്. എങ്കിലും ദൈവത്തിന്റെ ഏകത്വവും ത്രിത്വവുമെന്നുള്ള സത്യം മനുഷ്യബുദ്ധികൊണ്ട് പൂർണമായി ഗ്രഹിക്കാൻ സാധിക്കയില്ല. ദൈവകൃപയിൽ വിശ്വാസം വഴി മാത്രമേ അതുൾക്കൊള്ളാൻ കഴിയൂ. 'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാണെന്ന്' കേപ്പാ ഈശോയെ ഏറ്റുപറഞ്ഞപ്പോൾ, 'ജഡവും രക്തവുമല്ല, സ്വർഗ്ഗസ്ഥ നായ എന്റെ പിതാവാണ് നിനക്കിത് വെളിപ്പെടുത്തിയത്' എന്നുള്ള ഈശോയുടെ മറുപടി, ത്രിത്വരഹസ്യം മനുഷ്യബുദ്ധിക്കതീതമാണെന്ന് വ്യക്തമാക്കുന്നതാണ്.

4. ത്രിയേകദൈവം എന്നത് മനുഷ്യബുദ്ധിക്കഗ്രാഹ്യമാണെങ്കിലും, മഹാരഹസ്യമാണെങ്കിലും ദൈവത്തിന്റെ സ്നേഹത്താലും കരു ണയാലും പരിപാലനത്താലുമാണ് നമ്മളും സകല ചരാചരങ്ങളും ജന്മംകൊണ്ടതും നിലനിൽക്കുന്നതും. പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ മാമ്മോദീസാ സ്വീകരിക്കുമ്പോഴാണ് നമ്മൾ വീണ്ടും ജനിച്ച് സഭയിൽ അംഗങ്ങളായി ദൈവമക്കളുടെ കൂട്ടായ്മയിൽ പങ്കുചേരുന്നത്. പരിശുദ്ധ കൂദാശകളിലൂടെ ത്രിയേക ദൈവത്തിൻെറ കൂട്ടായ്മയിൽ പങ്കുചേർന്ന് ദൈവകുടുംബത്തിലെ അംഗങ്ങളായി നിത്യകാലം ജീവിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. അത് സാധ്യമാക്കിത്തീർക്കാൻ ദൈവപുത്രനും ദൈവവചനവുമായ മിശിഹാ ലോകത്തിലേക്ക് വന്നു. മിശിഹായിൽ വിശ്വസിക്കുകയും, അതനുസരിച്ച് ജീവിക്കുകയും ചെയ്തുകൊണ്ട് സഭയോട് ചേർന്ന് ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യംവഹിക്കാൻ നമുക്കു കടമയുണ്ട്. ഇപ്രകാരം വീരോചിത സാക്ഷ്യം വഹിച്ച് നമുക്ക് ഉത്തമ മാതൃകയും പ്രചോദനവുമായവരെ അനുസ്മരിച്ച് അവരുടെ തിരുനാൾ ആചരിക്കാനും പ്രാർത്ഥനാസഹായം തേടാനും നമ്മുടെ സഭ ആരാധനാവത്സരത്തിലെ ദനഹാക്കാലത്ത് പ്രത്യേകം ശ്രദ്ധിക്കുന്നു.

ഈശോ തന്നെ തന്റെ മാമ്മോദീസാ മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള ഈ ലോകത്തിലെ പരസ്യജീവിതകാലത്ത്, പിതാവിന്റെ ഹിതത്തിന് തന്നെത്തന്നെ പൂർണമായി സമർപ്പിച്ചുകൊണ്ട്, പ്രാർത്ഥനയും പ്രബോധനങ്ങളും പ്രവൃർത്തികളും സർവ്വോപരി പീഡാസഹനവും മരണവും വഴി മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ സ്നേഹവും കരുണയും വെളിപ്പെടുത്തുകയും അവിടുത്തെ മഹത്വപ്പെടുത്തുകയുമായിരുന്നു. മിശിഹാനുയായികൾ മിശിഹായുടെ ചൈതന്യവും മാതൃകയും ഉൾക്കൊണ്ട്, മിശിഹായ്ക്ക് ലോകത്തിൽ സാക്ഷ്യം വഹിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തണം. വഴിയും സത്യവും ജീവനുമായ തന്നിലൂടെയല്ലാതെ ദൈവത്തിന്റെ പക്കലെത്താൻ വേറെ മാർഗമില്ലെന്ന് ഈശോ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

5. ഈശോ തന്റെ ജീവിതം മുഴുവനിലൂടെ വെളിപ്പെടുത്തിയ രക്ഷാകര രഹസ്യങ്ങൾ അതായത് മനുഷ്യാവതാരം, രഹസ്യജീവിതം, മാമ്മോദീസാ, പരസ്യജീവിതം, പീഡാസഹനം, മരണം, സംസ്കാരം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, റൂഹാദ്ക്കുദ്ശായുടെ ആഗമനം, ഈശോയുടെ പ്രത്യാഗമനം എന്നീ മിശിഹാ രഹസ്യങ്ങളെ അനുസ്മരിച്ചും ധ്യാനിച്ചും ജീവിച്ചുമാണ് മിശിഹായ്ക്ക് സാക്ഷ്യം വഹിക്കേണ്ടത്. അതിനു വഴിയൊരുക്കുകയും ശക്തി പകരുകയുമാണ് ആരാധനാവത്സരകാലഘട്ടങ്ങളുടെ ആചരണം.

സഭയുടെ വിശുദ്ധ പാരമ്പര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ആരാധനാക്രമമാണ്. വിശ്വാസം പൂർണ്ണമായും തെറ്റുകൂടാതെയും ആധികാരികമായി ആഘോഷിക്കപ്പെടുന്നത് ആരാധനക്രമത്തിലാണ്. ദൈവവചനം ഏറ്റവും ആധികാരികമായും രക്ഷാകരമായും പ്രഘോഷിപ്പിക്കപ്പെടുന്നതും ആരാധനക്രമത്തിലാണ്. സഭയോടു ചേർന്നുള്ള ജീവിതത്തിനും ചിന്തയ്ക്കും പ്രവർത്തനത്തിനും അടിസ്ഥാനം ആരാധനക്രമമാണ്. മിശിഹായുടെ സജീവമായ സാന്നിദ്ധ്യവും രക്ഷാകരപ്രവർത്തിയും സംശയരഹിതമായി ഉളവാക്കുന്നത് ആരാധനക്രമമാണ്. ആരാധനക്രമത്തിലെ സജീവ പങ്കാളിത്തത്തിലൂടെ വിശ്വാസികൾ ശരിയായ മിശിഹാനുഭവത്തിലേക്ക് ആനയിക്കപ്പെടുന്നു. അതുതന്നെയാണല്ലോ മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യമായ നിത്യജീവൻ. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ സഭാപിതാക്കന്മാർ പഠിപ്പിച്ചത്, സഭയുടെ ഏറ്റവും ശ്രേഷ്ടവും ഫലദായകവുമായ പ്രവൃത്തി ആരാധനക്രമമാണെന്നും, അതിനെക്കാൾ ശ്രേഷ്ഠമായതൊന്നും സഭയ്ക്കു ചെയ്യാനില്ലെന്നും, സഭയുടെ മറ്റെല്ലാ പ്രവൃത്തികളും ആത്യന്തികമായി ആരാധനക്രമത്തിലേക്കാണ് ഉന്നം വച്ചിരിക്കുന്നതെന്നും, സഭയുടെ എല്ലാ പ്രവൃത്തികളുടെയും ശക്തി ശ്രോതസ്സ് ലിറ്റർജിയാണെന്നും, ചുരുക്കത്തിൽ മിശിഹാനുഭവം തന്നെയായ വചനാനുഭവം ഈ ലോകത്തിൽ അതിൻെറ പൂർണ്ണതയിൽ ഉളവാകുന്നത് ആരാധനക്രമത്തിലാ

ണ്. അതിന്റെ പരമമായ അവസ്ഥ വചനാനുഭവവും വിരുന്നനുഭവവുമായി ദൈവവചനമായ മിശിഹായെ വിശുദ്ധ കുർബാനയിൽ നമ്മൾ അനുഭവിക്കുന്നതാണ്. ഈ അനുഭവത്തിലേക്ക് ആനയിക്കുന്നതായിരിക്കണം സഭാംഗങ്ങളുടെ പ്രാർത്ഥനാജീവിതം മുഴുവൻ എന്ന് സഭ പഠിപ്പിക്കുന്നു.

**3. ദനഹാത്തിരുനാൾ**

സഭയിൽ ദനഹാത്തിരുനാളിന്റെ പ്രാധാന്യവും അതു നൽകുന്ന രക്ഷാകരസന്ദേശവും നന്നായി മനസ്സിലാക്കിയ നമ്മുടെ പൂർവ്വികർ അവ പ്രകടമാക്കുന്നവിധം അർത്ഥവത്തായ ആചാരങ്ങൾക്കു രൂപം കൊടുത്തു. അവയാണ് മാർത്തോമ്മാ നസ്രാണികളുടെയിടയിൽ പാരമ്പര്യമായി ആഘോഷിച്ചു പോന്നിരുന്ന പിണ്ടികുത്തിത്തിരുനാളും രാക്കുളിത്തിരുനാളും. ജനുവരി അഞ്ചാം തീയതി സായാഹ്നത്തിൽ നടത്തിവന്നിരുന്ന ഈ ആചാരങ്ങൾ സമുചിതമായവിധം ആചരിക്കുന്നത് നന്നായിരിക്കും. ആചാരങ്ങളിലൂടെ വിശ്വാസം ആഘോഷിക്കുകയും തലമുറകളിലേക്കു കൈമാറുകയുമാണല്ലോ.


കൂടാതെ നമ്മുടെ സഭയുടെ ആരാധനക്രമമനുസരിച്ച് ദനഹാക്കാലത്തെ തിരുനാളുകളും അനുസ്മരണകളും അതിരൂപതയിൽനിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന ആരാധനാവത്സര പഞ്ചാംഗത്തിലെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ലളിതമായും ഭക്തിനിർഭരമായും ആഘോഷിക്കാൻ ശ്രദ്ധിക്കണം. മൂന്നുനോമ്പ്, രോഗീദിനം എന്നിവയും, ജനുവരി 6-12 വരെ പ്രേഷിതവാരവും, ജനുവരി 18-25 വരെയുള്ള സഭൈക്യവാരവും ഉചിതമായി ആചരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളും നമ്മുടെ അതിരൂപത ഏറ്റെടുത്തു നടത്തുന്ന എല്ലാ പ്രേഷിതയത്നങ്ങളും ദൈവകൃപയിൽ മുന്നോട്ടുപോകാൻ എല്ലാവരുടെയും പ്രാർത്ഥനയും പിന്തുണയും ആവശ്യമുണ്ട്. പ്രേഷിതദൈവവിളിക്കായി എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. സഭയിലും സമൂഹത്തിലും, എല്ലാ ക്രൈസ്തവ സഭകൾ തമ്മിലും ഈശോ ആഗ്രഹിക്കുന്ന ഐക്യവും കൂട്ടായ്മാ ജീവിതവും ഉളവാകാൻ നമുക്കു ഒന്നുചേർന്ന് പ്രാർത്ഥിക്കയും പരിശ്രമിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

*ഈ സർക്കുലർ ജനുവരി 6-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




## I

### ക്രൈസ്തവ ഐക്യപ്രാർത്ഥന

ജനുവരി 18 മുതൽ 25 വരെ ആചരിക്കുന്ന സഭൈക്യവാരത്തിൽ ഉപയോഗിക്കുവാനുള്ള പ്രാർത്ഥനാശുശ്രൂഷാക്രമം സന്ദേശനിലയത്തിൽനിന്നും ലഭിക്കുന്നതാണ് (അതിരൂപതാ വെബ്സൈറ്റിലും ഈ പ്രാർത്ഥന ലഭ്യമാണ്). ഇടവകയിൽ പൊതുവായും കുടുംബകൂട്ടായ്മകളിലും ഈ പ്രാർത്ഥനാശുശ്രൂഷ നടത്തിയും ഇടവകതലത്തിൽ സഭൈക്യസമ്മേളനങ്ങൾ സംഘടിപ്പിച്ചും സഭൈക്യവാരം ഏറ്റവും ഉചിതമായി ആചരിക്കുന്നതിന് ബഹു. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## II

### സീറോ മലബാർ പ്രേഷിതവാരം

2019 ജനുവരി 6 മുതൽ 12-ാം തീയതി വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നു. ജനുവരി 13 ലെ സ്തോത്രക്കാഴ്ച സീറോ മലബാർ മിഷനു വേണ്ടി സമാഹരിച്ച് ജനുവരി 31 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

---

## ചങ്ങനാശേരി അതിരൂപത നടപ്പിലാക്കുന്ന കുട്ടനാട് പുനരധിവാസ പദ്ധതിയുടെ നടപടിക്രമം

(a) ഇടവകയിലെ വികാരിയച്ചന്റെയും പ്രാദേശിക സൊസൈറ്റി ഭാരവാഹികളുടെയും സഹകരണത്തോടെ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.

(b) ചാസിന്റെ പ്രതിനിധികൾ ആവശ്യമായ മേഖലകളിൽ സാങ്കേതിക വിദഗ്ധരോടൊപ്പം ഗുണഭോക്താക്കളെ സന്ദർശിച്ച് ആവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ പരിശോധിച്ച് ചെലവാകുന്ന തുക നിശ്ചയിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് ചാസ് ഡയറക്ടർക്ക് കൈമാറുന്നു. ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ പുനർപരിശോധനനടത്തി അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നു.

(c) Archeparchial Rehabilitation and Monitoring Cell ന്റെ യോഗത്തിൽ ലിസ്റ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(d) അംഗീകാരം ലഭിക്കുന്ന ലിസ്റ്റ് ബഹുമാനപ്പെട്ട പ്രൊക്യുറേറ്റർ അച്ചന്റെ ഓഫീസിന് കൈമാറി അനുവദിച്ചതുകയുടെ ചെക്ക് ഗുണഭോക്താവിന്റെ പേരിൽ നൽകാനുള്ള നടപടി സ്വീകരിക്കുന്നു.

## 2. സഹായധനം കൈമാറുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമം

(a) Rs.10,000 ൽ കൂടുതലുള്ള തുകകൾ ഗുണഭോക്താവിന്റെ പേരിൽ Crossed Cheque ആയി മാത്രം നൽകുക. ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക നേരിട്ട് എത്തുന്നത് ഇടപാടുകളിൽ സുതാര്യതയും കൃത്യതയും ഉറപ്പിക്കാനാകും.

(b) ലഭിക്കുന്ന സഹായധനം ഗുണഭോക്താവ് ഫലപ്രദമായി ഉപ യോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും പ്രാദേശിക ഭാരവാഹികളും പുനരധിവാസ പ്ര വർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും പുനർ നിർമ്മാണ ( പ വർത്തനങ്ങൾ ഓരോഘട്ടത്തിലും വിലയിരുത്തി ആവശ്യമായനിർദ്ദേശങ്ങൾ ന ൽകുകയും വേണം.

(c) ബഹുമാനപ്പെട്ട അച്ചന്മാർക്കും പ്രാദേശിക സൊസൈറ്റി ഭാരവാഹികൾക്കും ഇത്തരത്തിലുള്ള ഉത്തരവാദിത്വം ഉണ്ടാകണമെങ്കിൽ ഫണ്ട് വിനിയോഗവും നിർവ്വഹണപ്രവർത്തനങ്ങളും അവരുടെ അറിവോടെയും നിർദ്ദേശമനുസരിച്ചുമാവണം.

(d) അതിനായി ഗുണഭോക്താക്കളുടെ പേരിൽ നൽകുന്ന ചെക്ക് ബഹുമാന പ്പെട്ട വികാരിയച്ചനേയും പ്രാദേശിക ഭാരവാഹികളെയും ഏൽപ്പിക്കുകയും അവരുടെ ഉത്തരവാദിത്വത്തിൽ encash ചെയ്ത് തുക ഗുണഭോക്താവിന്റെ യൂണിറ്റ് ക്രെഡിറ്റ് യൂണിയൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനനുസരിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്റെയും യൂണിറ്റ് ഭാരവാഹികളുടെയും അറിവോടുകൂടി പണം പിൻവലിക്കാനനുവദിക്കുകയും വേണം.

(e) ഗുണഭോക്താവിന്റെ പേരിൽ എഴുതുന്ന ചെക്കുകൾ ചാസിന്റെ ഓഫീസ് സംവിധാനത്തിലൂടെ വിതരണം ചെയ്താൽ മാത്രമേ പദ്ധതി നിർവ്വഹണത്തിന്റെ വിലയിരുത്തലും മേൽനോട്ടവും ഫലപ്രദമായി നടപ്പാക്കാനാവൂ.

(f) ഒരോ ഇടവകയിലേയും ഗുണഭോക്താക്കൾക്കുള്ള ചെക്ക് നൽകു മ്പോൾ പദ്ധതിയുടെ വിവരണവും അനുവദിക്കുന്ന തുകയെ സംബന്ധിച്ച വിവരങ്ങളുമടങ്ങിയ Sanction Letter വികാരിയച്ചന് ചാസ് നല്കുക യും സമയ പരിധിക്കുള്ളിൽ പണി പൂർത്തിയാക്കി ചാസ് കേന്ദ്രഓഫീസിൽ റിപ്പേർട്ടുനൽകാൻ നിർദ്ദേശിക്കുകയും ചെയ്യുന്നതാണ്.

# റവ. ഫാ. തോമസ് നെല്ലിക്കുന്നത്ത്

## സൗമ്യനും സുഹൃത്തുമായ നെല്ലിക്കുന്നത്തച്ചൻ



തോമസ് നെല്ലിക്കുന്നത്തച്ചൻ നല്ല സൗഹൃദങ്ങളുടെ ഒരു വൈദികനായിരുന്നു. സൗഹൃദങ്ങൾ സൂക്ഷിക്കുന്നതിൽ പ്രത്യേക താത്പര്യം പ്രകടിപ്പിച്ചിരുന്ന ബ. അച്ചൻ വൈദികരോടും അൽമായരോടും എങ്ങനെ ഹൃദ്യമായ ബന്ധം പുലർത്താം എന്നതിന് ഉത്തമ മാതൃകയായിരുന്നു. ഓരോരുത്തരുടെയും താത്പര്യങ്ങൾ മനസിലാക്കി അവരെ ഉൾക്കൊള്ളുകയും തന്റെ ആവശ്യങ്ങൾ അവരുമായി ലളിതമായി പങ്കുവയ്ക്കുകയും ചെയ്തിരുന്നു ബ. തോമസച്ചൻ. അച്ചന്റെ വേർപാടിൽ ഒരു നല്ല സുഹൃത്തായ വൈദികന്റെ നഷ്ടമാണ് എല്ലാവർക്കും പങ്കുവയ്ക്കാനുണ്ടായിരുന്നത്.

1938 സെപ്റ്റംബർ 03-ാം തീയതി എടത്വാ പാണ്ടങ്കരിയിൽ നെല്ലിക്കുന്നത്ത് ജോസഫ് - ത്രേസ്യാ ദമ്പതികളുടെ മകനായി ഭൂജാതനായ ബ. തോമസച്ചൻ പാണ്ടങ്കരി എൽ. പി. സ്കൂളിലും എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പാറേൽ മൈനർ സെമിനാരിയിലും തൃശിനാപ്പള്ളി സെന്റ് പോൾസ് മേജർ സെമിനാരിയിലുമായി വൈദികപരിശീലനം നേടിയ ബ. അച്ചൻ 1966 ഡിസംബർ 8 ന് പരിശുദ്ധ അമ്മയുടെ അമലോത്ഭവതിരുനാളിൽ കർത്താവിന്റെ പുരോഹിതനായി അഭിഷിക്തനായി.

തെക്കേക്കര സെന്റ് ജോൺസ് ദൈവാലയത്തിൽ വൈദികശുശ്രൂഷ ആരംഭിച്ച അച്ചൻ ഏതാനും വർഷങ്ങൾ കന്യാകുമാരി മിഷനിലും (തക്കല രൂപത), കാഞ്ഞിരപ്പള്ളി രൂപതയിലെ ഏതാനും ഇടവകകളിലും സേവനം ചെയ്തു. ബ. അച്ചന്റെ അജപാലനശുശ്രൂഷയുടെ സിംഹഭാഗവും കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലുമായിരുന്നു.

മുട്ടാർ സെന്റ് ജോർജ്, ആര്യാട്, കരുമാടി, പുല്ലങ്ങടി, മങ്കൊമ്പ് നസ്രത്ത്, പടഹാരം, തോട്ടുവാത്തല, രാമങ്കരി, കായൽപ്പുറം സെന്റ് ആന്റണി, വെളിയനാട് സൗത്ത്, മണലാടി, കുമരകം നവനസ്രത്ത്, കിഴക്കേമിത്രക്കരി എന്നീ കുട്ടനാടൻ ഇടവകകൾക്കുപുറമേ കുടമാളൂർ, പാലോട്, മനയ്ക്കച്ചിറ എന്നീ ഇടവകകളിലും ബ. അച്ചൻ ശുശ്രൂഷ ചെയ്തു, തുടർന്ന് 2013 മെയ് 28ന് ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിലേയ്ക്ക് ബ. അച്ചൻ വിശ്രമജീവിതത്തിനായി കടന്നുവന്നു.

വിശ്വാസികളുടെ മനസ്സിൽ അച്ചനെക്കുറിച്ചുള്ള അഭിപ്രായം ഇപ്രകാരമായിരുന്നു. സേവനവീഥികളിലൊക്കെ ശാന്തതയുടെ പര്യായം; ശാന്തശീലനും വിനീതഹൃദയനുമായ ഈശോയെ അടുത്തനുകരിച്ച ഒരു നല്ല ഇടയൻ; എത്ര വലിയ പ്രശ്നങ്ങളേയും സമചിത്തതയോടെ പുഞ്ചിരിയോടെ സ്വീകരിച്ച സ്നേഹനിധിയായ വൈദികൻ; പരാതികളില്ലാത്ത ഒരു ജീവിതശൈലി സ്വന്തമാക്കിയ പുരോഹിതൻ; ഏൽപ്പിക്കപ്പെടുന്ന ശുശ്രൂഷകളെല്ലാം ആത്മാർത്ഥതയോടെ നിർവ്വഹിക്കുവാൻ അക്ഷീണപ്രയത്നം നടത്തിയ പുരോഹിതൻ; എല്ലാറ്റിലുമുപരി എല്ലാവരേയും സ്വന്തമെന്നപോലെ കരുതി സ്നേഹിച്ച നല്ല ഇടവക വികാരി.

2018 ഡിസംബർ 3-ാം തീയതി നിത്യകിരീടത്തിനായി ബ. നെല്ലിക്കുന്നത്തച്ചൻ വിളിക്കപ്പെട്ടു. ഡിസംബർ 4-ാം തീയതി മാതൃഇടവകയായ കോയിൽമുക്ക് - എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെയും കാർമ്മികത്വത്തിൽ മൃതസംസ്കാരശുശ്രൂഷകൾ നടത്തപ്പെട്ടു. ദൈവജനത്തെ വിശ്വാസപാതയിൽ സൗമ്യമായി നയിച്ച ബ. തോമസച്ചൻ ശാന്തതയുടെയും എളിമയുടെയും മാതൃകയായി അനേകരുടെ ഹൃദയങ്ങളിൽ ഒളിമങ്ങാതെ നിലനിൽക്കും.

**ഫാ. വർഗീസ് താനമാവുങ്കൽ**

# റവ. ഫാ. ജി.റ്റി. ഊന്നുകല്ലിൽ



## ദൈവസ്നേഹത്തിന്റെ ഗായകൻ ഊന്നുകല്ലിലച്ചൻ

ആരാധനക്രമത്തിന്റെ കേന്ദ്രമായ പരിശുദ്ധ കുർബാന ജീവിതകേന്ദ്രമായി സ്വീകരിച്ച ഊന്നുകല്ലിൽ ജോർജ്ജച്ചൻ ഓർമ്മിക്കപ്പെടുക അദ്ദേഹത്തിന്റെ ആരാധനാ കേന്ദ്രീകൃതമായ ജീവിതശൈലികൊണ്ടും അദ്ദേഹം വിശ്വാസ സമൂഹത്തിനു പകർന്നു നൽകിയ ജീവസുറ്റ ഗാനങ്ങളിലൂടെയുമായിരിക്കും. പരിശുദ്ധ കുർബാനയിലെ 'അന്നാ പെസഹാ തിരുനാളിൽ' കർത്താവിൽ ദൃഢമായി ശരണപ്പെട്ടു' തുടങ്ങിയവയുൾപ്പെടെ മൂവായിരത്തിലധികം സുന്ദരഗീതങ്ങൾ വഴി അനേക ഹൃദയങ്ങളെ ഈശോയ്ക്കുവേണ്ടി നേടുവാൻ ബഹു. അച്ചനു സാധിച്ചു. ധ്യാനാത്മകമായ സുന്ദര വരികളിലൂടെ ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേയ്ക്ക് അനേകരെ നയിച്ച അദ്ദേഹത്തിന്റെ തൂലിക മലയാളഭാഷയ്ക്കു നൽകിയ സംഭാവനയും വിസ്മരിക്കാനാവില്ല.

തടിയൂരിലെ പ്രശസ്തമായ ഊന്നുകല്ലിൽ കുടുംബത്തിൽ തോമസ് – മറിയാമ്മ ദമ്പതികളുടെ മകനായിട്ടായിരുന്നു ബ. ജോർജച്ചന്റെ ജനനം. 1937 ഏപ്രിൽമാസം 25–ാം തീയതി ഭൂജാതനായ ബ. ജോർജ്ജച്ചൻ 1963 മാർച്ച് 27ന് അഭിവന്ദ്യ കാവുകാട്ട് പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു. നീണ്ട 50 വർഷത്തെ പൗരോഹിത്യ ജീവിതത്തിൽ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്ത ബ. ജോർജ്ജച്ചൻ തന്റെ സ്വന്തം ഇടവകയിലും ദീർഘനാൾ വികാരിയായി സേവനം ചെയ്തു. അച്ചന്റെ ഇടവക ദൈവാലയവും പരിസരവും ഇന്നത്തെ രീതിയിലാക്കുന്നതിനായി അദ്ദേഹം ചെയ്ത പരിശ്രമം ഒരിക്കലും വിസ്മരിക്കാനാവില്ല.

കാഞ്ഞിരപ്പള്ളിയിൽ ഔദ്യോഗികമായി പുരോഹിത ശുശ്രൂഷ ആരംഭിച്ച ബ. ജി. റ്റി. ഊന്നുകല്ലിൽ അച്ചൻ കരുണാപുരം, കണ്ണമ്പള്ളി, പൂന്തോപ്പ്, കോട്ടയം ഫൊറോന, തോട്ടയ്ക്കാട്, മുഹമ്മ, പുളിക്കൽകവല, ചാഞ്ഞോടി എടത്വാ ഫൊറോന, തുരുത്തി, എഴുമറ്റൂർ, തടിയൂർ, അതിരമ്പുഴ ഫൊറോന, കടയനിക്കാട് തുടങ്ങിയ ഇടവകകളിലും ശുശ്രൂഷ ചെയ്തു. വിശ്വാസവും ആരാധനയും സംബന്ധിച്ച നിലപാടുകളിൽ കണിശക്കാരനും വ്യക്തിബന്ധങ്ങളിൽ സൗഹൃദവും സ്നേഹവും നിറഞ്ഞ വ്യക്തിത്വമായിട്ടാണ് ബ. ഊന്നുകല്ലിലച്ചൻ അറിയപ്പെടുക. നർമ്മബോധത്തോടെ സുന്ദരമായ മലയാളഭാഷയിൽ എത്ര ഗഹനമായ കാര്യങ്ങളും എല്ലാവർക്കും മനസ്സിലാകത്തക്കരീതിയിൽ പങ്കുവയ്ക്കുവാൻ അച്ചനു സാധിച്ചിരുന്നു. സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും വിദഗ്ദനായിരുന്നു അച്ചൻ. പ്രീസ്റ്റ്ഹോമിൽ വിശ്രമജീവിതം നയിക്കുമ്പോഴും തന്റെ മരണത്തിന് ഏതാനും മാസങ്ങൾ മുമ്പുവരെയും അദ്ദേഹം സംഗീതോപകരണങ്ങൾ മാറ്റിവെച്ചിട്ടില്ല.

സീറോ മലബാർ സഭയുടെ ആരാധനക്രമത്തോടുള്ള താത്പര്യവും അധികാരികളോടുള്ള വിധേയത്വവും പരസ്യമായി പ്രകടിപ്പിക്കുന്നതിൽ ഒരിക്കലും ബ. ജോർജ്ജച്ചൻ വിമുഖത കാണിച്ചിട്ടില്ല. സീറോ മലബാർ സഭയോടുള്ള സ്നേഹവും നസ്രാണി പാരമ്പര്യങ്ങൾ അനുവർത്തിക്കുന്നതിലൂള്ള താത്പര്യവും ഉത്തമസഭാസ്നേഹി എന്ന പേരിന് അദ്ദേഹത്തിനെ അർഹനാക്കി. ഇത്തരം നിലപാടുകളുടെ പേരിൽ മറ്റുള്ളവർ പരിഹസിച്ചപ്പോഴും ആക്രമിച്ചപ്പോഴും സഭയോടുള്ള സ്നേഹത്തെപ്രതി അദ്ദേഹം നിശബ്ദനായിരുന്നു. എന്നാൽ ഇതൊന്നും അദ്ദേഹത്തിന്റെ നിലപാടുകളെ അണുവിട മാറ്റുവാൻ ശക്തമായിരുന്നില്ല. രോഗിയായിത്തീർന്ന അദ്ദേഹം ഡിസംബർ മാസം 12ന് ദൈവസന്നിധിയിലേക്ക് യാത്രയായി. 2018 ഡിസംബർ 17ന് മാതൃ ഇടവകയായ തടിയൂർ സെന്റ് ആന്റണീസ് ദൈവാലയത്തിൽ അദ്ദേഹത്തിന്റെ ഭൗതികശരീരം സംസ്കരിച്ചു. അഭിവന്ദ്യ തറയിൽ തോമസ് പിതാവ് ഭവനത്തിൽ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് ദൈവാലയത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം പരിശുദ്ധ കുർബാനയ്ക്കും ശുശ്രൂഷകൾക്കും കാർമ്മികത്വം വഹിച്ചു. സമാപനശുശ്രൂഷകൾക്ക് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി കാർമ്മികത്വം വഹിച്ചു. ഊന്നുകല്ലിലച്ചന്റെ പ്രതിബദ്ധത അഭിവന്ദ്യപിതാക്കന്മാരുടെ സന്ദേശങ്ങളിലെ പ്രധാന പ്രമേയമായിരുന്നു.

**ഫാ. ഐസക്ക് ആലഞ്ചേരി**

# പ്രവാസി അപ്പോസ്തലേറ്റ്

സ്നേഹമുള്ള പ്രവാസി സഹോദരങ്ങളെ,

പുതുവർഷത്തെ വരവേൽക്കുന്ന എല്ലാ പ്രവാസികൾക്കും നന്മകൾ ആശംസിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലം പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കുന്നു.

പ്രവാസി അപ്പോസ്തലേറ്റ് അതിന്റെ 4-ാം വർഷത്തിലൂടെ കടന്നു പോകുമ്പോൾ ചങ്ങനാശേരി അതിരൂപതയാകുന്ന വലിയ കുടുംബത്തോട് ചേർന്നുനിൽക്കുവാനും ആത്മീയമായി വളരുവാനും പ്രവാസി അപ്പോസ്തലേറ്റു വഴി പ്രവാസികൾക്കു സാധിച്ചു എന്നുള്ളത് ഏറെ ചാരിതാർത്ഥ്യം നൽകുന്നു. പ്രത്യേകിച്ച് കുട്ടനാടൻ മേഖലയിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായ പ്രവർത്തനങ്ങളിൽ ചങ്ങനാശേരി അതിരൂപതയോട് ഒപ്പം സഹകരിക്കുവാൻ പ്രവാസികൾ തയ്യാറായത് നന്ദിയോടെ സ്മരിക്കട്ടെ. സ്നേഹത്തോടെയുള്ള പ്രവാസികളുടെ ഇത്തരം പ്രവർത്തനങ്ങൾ നമ്മുടെ കൂട്ടായ്മ വളർത്താനും ദുരിതമനുഭവിച്ച സമൂഹത്തിന്റെ ഭാരം ലഘൂകരിക്കാനും സാധിച്ചു. നമ്മുടെ കർത്താവിന്റെ അമ്മയും ഈ അപ്പസ്തോലേറ്റിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയുമായ പരി. കന്യകാമറിയം ഇത്തരുണത്തിൽ നമുക്ക് വലിയ മാതൃകയാണ്. കർത്താവിന്റെ ദാസിയായ പരിശുദ്ധ കന്യാമറിയം ഏലീശ്വാ പുണ്യവതിയുടെ ദാസിയായി മാറിയതും തീഷ്ണതയോടെ ശുശ്രൂഷിച്ചതും നമുക്ക് എന്നും വലിയ പ്രചോദനമാകട്ടെ.

❖ പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ കോട്ടയം ഫൊറോനയിലെ പ്രതിനിധികളുടേയും, പ്രവാസി അംഗങ്ങളുടേയും സമ്മേളനം ഡിസംബർ മാസം 23-ാം തീയതി രാവിലെ 11 മണിക്ക് ചേപ്പുംപാറ മാർത്തമറിയം ദൈവാലയത്തിൽ വെച്ചു നടത്തി. പ്രസ്തുത സമ്മേളനത്തിൽ നോർക്കാ റൂട്ട്സ് റിക്രൂട്ട്മെന്റ് അസിസ്റ്റന്റ് മാനേജർ ശ്രീ. മോഹനൻ വി. നായർ, വിദേശജോലി സാധ്യതകളെകുറിച്ചും തിരികെയെത്തിയ പ്രവാസികളുടെ ക്ഷേമപദ്ധതികളെക്കുറിച്ചുമുള്ള വിവരങ്ങൾ പങ്കുവെച്ചു.

❖ ചങ്ങനാശേരി അതിരൂപതയിലെ കുട്ടനാട് പുനഃരധിവാസ പ്രർത്തനങ്ങളുടെ ഭാഗമായി പ്രവാസി അപ്പോസ്തലേറ്റ്; മങ്കൊമ്പ്, പൊങ്ങ, നിരണം ഇടവകകൾ കൂടാതെ കൈനകരി കുട്ടമംഗലം, നെടുമുടി നസ്രത്ത് തുടങ്ങിയ സ്ഥലങ്ങളിലും കുടിവെള്ള പദ്ധതി നടപ്പിലാക്കി.

❖ ചങ്ങനാശേരി അതിരൂപതാ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പ്രവാസി അപ്പസ്തോലേറ്റ് മിഷനറി വൈദികരുടെ ഡയറക്ടറി തയ്യാറാക്കി വരുന്നു.

❖ ഇടവകകളിൽ പ്രവാസികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രവാസി രജിസ്റ്റർ ബുക്കുകൾ തയ്യാറായി. അവയുടെ വിതരണം ആരംഭിച്ചു. ഓരോ ഇടവകയിലുമുള്ള പ്രവാസി കുടുംബങ്ങളുടെ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

❖ ആവേ മരിയ ഹോളിഡെയ്സിന്റെ ആഭിമുഖ്യത്തിൽ 2019 ഏപ്രിൽ മാസം 23-ാം തീയതി 10 ദിവസം ദൈർഘ്യമുള്ള യാത്രയോടെ വിശുദ്ധനാട് സന്ദർശനം ആരംഭിക്കുന്നു. ഏപ്രിൽ 25-ാം തീയതി 10 ദിവസത്തെ രണ്ടാമത്തെ യാത്രയും, ഏപ്രിൽ 30-ാം തീയതി മൂന്നാമത്തെ യാത്രയും നടത്തുന്നതാണ്. പരിചയസമ്പന്നരായ നമ്മുടെ അതിരൂപതയിലെ ബഹു. അച്ചന്മാരുടെ നേതൃത്വത്തിലാണ് വിശുദ്ധ നാട് യാത്രകൾ ക്രമീകരിച്ചിരിക്കുന്നത്. വിശുദ്ധനാട് കൂടാതെ 2019 ഏപ്രിൽ മാസം 30-ാം തീയതി യൂറോപ്പു തീർത്ഥാടനവും, കേരളത്തിലും, കേരളത്തിനു വെളിയിലുമായി വിവിധ ടൂർ പാക്കേജുകളും ആവേ മരിയ സംഘടിപ്പിക്കുന്നു.

2019 ഏവർക്കും അനുഗ്രഹപ്രദമായിരിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി

സ്നേഹപൂർവ്വം,

**ഫാ. സണ്ണി പുത്തൻപുരയ്ക്കൽ**
(ഡയറക്ടർ)

**ക്രൈസ്തവ നവോത്ഥാന മുന്നേറ്റങ്ങളെ അവഗണിച്ചതിൽ പ്രതിഷേധിച്ചു.**

കേരളത്തിന്റെ നവോത്ഥാനത്തിന് ക്രൈസ്തവസഭ നൽകിയ സംഭാവനകളെയും നേതൃത്വത്തെയും ചിലർ ബോധപൂർവ്വം അവഗണിക്കുന്നത് അത്യന്തം അപലപനീയവും പ്രതിഷേധാർഹവുമാണെന്ന് ചങ്ങനാശേരി അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതി പ്രതികരിച്ചു.

അസമത്വവും ജാതീയതയും നിലനിന്നിരുന്ന ഈ നാടിന്റെ ഉയർത്തെഴുന്നേൽപ്പിന് സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം, നീതി തുടങ്ങിയ ബൈബിൾ അധിഷ്ടിത കാഴ്ചപ്പാടുകളും, സഭയുടെ വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളും ഏറെ ഊർജ്ജം പകർന്നിട്ടുണ്ടെന്നും, കേരള നിർമ്മിതിക്ക് ക്രൈസ്തവ സഭകൾ നൽകിയ ഈടുറ്റ സംഭവനകൾ മന:പൂർവ്വം തമസ്കരിച്ച് താൽക്കാലിക നേട്ടങ്ങൾക്കു വേണ്ടി അവയെ തള്ളിപ്പറഞ്ഞ് നാട്ടിൽ വിഭാഗീകതയും വർഗ്ഗീകതയും സൃഷ്ടിക്കുന്ന പ്രവണതകൾ അഭിലഷണീയമല്ലെന്നും ആധുനിക കേരളസമൂഹ നിർമ്മിതിക്ക് വിവിധ മതങ്ങളും സമുദായങ്ങളും വലിയ സംഭാവനകൾ നൽകിയിട്ടുണ്ടെന്നും അതിന്റെ പിതൃത്വം ഏതെങ്കിലും സമുദായമോ സംഘടനയോ മാത്രം അവകാശപ്പെടുന്നത് അംഗീകരിക്കാൻ ആവില്ലെന്നും പ്രളയകാലത്ത് ഒന്നിച്ചുനിന്ന മനസ്സുകളിൽ വർഗ്ഗീയ വിഷം കുത്തിവച്ച് കേരളസമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കരുതെന്നും സമിതി അഭിപ്രായപ്പെട്ടു.

**റവ. ഡോ. ജോബി കറുകപറമ്പിലിന് സ്വീകരണം നൽകി.**

സി.ബി.സി.ഐ. യുടെ എക്യുമെനിസം ആന്റ് ഡയലോഗ് കമ്മിറ്റിയുടെ സെക്രട്ടറിയായി നിയമിതനായ റവ. ഡോ. ജോബി കറുകപറമ്പിലിന് അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതി സ്വീകരണം നൽകി. അതിരൂപതാ കേന്ദ്രത്തിൽ വികാരി ജനറാൾ റവ. ഡോ. തോമസ് പാടിയത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഡോ. ജോബി കറുകപറമ്പിലിന് അഭിനന്ദനങ്ങളും ആശംസകളും നേർന്നു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

## അതിരൂപതാതല ഉദ്യോഗസ്ഥ സംഗമം

ചങ്ങനാശേരി അതിരൂപതാംഗങ്ങളായ സർക്കാർ ഉദ്യോഗസ്ഥരെ കാണുന്നതിനും അവരോട് സംവദിക്കുന്നതിനും അഭി. പിതാക്കന്മാർ ആഗ്രഹിക്കുന്നു. അതിരൂപതാംഗങ്ങളായ സർക്കാർ ഉദ്യോഗസ്ഥരുടെ (അധ്യാപകരും ബാങ്കിംഗ് മേഖലയിലുള്ളവരും ഒഴികെ) സംഗമം 2019 മാർച്ച് 4 ന് രാവിലെ 10 മുതൽ 1 വരെ ചങ്ങനാശേരിയിൽ ക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഈശോയിൽ സ്നേഹമുള്ളവരെ,

ലോകരക്ഷകനായ ഈശോയുടെ തിരുപ്പിറവിയുടെ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ ആശംസിക്കുന്നു. പാപത്തിന്റെ ബന്ധനത്തിൽ നിന്നും ലോകത്തെ രക്ഷിക്കുവാനായി ചരിത്രത്തിലേയ്ക്ക് കടന്നുവന്ന ഈശോയുടെ ജനനം നമ്മൾ ആഘോഷിക്കുമ്പോൾ, തിരുപിറവിയിലൂടെ ദൈവം ലോകത്തിന് പ്രദാനം ചെയ്ത സന്തോഷവും, സമാധാനവും നമുക്കനുഭവിക്കാനും അതു മറ്റുള്ളവർക്കായ് പകർന്നു കൊടുക്കുവാനും നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. ദൈവാനുഗ്രഹപ്രദമായ ഒരു പുതുവർഷം ആശംസിക്കുന്നതോടൊപ്പം പുതിയ വർഷത്തിൽ കൂടുതൽ തീക്ഷ്ണതയോടെ, സഹകരണത്തോടെ നമുക്ക് വിശ്വാസപരിശീലനവേദിയിൽ മുന്നേറാം.

ഡിസംബർ 26, 27, 28 തീയതികളിൽ നടന്ന **'ദനഹ–2018'** മനോഹരമാക്കാൻ സഹായിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. ജനുവരി 11,12,13 തീയതികളിൽ നടത്തപ്പെടുന്ന ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമും ജനുവരി 26ന് നടക്കുന്ന മതാധ്യപക നേതൃസംഗമവും നിങ്ങളുടെ ഓർമ്മയിൽ ഉണ്ടായിരിക്കട്ടെ. എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

## അറിയിപ്പുകൾ

**2019 ജനുവരി**

| | | |
|---|---|---|
| 1 ചൊവ്വ | : | ഈശോയുടെ നാമകരണതിരുനാൾ |
| 2 ബുധൻ | : | **CLT** ക്ലാസ്സ് |
| 5 ശനി | : | **CLT** ക്ലാസ്സ്, ആഘോഷമായ റംശ |
| 11, 12, 13 | : | **തൽമീദാ 2018** |
| 19 ശനി | : | **CLT** ക്ലാസ്സ്, വിശ്വാസപരിശീലകരുടെ ഫൊറോന ഏകദിന സെമിനാർ - ആലപ്പുഴ |
| 26 ശനി | : | **മതാധ്യാപക നേതൃസംഗമം** |

**2019 ഫെബ്രുവരി**

| | | |
|---|---|---|
| 2 ശനി | : | **CLT** ക്ലാസ്സ് |
| 3 ഞായർ | : | സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ |
| 9 ശനി | : | **CLT** ക്ലാസ്സ്, **MCC** ക്ലാസ്സ് |
| 10 ഞായർ | : | ഇടവക തലത്തിലെ വിശ്വാസോത്സവ കൺവീനേഴ്സിന്റെ സമ്മേളനം |

### പ്രത്യേകശ്രദ്ധയ്ക്ക്

2018–19 ലെ രണ്ടാം ടേം പരീക്ഷ ഫെബ്രുവരി 3 ഞായറാഴ്ച നടത്തപ്പെടുന്നതാണ്. 1 മുതൽ 7 വരെ ക്ലാസ്സുകൾക്ക് 11 മുതൽ 1 മണിവരെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് 2.00 മുതൽ 4.00 മണിവരെയും പരീക്ഷകൾ നടത്തപ്പെടുന്നതാണ്. ഈ പരീക്ഷ 50 മാർക്കിലായിരിക്കും. രണ്ടാം ടേമിലെ പരീക്ഷകളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 22, 23 കാണുക.

കുട്ടികളുടെ വിഹിതവും മതബോധനഫണ്ടും നല്കാനുള്ളവർ എത്രയുംവേഗം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

**തൽമീദാ 2019 : ജനുവരി 11th 5 p.m. to 13th 4 p.m. @ Sandesanilayam**

ഇടവകതലത്തിൽ അർദ്ധദിന, ഏകദിന സെമിനാറുകൾ, ക്യാമ്പുകൾ, ധ്യാനങ്ങൾ എന്നിവ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ ഒരു റിസോഴ്സ് ടീമിനെ വളർത്തുവാനുള്ള പരിശ്രമമമാണ് തൽമീദാ 2019. **Camp planning and designing, conducting group activities, Songs and Action song, Magic, Public Speaking** തുടങ്ങി ഒരു ക്യാമ്പു നടത്തുവാനുള്ള എല്ലാ പരിശീലനങ്ങളും അടങ്ങിയ ഒരു പരിശീലകരുടെ പരിശീലനമാണിത്. **BCT** കൂടിയതും ക്യാമ്പുകളും മറ്റും നടത്തുവാനുള്ള ആഗ്രഹവും കഴിവും പ്രതിബദ്ധതയുമുള്ള വിശ്വാസപരിശീലകരെയാണ് പ്രതീക്ഷിക്കുക. ആകെ 50 സീറ്റുകളാണ് ഉള്ളത്. **രജിസ്ട്രേഷൻ ഫീസ്** Rs. **1500/-**

## അതിരൂപതാ മതാദ്ധ്യാപക നേതൃസംഗമം

അതിരൂപതാ മതാദ്ധ്യാപക നേതൃസംഗമം 2019 ജനുവരി 26 ശനിയാഴ്ച രാവിലെ 9:30 മുതൽ ഉച്ചയ്ക്ക് 1:30 വരെ സന്ദേശനിലയം മാർ ജെയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടും. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാർ, **CRT** അംഗങ്ങൾ, സ്റ്റാഫ് സെക്രട്ടറിമാർ, ഓഫീസ് സെക്രട്ടറിമാർ, ഫൊറോന ഓർഗനൈസർമാർ, ഫൊറോന സെക്രട്ടറിമാർ എന്നിവർ പങ്കെടുക്കേണ്ടതാണ്. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതാണ്. മതാധ്യാപനരംഗത്ത് 25,50 വർഷം പൂർത്തിയാക്കിയവരെ സമ്മേളനത്തിൽ ആദരിക്കും. രജി. ഫീസ് 100 രൂപ.

## സഭാചരിത്രപഠന ക്വിസ്

നമ്മുടെ അതിരൂപതയിലെ വിശ്വാസപരിശീലകർക്കായി പഞ്ചവത്സര അജപാലന പദ്ധതിയോടനുബന്ധിച്ച് ഏർപ്പെടുത്തിയ സഭാചരിത്രപഠന ക്വിസ് ഇടവകതലത്തിൽ **മാർച്ച് 17-ാം** തീയതിയും അതിരൂപതാതലത്തിൽ **ഏപ്രിൽ 28-ാം** തീയതിയുമായിരിക്കും. **"ഭാരതകത്തോലിക്കാസഭ ഇന്നലെയും ഇന്നും"** (പോൾ പള്ളത്ത്) എന്ന പുസ്തകത്തിലെ ഒന്നും രണ്ടും അദ്ധ്യായങ്ങൾ ആസ്പദമാക്കിയാണ് ചോദ്യങ്ങൾ ക്രമീകരിക്കുന്നത്. ആകെ 100 മാർക്കിന് 30 ചോദ്യങ്ങൾ ആണ് ഉണ്ടാകുക.

## വിശ്വാസോത്സവം 2019

ഈ വർഷത്തെ വിശ്വാസോത്സവത്തിന്റെ വിഷയം ദൈവവചനമാണ്. ഏപ്രിൽ 1 മുതൽ 10 വരെയുള്ള തീയതികളിലായി വിശ്വാസോത്സവം ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്കായുള്ള വിശ്വാസോത്സവത്തിന്റെ പരിശീലനം ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടക്കും. തീയതികൾ പിന്നീട് അറിയിക്കുന്നതാണ്. **2019 ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച രാവിലെ 10:00 മുതൽ ഉച്ചയ്ക്ക് 1:00** വരെ ഇടവകകളിലെ വിശ്വാസോത്സവ കോഡിനേറ്റേഴ്സിന്റെ മീറ്റിംഗ് സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. ഈ വരുന്ന വിശ്വാസോത്സവത്തെക്കുറിച്ച് കൂടുതൽ അറിയുവാൻ.... വിശ്വാസോത്സവം കൃത്യമായും വ്യക്തമായും ആസൂത്രണം ചെയ്യുവാൻ.... വിശ്വാസോത്സവം ഫലപ്രദമായി നടത്തുവാൻ.... ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന ഈ മീറ്റിംഗിൽ ഇടവകയിലെ വിശ്വാസോത്സവത്തിന്റെ മുഖ്യ സംഘാടകരെ പറഞ്ഞു വിടണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**അഭിനന്ദനങ്ങൾ**

12-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ട സീറോ മലബാർ പ്രതിഭാ സംഗമത്തിൽ ചങ്ങനാശേരി അതിരൂപതയിൽ നിന്നും പങ്കെടുത്ത അതിരൂപതാ പ്രതിഭകൾ.

ഗോഡ്‌വിൻ തോമസ് - സെന്റ് സെബാസ്റ്റ്യൻസ് നർബോനപുരം, ചെറിയാൻ ജോബ് - ഹോളി ഫാമിലി മാന്നില, സിനു വി. മാത്യു - സെന്റ് മേരീസ് കൂത്രപ്പള്ളി, മെറിൻ എൽസാ ചാക്കോ- ഫാത്തിമാ മാതാ ഫാത്തിമാപുരം, മേരി വർഗ്ഗീസ് - ഫാത്തിമാമാതാ നെടുമണ്ണി, കൃപാ രാജു - ലൂർദ്ദ് മാതാ പായിപ്പാട് എന്നിവർക്ക് അതിരൂപതാ മതബോധന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ആദരാഞ്ജലികൾ**

അമ്പൂരി ഫൊറോന ഓർഗനൈസറായിരുന്ന ഫാ. ജേക്കബ് കുഴിപ്പള്ളിയുടെ സഹോദരന്റെയും പുത്തനങ്ങാടി സെന്റ് ജോർജ്ജ് സൺഡേസ്കൂൾ വിദ്യാർത്ഥി ആന്റോ ഷിജു പുത്തൻപുരയ്ക്കലിന്റെയും ചങ്ങനാശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജിജി ഡൊമിനിക് മുളയ്ക്കലിന്റെ പിതാവിന്റെയും തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സോണിച്ചന്റെ മാതാവിന്റെയും മാടപ്പള്ളി ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. ലൈസാമ്മ വരമ്പത്തുചിറയുടെ പിതാവിന്റെയും കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ അദ്ധ്യാപിക സി. ജിഷ എസ്.ഡി.യുടെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**BIBLE STUDY FORUM FOR PRIESTS**

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at **the Spirituality Centre, Manganam, on 8th January 2019**. The course will begin **at 9:30 a.m. and come to a close at 4:00 p.m.**

*Fr Mathew Vellanickal*

ഈശോയിൽ സ്നേഹമുള്ളവരെ,

ഈശോയുടെ പിറവിതിരുനാളിന്റെ മംഗളങ്ങൾ ഏറെ സ്നേഹത്തോടെ ആശംസിക്കുന്നു. പുതിയ വർഷത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കുമ്പോൾ, കഴിഞ്ഞ നാളുകളിൽ ദൈവം നല്കിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും നമുക്ക് ദൈവത്തിന് നന്ദിപറയാം. പുതിയ തീരുമാനങ്ങളും, ബോധ്യങ്ങളുമായി നമുക്ക് ഈശോയുടെ പാതയിലൂടെ സഞ്ചരിക്കാം. ജനുവരി 2-ാം തീയതി നടത്തപ്പെടുന്ന ശാഖാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിംഗിൽ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. പുതിയ പ്രവർത്തനവർഷത്തിലേയ്ക്കുള്ള ഭാരവാഹികളേയും സ്വാഗതം ചെയ്യുന്നു. മിഷൻ എലൈവിനുവേണ്ടി കുട്ടികളെ തയ്യാറാക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ജോബിനച്ചൻ & അനീഷച്ചൻ**

## അറിയിപ്പുകൾ

### 2019 ജനുവരി

| | | |
|---|---|---|
| 01 ചൊവ്വ | : | പുതുവർഷാരംഭം, ഈശോയുടെ നാമകരണതിരുനാൾ, ദൈവ മാതൃത്വ തിരുനാൾ |
| 2 ബുധൻ | : | ശാഖാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിംഗ് |
| 03 വ്യാഴം | : | വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ. (സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കാം) |
| 06 ഞായർ | : | ദനഹാതിരുനാൾ, കടമുള്ള ദിവസം. സീറോ മലബാർ മിഷൻ ഞായർ |
| 12 ശനി | : | വി. സ്നാപകയോഹന്നാൻ |
| 19 ശനി | : | വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ, മിഷൻ എലൈവ് അതിരൂപതാതല മത്സരം |

### ഫെബ്രുവരി

| | | |
|---|---|---|
| 3 ഞായർ | : | സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ |
| 10 ഞായർ | : | തിരുബാലസഖ്യദിനം |

### പ്രത്യേകശ്രദ്ധയ്ക്ക്

- ♦ 2019-21 വർഷത്തിലേയ്ക്കുള്ള കുട്ടികളുടെ ഇലക്ഷൻ ക്യാമ്പ് ഏപ്രിൽ 11, 12, 13 തീയതികളിലായി സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. രജി. ഫീസ്. 600 രൂപ.
- ♦ ശാഖാ തല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ജനുവരിയിലും മേഖല തല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഫെബ്രുവരിയിലും നടത്തി ഫെബ്രുവരി 28നകം ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

- ♦ 5,6 ക്ലാസ്സുകളിലേയ്ക്കുള്ള **സഭ എന്റെ കുടുംബം** എന്ന പഠനഗ്രന്ഥം ഇനിയും വാങ്ങിയിട്ടില്ലാത്തവർ സി.എം.എൽ. ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.
- ♦ അൾത്താരബാലന്മാരുടെ ക്യാമ്പിൽ വച്ച് ഫോട്ടോ തന്നിരുന്നവരുടെ മെമന്റോ തയ്യാറായിട്ടുണ്ട്. ഓഫീസിൽനിന്നും വാങ്ങേണ്ടതാണ്.
- ♦ കൈയ്യെഴുത്തു മാസികയുടെ മത്സരം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾ മാർഗ്ഗരേഖ പേജ് 33 കാണുക.
- ♦ കാരുണ്യനിധി കൂപ്പണുകൾ തിരികെ ഏല്പിക്കാത്തവർ എത്രയും വേഗം ഏല്പിക്കണമെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

## ക്രിസ്കാർഡ്

ശാഖകളിൽ ക്രിസ്മസ് കാർഡ് മത്സരം നടത്തിയിട്ടുള്ളവർ ഒന്നും രണ്ടും സ്ഥാനം ലഭിച്ച കാർഡുകൾ ജനുവരി 20 നകം അതിരൂപതാ ഓഫീസിൽ ഏല്പിക്കുമല്ലോ.

## മിഷൻ എലൈവ്

സഭ എന്റെ കുടുംബം എന്ന പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ള ചർച്ചാ ക്ലാസ്സിൽ 7 പേരടങ്ങുന്ന ഒരു ടീമാണ് പങ്കെടുക്കേണ്ടത്. വിശദവിവരങ്ങൾക്കായി മാർഗ്ഗരേഖ പേജ് 31, 32 കാണുക. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഡിസംബർ 31 നു മുമ്പായി അറിയിക്കുക. രജി. ഫീസ് ടീം ഒന്നിന് 100 രൂപ. ഉച്ചഭക്ഷണം വേണ്ടവർ മുൻകൂട്ടി അറിയിക്കുക. ഉച്ചഭക്ഷണത്തിന് 60 രൂപ.

| | |
|---|---|
| **വിഷയം :** | ''മാർത്തോമ്മാക്രിസ്ത്യാനികൾ സംസ്കാരത്തിൽ ഭാരതീയരും വിശ്വാസത്തിൽ ക്രൈസ്തവരും ആരാധനക്രമത്തിൽ പൗരസ്ത്യരുമായിരുന്നു.'' |
| **സ്ഥലം :** | സന്ദേശനിലയം |
| **സമയം :** | ജനുവരി 19 രാവിലെ 9:30 |

## അൽഫോൻസാ കാരുണ്യനിധി കൂപ്പൺ നറുക്കെടുപ്പ്

ഡിസംബർ 9-ാം തീയതി ഞായറാഴ്ച 2:30 ന് അതിരൂപതാ ഓഫീസിൽ വച്ച് കൂപ്പൺ നറുക്കെടുപ്പ് നടത്തി. സമ്മാനാർഹരായവർക്ക് സമ്മാനങ്ങൾ നല്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | ലിന്റോ തോമസ് പുതുപ്പറമ്പിൽ, അസംപ്ഷൻ കുറുമ്പനാടം |
| രണ്ടാം സമ്മാനം | : | സുരേഷ് വി. ജി. വലിയവീട്ടിൽ, വെരൂർ |
| മൂന്നാം സമ്മാനം | : | എബിൻ ജോസഫ് അങ്ങാടിയിൽ, കരിക്കാട്ടൂർ |
| നാലാം സമ്മാനം | : | പി. ജെ. ജോൺ പടിഞ്ഞാറേമൂലയിൽ, നെടുംകുന്നം |
| അഞ്ചാം സമ്മാനം | : | അഞ്ജലി അനിൽ പുറക്കാട്ടിൽ, ഇടപാളയം |
| ആറാം സമ്മാനം | : | ദീനാമ്മ അലക്സാണ്ടർ സുനിൽ വില്ല, പൊങ്ങുംമൂട് |
| 101-ാം സമ്മാനം | : | സജിമോൻ ഈ. ജെ., അയർക്കുന്നം |

കുടുംബപ്രേഷിതരേ,

ഏവർക്കും പുതുവത്സരത്തിന്റെ ആശംസകൾ നേരുന്നു. പുതിയ വർഷത്തിൽ പുത്തനുണർവ്വോടെ കുടുംബപ്രേഷിത ശുശ്രൂഷയിൽ സജീവമാകാം.

കഴിഞ്ഞ വർഷത്തിലെ തെറ്റുകൾ തിരുത്തി മുമ്പോട്ടു പോകണം. മാതൃവേദി, പിതൃവേദി സംഘടനയുടെ അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികൾ തെരഞ്ഞെടുക്കപ്പെട്ടല്ലോ. യൂണിറ്റുകളും, ഫൊറോനകളും, അതിരൂപതയിലും പുതിയ സമിതി ജനുവരി മാസം നിലവിൽ വരും. അതിരൂപത മാർഗ്ഗരേഖയെ അടിസ്ഥാനപ്പെടുത്തി യൂണിറ്റു തലത്തിലും ഫൊറോനതലത്തിലും ഒരു വർഷത്തേക്കുള്ള പ്രോഗ്രാം ക്രമീകരിക്കുമല്ലോ. കഴിഞ്ഞ രണ്ടു വർഷം അതിരൂപത, ഫൊറോന, യൂണിറ്റ് തലങ്ങളിൽ നേതൃത്വം കൊടുത്ത ഭാരവാഹികൾക്ക് നന്ദി പറയുന്നു. തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

കാലഘട്ടത്തിന്റെ ആവശ്യമാണ് കുടുംബപ്രേഷിതത്വം. കുടുംബങ്ങളിൽ തകർച്ച ഉണ്ടായാൽ ജീവിതത്തിന്റെ ഒട്ടുമിക്ക കാര്യങ്ങൾക്ക് തകർച്ചയുണ്ടാകും. ഇന്നത്തെ കാലഘട്ടത്തിൽ കുടുംബങ്ങൾ തകരാതിരിക്കാൻ പ്രത്യേക ശ്രദ്ധ നാം കൊടുക്കേണ്ടിയിരിക്കുന്നു.

ഏവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ഫാ ജോൺസൺ ചാലയ്ക്കൽ**
*(അസി. ഡയറക്ടർ)*

**ഫാ. ജോസ് മുകളേൽ**
*(അതി. ഡയറക്ടർ)*

## അതിരൂപതാ വാർഷികം

2018 ഡിസംബർ 15-ാം തീയതി ശനിയാഴ്ച ചങ്ങനാശേരി കത്തീഡ്രൽ ഹാളിൽ അതിരൂപത വാർഷികം നടന്നു. 2100 - ഓളം മാതൃ-പിതൃ പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്യുകയും അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് അദ്ധ്യക്ഷ പ്രസംഗം നടത്തുകയും, ഫാമിലി അപ്പോസ്റ്റലേറ്റ് മുൻ ഡയറക്ടർ ബഹു. ഡോ. ജോസ് ആലഞ്ചേരിയുടെ സുവർണ്ണ ജൂബിലി ആഘോഷം നടത്തുകയും ചെയ്തു. മാതൃ ജ്യോതീസ്, പിതൃവേദി സംഘടനകളും, വിവാഹ ഒരുക്ക സെമിനാറും കുടുംബ ജ്യോതിസ് മാസികയും, വിവാഹ സഹായ നിധിയും, ലഹരി ചികിത്സാ കേന്ദ്രവും, വനിതകൾക്കുവേണ്ടിയുള്ള കുടുംബ പരിശീലനവും, തുരുത്തി കാനാ സെന്റ് ജോൺ പോൾ സെക്കന്റ് ഇൻസ്റ്റിറ്റ്യൂട്ടും സെന്റ് ജൂഡ്സ് ഹോസ്പിറ്റൽ, യൂദാപുരം പള്ളിയും അദ്ദേഹത്തിന്റെ മനോമുകുരത്തിൽ രൂപകല്പന ചെയ്യപ്പെട്ടതാണ്.

## അതിരൂപത സമിതി തെരഞ്ഞെടുപ്പ്

മാതൃവേദി, പിതൃവേദി 2019-20 വർഷത്തേക്കുള്ള അതിരൂപത സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് ഡിസംബർ 16-ാം തീയതി ഞായറാഴ്ച നടന്നു. വി. കുർബാനയ്ക്കും, ക്ലാസ്സിനും, പ്രാർത്ഥനയ്ക്കും ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ലാലി ഇളപ്പുങ്കൽ (പ്രസിഡന്റ്), ചെറിയാൻ നെല്ലുവേലി (സെക്രട്ടറി)

റോയി പി. (ട്രഷറർ), ഒ.വി. ജോസഫ് (വൈ. പ്രസിഡന്റ്), വർഗീസ് ജോസഫ് (ജോ. സെക്രട്ടറി) എന്നിവർ പിതൃവേദിയുടെയും ആൻസി മാത്യു (പ്രസിഡന്റ്), മായ ജോയി (സെക്രട്ടറി), സോണിയ ജോർജ്ജ് (ട്രഷറർ), മിനി കുര്യാക്കോസ് (വൈ. പ്രസിഡന്റ്), മിനി തോമസ് (ജോ. സെക്രട്ടറി) എന്നിവർ മാതൃവേദിയുടെയും ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു.

## വിവാഹ സുവർണ്ണ ജൂബിലി

വിവാഹത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ദമ്പതികളുടെ സംഗമം കൃതജ്ഞതയുടെയും ആനന്ദത്തിന്റെയും സമ്മേളനമായി. ഡിസംബർ 20-ാം തീയതി വ്യാഴാഴ്ചയാണ് സംഗമം ചങ്ങനാശേരി കബറിടപ്പള്ളിയിൽ വച്ച് നടന്നത്. വി. കുർബാനയും, കുമ്പസാരവും, ക്ലാസ്സും, ഫോട്ടോ സെഷനും, സ്നേഹവിരുന്നും ഉണ്ടായിരുന്നു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ദമ്പതികൾക്ക് ആശംസകൾ നേർന്നു.

## പ്രവർത്തനവർഷോദ്ഘാടനം

പ്രവർത്തനവർഷ ഉദ്ഘാടനവും പുതിയ അതിരൂപത ഭാരവാഹികളുടെ സത്യപ്രതിജ്ഞയും 2019 ജനുവരി 19-ാം തീയതി രാവിലെ 9:30ന് അസംപ്ഷൻ കോളേജ് ആഡിറ്റോറിയത്തിൽ രജിസ്ട്രേഷനോടുകൂടി ആരംഭിക്കും. ഫൊറോനാ ഭാരവാഹികൾ, യൂണിറ്റ് ആനിമേറ്റേഴ്സ്, പ്രസിഡന്റ്, സെക്രട്ടറി എന്നിവർ നിർബന്ധമായും പങ്കെടുക്കണം. അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുക്കുന്ന പ്രസ്തുത ചടങ്ങിൽ 2019-20 ലെ പ്രവർത്തനവർഷ മാർഗ്ഗരേഖ പ്രകാശനം ചെയ്യുന്നതാണ്. എല്ലാവർക്കും ഉച്ചഭക്ഷണവും ക്രമീകരിക്കുന്നതാണ്.

## അഭിനന്ദനങ്ങൾ

കഴിഞ്ഞ വർഷത്തെ പിതൃവേദി ബെസ്റ്റ് ഫൊറോന ആയി തിരുവനന്തപുരവും സെക്കന്റ് ബെസ്റ്റ് ഫൊറോന ആയി മണിമലയും മോഡൽ ഫൊറോന ആയി ആലപ്പുഴ, തൃക്കൊടിത്താനം എന്നിവയും തെരഞ്ഞെടുക്കപ്പെട്ടു. മാതൃവേദി ബെസ്റ്റ് ഫൊറോന ആയി പുളിങ്കുന്ന് ഫൊറോനയും മോഡൽ ഫൊറോന ആയി കുടമാളൂർ, ചമ്പക്കുളം ഫൊറോനകളും തെരഞ്ഞെടുക്കപ്പെട്ടു.

കഴിഞ്ഞ വർഷത്തെ പിതൃവേദി ബെസ്റ്റ് ഫൊറോന ആയി യൂദാപുരവും സെക്കന്റ് ബെസ്റ്റ് യൂണിറ്റ് ആയി കേശവദാസപുരവും മോഡൽ യൂണിറ്റുകളായി കുറ്റിക്കോണം, കടുവാക്കുളം എന്നിവയും മാതൃവേദി ബെസ്റ്റ് യൂണിറ്റായി നാല്പാത്തിമലയും സെക്കന്റ് ബെസ്റ്റ് യൂണിറ്റ് ആയി പുനലൂർ നെല്ലിപ്പള്ളിയും മോഡൽ യൂണിറ്റുകളായി മാടപ്പള്ളി, പൊടിപ്പാറ, പാറേൽ എന്നിവയും തെരഞ്ഞെടുക്കപ്പെട്ടു.

കുടുംബജ്യോതി മാസിക ഏറ്റവും കൂടുതൽ ചെലവഴിച്ച യൂണിറ്റുകൾ ഇത്തിത്താനം, തത്തംപള്ളി, വെരൂർ എന്നിവയും, ആനുപാതികമായി മീൻകുളം ലൂർദ് മാതാ, വിതുര, പുതുശ്ശേരി, പാമ്പാടി, കാവാലം ലിസ്യൂ, നെടുമൺ എന്നിവയും ആണ്.

എല്ലാവർക്കും അഭിനന്ദനങ്ങൾ...

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ഏവർക്കും ക്രിസ്മസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു. അന്ധകാരത്തിലിരുന്ന ജനം വലിയ ഒരു പ്രകാശം കണ്ടു നിത്യപ്രകാശമായ ഈശോയുടെ ജനനം പ്രതീക്ഷയോടെ മുമ്പോട്ടുപോകാൻ നമ്മെ ക്ഷണിക്കുകയാണ്. ജീവിതത്തിൽ എല്ലാവർക്കും വിലയുണ്ടെന്ന് ബോധ്യം തന്ന ദിനം, വേർതിരിവില്ലാതെ എല്ലാവരെയും ഒന്നിപ്പിച്ച ദിനം, സ്നേഹത്തിൽ ഒന്നിക്കാൻ ഉണ്ണീശോയുടെ അനുഗ്രഹം യാചിക്കാം. കുടുംബത്തിലും സമൂഹത്തിലും നാം ആയിരിക്കുന്ന ഓരാ മേഖലയിലും സ്നേഹത്തിന്റെ വാഹകരകാം. ഉണ്ണിമിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ജോസ് പുത്തൻചിറ**

### കോ-ഓഡിനേറ്റേഴ്സ് സംഗമം.

2019 ഡിസംബർ 2-ാം തിയതി ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്റർ സെന്റർ ഹാളിൽ വച്ച് കോ-ഓർഡിനൻസ് സംഗമം നടത്തി. പുതുവർഷത്തിൽ നടക്കുന്ന കാര്യങ്ങൾ തീരുമാനിച്ചു. ഓരോ യൂണിറ്റിലും സംഘത്തിലും നടക്കുന്ന കാര്യങ്ങൾ വിലയിരുത്തുകയും എല്ലാ സംഘത്തിലും ബഹു. ഡയറക്ടറച്ചന്റെ സർക്കുലർ നല്കുകയും ചെയ്തു.

### ആദരാഞ്ജലികൾ

പൊടിപ്പാറ ഇടവകയിൽ സെന്റ് ജോസഫ് സംഘത്തിൽ അംഗമായിരുന്ന ഇസഹാക്ക് ആന്റണി നിര്യാതനായി പരേതനെ പ്രാർത്ഥനയിൽ ഓർക്കാം കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.



## ആദരാഞ്ജലികൾ



**സിസ്റ്റർ റജീനാ**
നെര്യാംപറമ്പിൽ എം.എം.എസ്.
ജനനം : 10.12.1925
മരണം : 06.12.2018

# കുടുംബക്കൂട്ടായ്മ &
# ബൈബിൾ അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പുതുവത്സരത്തിന്റെ മംഗളങ്ങൾ ഏവർക്കും പ്രാർത്ഥനാപൂർവ്വം നേരുന്നു. ഒപ്പം ദനഹാതിരുനാൾ ആശംസകളും. ബൈബിൾപാരായണമാസം വളരെ ഭംഗിയായി ക്രമീകരിച്ച എല്ലാവരെയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഈ ഒരു വർഷം മുഴുവൻ ദൈവവചനത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ശുശ്രൂഷകളിൽ നമുക്ക് തത്പരരാകാം.

ഓരോ കുടുംബത്തിന്റെയും വിവരശേഖരണഫോറത്തിൽ വരുത്തേണ്ട മാറ്റങ്ങൾ കൃത്യമായി രേഖപ്പെടുത്തി ജീവകാരുണ്യ തുകയോടൊപ്പം എത്രയും പെട്ടെന്ന് അതിരൂപതാ ജീവകാരുണ്യട്രസ്റ്റിന്റെ ഓഫീസിൽ എത്തിക്കണമേ. ജനുവരി മാസത്തിൽ നടത്തപ്പെടുന്ന ലിറ്റർജിക്കൽ ക്വിസ്, സംഗീതമത്സരം എന്നിവയിൽ എല്ലാവരുടെയും സാന്നിദ്ധ്യസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**ജെന്നിയച്ചൻ**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ബസാലേൽ കൺവൻഷൻ

ഇടവകകളിൽ കൂട്ടായ്മാ ലീഡേഴ്സിനായി നടത്തിവരുന്ന ബസാലേൽ കൺവൻഷൻ ഡിസംബർ 2 ന് സെന്റ് സേവ്യേഴ്സ് വെളിയനാട് ഇടവകയിലും ഡിസംബർ 9ന് സെന്റ് തോമസ് നാലുകോടി ഇടവകയിലും നടത്തുകയുണ്ടായി. ബസാലേൽ കൺവൻഷൻ സംഘടിപ്പിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തുതന്ന റവ. ഫാ. ജോഷി മുപ്പതിൽച്ചിറ, റവ. ഫാ. ആന്റണി കിഴക്കേവീട്ടിൽ, റവ. ഫാ. മാത്യു മാളിയേക്കൽ പ്രസ്തുത ഇടവകകളിലെ ബഹുമാനപ്പെട്ട ആനിമേറ്റേഴ്സ്, ലീഡേഴ്സ് എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

### ഹോം മിഷൻ

ഡിസംബർ 11 മുതൽ 13 വരെ ബഹുമാനപ്പെട്ട എം. എൽ. എഫ്.സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ അസംപ്ഷൻ ഇരവിനെല്ലൂർ ഇടവകയിൽ ഹോം മിഷൻ സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കൂട്ടുമ്മേലച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ സിസ്റ്റേഴ്സും, കുടുംബക്കൂട്ടായ്മാ ലീഡേഴ്സും ഇതിന്റെ വിജയത്തിനായി പ്രവർത്തിക്കുകയുണ്ടായി.

### സീറോ മലബാർ കുടുംബക്കൂട്ടായ്മാ സംഗമം

ഡിസംബർ 7-ാം തീയതി സെന്റ് തോമസ് മൗണ്ട് കാക്കനാട്ടുവച്ച് സീറോ മലബാർ കുടുംബക്കൂട്ടായ്മാ സംഗമം നടത്തപ്പെട്ടു. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തുകയുണ്ടായി.

വിവിധ രൂപതകളിൽ നിന്നുള്ള ഡയറക്ടേഴ്സ് ഓരോ രൂപതകളുടെയും റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ചർച്ചകൾ നടന്നു. സീറോ മലബാർ

കുടുംബക്കൂട്ടായ്മാ സമിതി ഡയറക്ടർ റവ. ഡോ. ലോറൻസ് തൈക്കാട്ടിൽ, ഡോ. രാജു ആന്റണി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. നമ്മുടെ അതിരൂപതയിൽനിന്ന് ഏഴു പ്രതിനിധികൾ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു.

**പാസ്റ്ററൽ കൗൺസിൽ കുടുംബക്കൂട്ടായ്മാ സമിതി സംഗമം**

മാർ തോമസ് തറയിൽ പിതാവിന്റെ പ്രത്യേക നിർദ്ദേശമനുസരിച്ച് ഡിസംബർ 13-ാം തീയതി വൈകുന്നേരം 4 മുതൽ അരമനയിൽവച്ച് പാസ്റ്ററൽ കൗൺസിൽ കുടുംബക്കൂട്ടായ്മാ സമിതി സംഗമം നടത്തുകയുണ്ടായി. പഞ്ചവത്സര അജപാലന പദ്ധതിയുടെ ദ്വിതീയവർഷ പഠനവിഷയം ദൈവവചനമായതിനാൽ വചനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തന പരിപാടികൾ ഉണ്ടാകണമെന്ന് അഭിവന്ദ്യ പിതാവ് പറയുകയുണ്ടായി. ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി പ്രവർത്തന പരിപാടികൾ വിശദികരിച്ചു.

**ബൈബിൾ മാസാചരണം - അതിരൂപതാതലം**

ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി ഡിസംബർ 14, 15 തീയതികളിൽ കത്തീഡ്രൽ പള്ളിയിൽവച്ച് 24 മണിക്കൂർ ബൈബിൾ പാരായണം സംഘടിപ്പിച്ചു. വെരി. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ വി. കുർബ്ബാന അർപ്പിച്ചുകൊണ്ട് പരിപാടികൾക്ക് തുടക്കം കുറിച്ചു. തുടർന്ന് കത്തീഡ്രൽ പള്ളി വികാരി വെരി. റവ. ഫാ. കുര്യൻ പുത്തൻപുരയുടെ നേതൃത്വത്തിൽ ബൈബിൾ പ്രദക്ഷിണം മർത്ത് മറിയം കബറിട പള്ളിയിലേക്ക് നടത്തുകയും വെരി. റവ. ഡോ. ഫിലിപ്പ്സ് വടക്കേക്കളം ബൈബിൾ പ്രതിഷ്ഠ നടത്തുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹ സന്ദേശം നൽകിക്കൊണ്ട് ബൈബിൾ പാരായണം ഉദ്ഘാടനം ചെയ്തു. കാവാലത്തുനിന്നുള്ള മാസ്റ്റർ ജോയേൽ ജോമോൻ വി. മത്തായിയുടെ സുവിശേഷം 5 മുതൽ 10 വരെ അദ്ധ്യായങ്ങൾ മനഃപാഠമാക്കി അവതരിപ്പിക്കുകയുണ്ടായി. പിന്നിട് കത്തീഡ്രൽ പള്ളി ഇടവകയിലെ കുടുംബക്കൂട്ടായ്മകൾ 15 -ാം തീയതി രാവിലെ 8 വരെ ബൈബിൾ പാരായണത്തിന് നേതൃത്വം നൽകി. 8 മുതൽ 3:30 വരെ അതിരൂപതയിലെ വിവിധ കോൺഗ്രിഗേഷനുകളിലെ ബഹു. സിസ്റ്റേഴ്സും 3:30 മുതൽ 5 വരെ അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളും ബൈബിൾ പാരായണം നടത്തി. അതിരൂപതാ ചാൻസിലർ റവ. ഡോ. ഐസക് ആലഞ്ചേരി വി. കുർബ്ബാന അർപ്പിക്കുകയും കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി സി.എസ്.ടി. വചനസന്ദേശം നൽകുകയും ചെയ്തു. റവ. സി. കാരുണ്യാ സി.എം. സി യുടെ നേതൃത്വത്തിൽ വചനജപമാല നടത്തുകയുണ്ടായി. കത്തീഡ്രൽ അസി. വികാരി റവ. ഫാ. ഫ്രാൻസിസ് മീനത്തേരിലിന്റെ ആശീർവ്വാദത്തോടെ ബൈബിൾ പാരായണം സമാപിച്ചു.

ബൈബിൾപാരായണം ഭംഗിയായി സംഘടിപ്പിക്കുവാൻ മുന്നിൽനിന്ന് പ്രവർത്തിച്ച കത്തീഡ്രൽ പള്ളി ഇടവക വികാരി പെരിയ ബഹുമാനപ്പെട്ട കുര്യൻ പുത്തൻപുരയച്ചൻ, ബഹുമാനപ്പെട്ട കൊച്ചച്ചന്മാർ, കൈക്കാരന്മാർ, കൂട്ടായ്മാ ലീഡേഴ്സ് ശ്രീ. ജോബ് ആന്റണി, ശ്രീ. ആന്റണി തോമസ്, ശ്രീ. ജോണിക്കുട്ടി സ്കറിയാ, ശ്രീ. ഷാജി പോൾ, ശ്രീ. ഇ.ജെ. ജോസഫ്, ബ്രദർ സജോ കിങ്ങണംചിറ, റവ. സി. ചെറുപുഷ്പം എസ്.എ.ബി. എസ് എന്നിവർക്ക് പ്രത്യേക നന്ദി.

# അറിയിപ്പുകൾ

**<u>ലിറ്റർജിക്കൽ ക്വിസ്</u>**

ഈ വർഷത്തെ ലിറ്റർജിക്കൽ ക്വിസ് അതിരൂപതാതല മത്സരം **2019 ജനുവരി 12-ാം** തീയതി ശനിയാഴ്ച 9:30 മുതൽ മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് നടത്തപ്പെടുന്നു. ഇനിയും പേരുവിവരങ്ങൾ നൽകുവാനുള്ള ഇടവകകകൾ ജനുവരി 6 നകം നൽകണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. അതിരൂപതാ സിലബസ് ഡിസംബർ ലക്കം മദ്ധ്യസ്ഥനിൽ നൽകിയിട്ടുള്ളതാണ്.

ലിറ്റർജിക്കൽ ക്വിസ് ചോദ്യപ്പേപ്പറിന്റെ വിഹിതം ഇനിയും നൽകുവാനുള്ള ഇടവകകൾ ഒരു കുടുംബത്തിന് 2 രൂപാ പ്രകാരം നൽകി സഹായിക്കണമേ.

**സമ്മാനങ്ങൾ**

ഒന്നാം സമ്മാനം : എവറോളിങ്ങ് ട്രോഫിയും 10000 രൂപ ക്യാഷ് അവാർഡും
രണ്ടാം സമ്മാനം : എവറോളിങ്ങ് ട്രോഫിയും 5000 രൂപ ക്യാഷ് അവാർഡും
മൂന്നാം സമ്മാനം: എവറോളിങ്ങ് ട്രോഫിയും 3000 രൂപ ക്യാഷ് അവാർഡും
നാലാം സമ്മാനം: എവറോളിങ്ങ് ട്രോഫിയും 2000 രൂപ ക്യാഷ് അവാർഡും
അഞ്ചാം സമ്മാനം: എവറോളിങ്ങ് ട്രോഫിയും 1000 രൂപ ക്യാഷ് അവാർഡും

**<u>കളർ എ ഹോം വിവരശേഖരം</u>**

അതിരൂപതാ ജീവകാരുണ്യട്രസ്റ്റും കുടുംബക്കൂട്ടായ്മാ വിഭാഗവും സംയുക്തമായി നടപ്പിലാക്കിവരുന്ന കളർ എ ഹോം വിവരശേഖരണത്തിൽ എല്ലാ കുടുംബക്കൂട്ടായ്മാ ലീഡേഴ്സും വളരെയേറെ സഹകരിച്ചതിലുള്ള നന്ദി അറിയിക്കുന്നു. ഇനിയും ലഭിക്കുവാനുള്ള ഇടവകകൾ എത്രയും വേഗം ശേഖരിച്ച് അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

**<u>സംഗീത മത്സരം</u>**

കുടുംബക്കൂട്ടായ്മാ പ്രാർത്ഥനാ ഗാനം, ആന്ത മത്സരങ്ങൾ അതിരൂപതാതലത്തിൽ **2019 ജനുവരി 12-ാം തീയതി ശനിയാഴ്ച 2 മുതൽ** സംഘടിപ്പിക്കുന്നു. മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ചാണ് മത്സരം നടക്കുന്നത്. ഈ മത്സരത്തിൽ പങ്കെടുക്കുവാനുള്ള ഫൊറോനാതല ടീമിന്റെ പേരു വിവരങ്ങൾ ജനുവരി 7 തിങ്കളാഴ്ച കുടുംബക്കൂട്ടായ്മാ ഓഫീസിൽ നൽകണമെന്ന് ഫൊറോനാ ഡയറക്ടറച്ചന്മാരോട് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**മത്സര നിബന്ധനകൾ**

**അതിരൂപതാ തലം** - ഫൊറോനാ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിനെ അതിരൂപതാ തല മത്സരത്തിനായി അയയ്ക്കേണ്ടതാണ്. എല്ലാ വിഭാഗത്തിന്റെയും പ്രാധിനിധ്യം ഉണ്ടായിരിക്കണം. പുരുഷന്മാർ, സ്ത്രീകൾ, യുവജനങ്ങൾ - 2 , കുട്ടികൾ - 2 എന്നിവർ ഓരോ ടീമിലും ഉണ്ടായിരിക്കേണ്ടതാണ്. (മിനിമം 12 പേർ , പരമാവധി 15 പേർ)

**സമ്മാനങ്ങൾ**

ഒന്നാം സമ്മാനം : ട്രോഫിയും 3000 രൂപ ക്യാഷ് അവാർഡും
രണ്ടാം സമ്മാനം : ട്രോഫിയും 2000 രൂപ ക്യാഷ് അവാർഡും
മൂന്നാം സമ്മാനം: ട്രോഫിയും 1000 രൂപ ക്യാഷ് അവാർഡും

N.B: *സംഗീത മത്സരത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പാട്ടിന്റെ സി.ഡി. കുടുംബ കൂട്ടായ്മാ ഓഫിസിൽ ലഭ്യമാണ്. സി.ഡി യിൽ ഉള്ളതുപോലെ തന്നെയാണ് ആലാപനം നടത്തേണ്ടത്. വാദ്യോപകരണങ്ങൾ ഉപയോഗിക്കുവാൻ പാടുള്ള തല്ല. പാട്ടുകൾ വാട്ട്സാപ്പിൽ ലഭിക്കേണ്ടവർ 9447776920 എന്ന നമ്പറിലേയ്ക്ക് സന്ദേശം അയയ്ക്കുക*




## പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം

## സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ (തുടർച്ച)




*"വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു" (1 യോഹ. 2:5).*

**പഠനവിഷയം: വചനം ജീവിതവെളിച്ചം.**

ഡിസംബർ മാസം ബൈബിൾ മാസമായി ആചരിക്കുവാനുള്ള കെ. സി. ബി. സി. യുടെ നിർദ്ദേശമനുസരിച്ച് ചങ്ങനാശേരി അതിരൂപത ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗം ഒരു വർഷംകൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ നൽകുകയാണ്. 2018 ഡിസംബർ 1 -ാം തീയതി ആരംഭിച്ച് 2019 നവംബർ 30 -ാം തീയതി സമാപിക്കുന്ന രീതിയിലാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്. ഓരോ ദിവസ ത്തെയും വായന സത്യദർശനത്തിലൂടെയും വേദപ്രചാര മദ്ധ്യസ്ഥനിലൂടെയും നിങ്ങൾക്കായി നൽകുന്നു.

**2019 ജനുവരി**

1. ലേവ്യർ 13–15
2. ലേവ്യർ 16–19
3. ലേവ്യർ 20–22
4. ലേവ്യർ 23–25
5. ലേവ്യർ 26–27
6. സംഖ്യ 1–3
7. സംഖ്യ 4–7
8. സംഖ്യ 8–10
9. സംഖ്യ 11–14
10. സംഖ്യ 15–17
11. സംഖ്യ 18–20
12. സംഖ്യ 21–23
13. സംഖ്യ 24–26
14. സംഖ്യ 27–29
15. സംഖ്യ 30–32
16. സംഖ്യ 31–36
17. നിയമാ. 1–4
18. നിയമാ. 5–8
19. നിയമാ. 9–11
20. നിയമാ. 12–15
21. നിയമാ. 16–18
22. നിയമാ. 19–21
23. നിയമാ. 22–24
24. നിയമാ. 25–27
25. നിയമാ. 28–30
26. നിയമാ. 31–34
27. ജോഷ്വ 1–4
28. ജോഷ്വ 5–8
29. ജോഷ്വ 9–11
30. ജോഷ്വ 12–15
31. ജോഷ്വ 16–18

**ഫെബ്രുവരി**

| | |
|---|---|
| 1 | ജോഷ്വ 19 – 21 |
| 2 | ജോഷ്വ 22–24 |
| 3 | ന്യായ 1– 3 |
| 4 | ന്യായ 4–6 |
| 5 | ന്യായ 7–9 |
| 6 | ന്യായ 10–12 |
| 7 | ന്യായ 13–15 |
| 8 | ന്യായ 16–18 |
| 9 | ന്യായ 19–21 |
| 10 | റൂത്ത് 1–4 |
| 11 | 1 സാമു 1–4 |
| 12 | 1 സാമു 5–8 |
| 13 | 1 സാമു 9–12 |
| 14 | 1 സാമു 13–14 |
| 15 | 1 സാമു 15–17 |
| 16 | 1 സാമു 18–20 |
| 17 | 1 സാമു 21–24 |
| 18 | 1 സാമു 25–27 |
| 19 | 1 സാമു 28–31 |
| 20 | സാമു 1–3 |
| 21 | സാമു 4–7 |
| 22 | സാമു 8–12 |
| 23 | സാമു 13–15 |
| 24 | സാമു 16–18 |
| 25 | സാമു 19–21 |
| 26 | സാമു 22–24 |
| 27 | 1 രാജ. 1–3 |
| 28 | 1 രാജ. 4–6 |

**ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത**

### ജന്മദിനാഘോഷം ഡിസംബർ 3

യുവദീപ്തി-എസ്സ്.എം.വൈ.എമ്മിന്റെ 46-ാമതു ജന്മദിനാഘോഷം ഡിസംബർ 3ന് സന്ദേശനിലയത്തിനു സമീപമുള്ള ഇൻഡോർ കോർട്ടിൽ വച്ചുനടത്തി. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ആൻ മരിയ ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് അതിരൂപതാ വികാരി ജനറാൾ റവ. ഡോ. മാണി പുതിയിടം ജന്മദിനം സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. രാജൻ കെ. അമ്പൂരി. അന്ത്രയോസ് മാറാട്ടുകളം, രാജമ്മ തോമസ്, തോമസ് കളപ്പുര, അഖിൽ ജോർജ് ചാക്കോ, സീനാ ചെറിയാൻ എന്നിവർ പ്രസംഗിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖ പ്രഭാഷണം നടത്തി. ശ്യാം കെ. ജോസഫ്, അഞ്ജലി പി. തോമസ്, റോസ് മരിയ സെബാസ്റ്റ്യൻ, സിറിയക് തോമസ്, അനു ആനി ജോസഫ് ബക്സൺ ഡേവീസ്, റ്റിൻസി തോമസ്, ലാലിച്ചൻ മറ്റത്തിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### ഇരുചക്രവാഹന റാലി

യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ''യൂത്ത് എലൈവ്-2018''ന് മുന്നോടിയായി ഡിസംബർ 8-ന് ഉച്ചയ്ക്ക്ശേഷം നാലു മണിക്ക് ഇരുചക്രവാഹന റാലി സംഘടിപ്പിച്ചു. ചങ്ങനാശേരി അതിരൂപതാ ചാൻസിലർ റവ. ഡോ. ഐസക്ക് ആലംഞ്ചേരി റാലി ഫ്ളാഗ് ഓഫ് ചെയ്തു. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യൂ ഫ്ളാഗ് ഏറ്റുവാങ്ങി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര വിശദീകരണ പ്രസംഗം നടത്തി. ജനറൽ കൺവീനർ റ്റോണി മണിമലപറമ്പിൽ നന്ദി അർപ്പിച്ചു. റാലി സെൻട്രൽ ജംഗ്ഷൻ, പോസ്റ്റോ ഓഫീസ് ജംഗ്ഷൻ, റ്റി.ബി. റോഡ്, കത്തീഡ്രൽ പള്ളിവഴി കവലയിലെത്തി. എസ്.ബി. കോളേജ് കാവുകാട്ട് ഹാളിന്റെ മുമ്പിൽ സമാപിച്ചു. തുടർന്ന് യൂത്ത് എലൈവ് നു മുന്നോടിയായിട്ടുള്ള പതാക ഉയർത്തൽ കർമ്മം നടന്നു ജനറൽ കൺവീനർ ടോണി മണിമലപറമ്പിൽ പതാക ഉയർത്തി. ഫാ. ജേക്കബ് ചക്കാത്ര, ഷിജോ മാത്യു, ലാലിച്ചൻ മറ്റത്തിൽ, അഖിൽ ജോർജ് ചാക്കോ, സിറിയക് തോമസ് എന്നിവർ പ്രസംഗിച്ചു.

### ''യൂത്ത് എലൈവ് - 2 K -18'' കാവുകാട്ട് ഹാളിൽ നടത്തി

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ''യൂത്ത് എലൈവ് - 2K - 2018'' മഹാ യുവജന കൺവൻഷൻ ഡിസംബർ 9 ഞായറാഴ്ച നടത്തി. രാവിലെ 9:30 ന് അതിരൂപതാ അദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ട് യൂത്ത് എലൈവ് മഹാ സംഗമത്തിന്റെ പരിപാടികൾ സമാരംഭിച്ചു. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത യൂത്ത് എലൈവ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപത വികാരി ജനറാൾ വെരി. റവ. ഡോ. തോമസ് പാടിയത്ത് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എബിൻ കണിവയലിൽ, അഖിൽ ജോർജ് ചാക്കോ, ടോണി മണിമലപറമ്പിൽ എന്നിവർ പ്രസംഗിച്ചു. തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി, സിനി ആർട്ടിസ്റ്റ് സിജോയ് വർഗീസ്

എന്നിവർ ക്ലാസ്സുകൾ നയിച്ചു. വിവിധ ഫൊറോനകളുടെ കലാപരിപാടികൾ യൂത്ത് എലൈവിന്റെ മനോഹാരിതയ്ക്കു മാറ്റു കൂട്ടി. ഉച്ചയ്ക്കുശേഷം മൂന്നര മണിക്ക് മഹായുവജന റാലി എസ്.ബി. ഹൈസ്ക്കൂളിലേക്ക് നടത്തി. പതി നാറു ഫൊറോനാകളിൽ നിന്നും എത്തിയ യുവജനങ്ങൾ റാലിയിൽ ആവേശ കരമായ മുദ്രാവാക്യങ്ങൾ മുഴക്കി. റാലി എസ്.ബി. കോളജിൽ നിന്നും ആരംഭിച്ച് എം.സി. റോഡുവഴി സെൻട്രൽ ജംഗ്ഷനിൽ എത്തി, അരമനപ്പടി, ബൈപ്പാസ് വഴി എസ്.ബി. ഹൈസ്കൂളിൽ എത്തിച്ചേർന്നപ്പോൾ വാഴപ്പള്ളി പഞ്ചായത്തു പ്രസി ഡന്റും മുൻ അതിരൂപതാ പ്രസിഡന്റായ ശ്രീ. വർഗീസ് ആന്റണി സമാപനസന്ദേശം നൽകി. ലാലിച്ചൻ മറ്റത്തിൽ ഷിജോ ഇടയാടി, ഫാ. ജേക്കബ് ചക്കാത്ര എന്നി വർ പ്രസംഗിച്ചു. ശ്യാം കെ. ജോസഫ്, അഞ്ജലി പി. തോമസ്, റോസ് മരിയ സെബാസ്റ്റ്യൻ, സിറിയക് തോമസ്, അനു ജോസഫ്, സീന ചെറിയാൻ ബക്സൺ ഡേവീസ്, ആന്റോ റ്റി. മേപ്പുറം, റ്റിൻസി തോമസ്, സി. സെലിൻ ജോസ് എസ്. ഡി., ബ്രദർ ഹെൻട്രി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ചാവറ തീർത്ഥാടനം - ഡിസംബർ 29 ശനിയാഴ്ച**

അതിരൂപതാ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 29 ശനിയാഴ്ച കുടമാളൂർ ഫൊറോനാ പള്ളിയിൽ നിന്നും മാന്നാനത്ത് വിശുദ്ധ ചാവറ പിതാ വിന്റെ കബറിടത്തിലേക്ക് തീർത്ഥാടനം നടത്തുന്നു. രാവിലെ 10:30 ന് ആരംഭി ക്കുന്ന തീർത്ഥാടനം 12 മണിക്ക് മാന്നാനത്ത് എത്തിച്ചേരും. തുടർന്ന് വിശുദ്ധ കുർബാനയ്ക്കുശേഷം തീർത്ഥാടകർക്ക് നേർച്ചഭക്ഷണം നൽകും.

**2019 - ജനുവരി മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| ജനുവരി 6 | - | ആലപ്പുഴ |
| ജനുവരി 12,13 | - | യൂണിറ്റ് സന്ദർശനം |
| ജനുവരി 20 | - | ഫൊറോനാ വാർഷികം |
| ജനുവരി 26 | - | റിപ്പബ്ലിക് ദിനം (യൂണിറ്റുകളിൽ പരിപാടികൾ) |
| ജനുവരി 27 | - | ഫൊറോനാ സന്ദർശനം |

സ്നേഹപൂർവ്വം

**ഫാ. ജേക്കബ് ചക്കാത്ര**


## വിവാഹ ഒരുക്ക ധ്യാനം

FAMILY APOSTOLATE · CHANGE THE WORLD FROM YOUR HOME · ARCHDIOCESE OF CHANGANASSERY

| JANUARY 2019 | FEBRUARY 2019 |
|---|---|
| 7, 8, 9 (Chry) | 4 - 6 (Zion) |
| 21, 22, 23 (Zion) | 8 - 10 (Zion) |
| 28, 29, 30 (Chry) | 15 - 17 (Zion) |
| | 21 - 23 (Chry) |

ചങ്ങനാശ്ശേരി അതിരൂപതയുടെ മരിയൻ തീർത്ഥാടന കേന്ദ്രമായ പാറേൽ പള്ളിയിൽ പരിശുദ്ധ കന്യാമറിയത്തിന്റെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് ചങ്ങനാശേരി അതിരൂപത ലീജിയൻ ഓഫ് മേരി പ്രാർത്ഥനാദിനമായി ആചരിച്ചു.

ബ്ളൂ & വൈറ്റ് യൂണിഫോമിൽ കൃത്യം 10 മണിക്കുതന്നെ എത്തിച്ചേർന്ന എല്ലാ മരിയൻ സൈനികരേയും ലീജിയന്റെ ആത്മീയ നിയന്താവ് ബഹുമാനപ്പെട്ട ജോജോ പുതുവേലിൽ അച്ചൻ ഹാർദ്ദവമായി സ്വീകരിക്കുകയും അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു. തുടർന്ന് ബ്രദർ തോമസ് പാലാത്തറയുടെ നേതൃത്വത്തിൽ ലീജിയന്റെ ക്രമപ്രകാരമുള്ള തെസ്സേര പ്രാർത്ഥനകൾ ചൊല്ലിതീർത്തശേഷം കമ്മീസിയം ഭാരവാഹികൾ മുൻകൈയെടുത്ത് ജപമാലകൾ ചൊല്ലി പ്രാർത്ഥിച്ചു. 11:30 ന് റവ. ഫാ. വർഗീസ് പനച്ചിങ്കൽ ദിവ്യബലി അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. മാതാവിന്റെ നൊവേനയ്ക്കുശേഷം ഒരുക്കിയിരുന്ന സ്നേഹവിരുന്നിൽ എല്ലാവരും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് 2:00 പി.എം.നോടുകൂടി റവ. ബ്ര. ജോജോ പുത്തൻവേലിലിന്റെ കാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യകാരുണ്യ ആരാധന ആരംഭിച്ചു. ആരാധനാ മദ്ധ്യേ അച്ചൻ വചനം പങ്കു വെച്ചു. ദിവ്യകാരുണ്യ ആശീർവാദവും റംശാ പ്രാർത്ഥനയും കഴിഞ്ഞ് വിവിധ കൂട്ടായ്മകളിൽനിന്നും എത്തിച്ചേർന്ന ജപമാല പ്രദക്ഷിണത്തെ മരിയഭക്തർ എല്ലാവരുംകൂടി സ്വീകരിച്ചു. വെരി. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ കാർമ്മികത്വം നടത്തിയ കൊടിയേറ്റ് കർമ്മത്തിൽ സൈനികർ എല്ലാവരും മുത്തുക്കുടയും പിടിച്ച് കൊടിമരത്തിനുചുറ്റും നിന്നത് ശ്രദ്ധേയമായിരുന്നു.

ഡിസംബർ 30 ന് നടക്കാനിരിക്കുന്ന ലീജിയന്റെ വാർഷിക സമ്മേളനത്തിൽവെച്ച് ഉടനെ തന്നെ വീണ്ടും കാണാമെന്ന പ്രതീക്ഷയിൽ പരസ്പരം സ്തുതിയും കൊടുത്ത് അംഗങ്ങൾ സ്വഭവനങ്ങളിലേക്കു പോയി.

കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

## ഫ്രാൻസിസ്കൻ അല്മായസഭ

FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*

**"സമാധാനം - സൗഭാഗ്യം"**

പ്രിയ സഹോദരി സഹോദരന്മാരെ,

പുതിയ ഒരു വർഷം കൂടി സമാഗതമായിരിക്കുന്നു. വിശ്വാസത്തോടും, പ്രതീക്ഷയോടും, ഉത്സാഹത്തോടും കാരുണ്യത്തോടും 2019-നെ നമുക്കു സ്വാഗതം ചെയ്യാം. കൂടുതൽ സ്നേഹത്തോടും തീക്ഷ്ണതയോടും ഉത്തരവാദിത്വ ബോധത്തോടും കൂടി പുതിയ വർഷത്തിലെ പ്രവർത്തനങ്ങളിൽ നമുക്കു പങ്കുചേരാം. നവവർഷത്തിന്റെ എല്ലാ മംഗളങ്ങളും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു. കാരുണ്യവാനായ ദൈവം നമുക്ക് നിരവധിയായ അനുഗ്രഹങ്ങൾ ചൊരിഞ്ഞ വർഷമായിരുന്നല്ലോ കടന്നുപോയത്. പ്രളയജലത്തിൽ മുഴുവനായും നശിച്ചു പോകേണ്ട ഒരു ജനതയെ ദൈവം തന്റെ കരങ്ങളാൽ താങ്ങിയത് ആദ്യം നന്ദി പറയാം. ഒപ്പം SFO യുടെ ശതോത്തര സുവർണ്ണജൂബിലി സമാപനം, അതിരൂപതാ വാർഷികം, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 110-ാം ചരമവാർഷികം, നോമ്പുകാല പീഡാനുഭവ പദയാത്ര, റീജണൽ സെമിനാറുകൾ, SFO തെരഞ്ഞെടുപ്പുകൾ, ക്വിസ്സ് മത്സരം, എന്നിവയൊക്കെ ഭംഗിയായി നടത്തുവാൻ സാധിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ SFO അംഗങ്ങൾ കൂടുതൽ ഫ്രാൻസിസ്ക്കൻ സാഹോദര്യത്തിൽ ജീവിക്കുന്നതിന് പോയവർഷത്തിൽ സാധിച്ചു എന്നതിൽ നമുക്ക് ആഹ്ളാദിക്കാം. കഴിഞ്ഞ വർഷങ്ങളിലെ ജീവിതത്തിലും, പ്രവർത്തനങ്ങളിലും എന്തെങ്കിലും പോരായ്മകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അവ തിരുത്തി സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുവിഷ്ടം നിറവേറ്റി തിരുവചനാടിസ്ഥാനത്തിലും വി. ഫ്രാൻസിസിന്റെ വിശ്വസാഹോദര്യത്തിലൂടെ ജീവിക്കുന്നതിന് നമുക്ക് പ്രതിജ്ഞയെടുക്കാം.

### ക്രിസ്മസ് സംഗമം

വാഴപ്പള്ളി ഗെത്സെമനി ആശ്രമദൈവാലയത്തിലെ (SFO) ഭ്രാതൃത്വത്തിന്റെ നേതൃത്വത്തിൽ 16.12.2018 ഞായറാഴ്ച ഉച്ച കഴിഞ്ഞ് ക്രിസ്തുമസ് സംഗമം നടത്തി. (SFO) അതിരൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ (OFM Cap) ന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഭ്രാതൃത്വ പ്രസിഡന്റ് ശ്രീമതി മോളി ജേക്കബ് പാലാത്ര സ്വാഗത പ്രസംഗം നടത്തി. റവ. ഫാ. തോമസ് വെട്ടിക്കാലായിൽ (OFM Cap) SFO അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കൻ എന്നിവർ ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് ബഹു. ഫാ. തോമസ് വെട്ടിക്കാലായിൽ ക്രിസ്മസ് കേക്ക് മുറിച്ചു വിതരണം ചെയ്തു. തുടർന്ന് ഉണ്ണീശോയെ വരവേൽക്കുന്നതിന്റെ ഭാഗമായി അംഗങ്ങൾ കരോൾഗാനങ്ങൾ, ക്രിസ്മസ് ഗാനങ്ങൾ എന്നിവ ആലപിച്ചു, ശ്രീമതി ലീലാമ്മ പോത്തൻ ചിറ്റേട്ടുകളം ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഈ പരിപാടികൾക്ക് SFO ഭ്രാതൃത്വാംഗങ്ങളായ ശ്രീമതി ഗ്രേസികുട്ടി മാത്യു മുതിരപ്പറമ്പിൽ, ഡെയ്സി മഞ്ചേരിക്കളം, ലൂസിയാമ്മ നെടുംപറമ്പിൽ, മോളി ജേക്കബ് പാലാത്ര, മേരിക്കുട്ടി ചക്കുകളം എന്നിവർ നേതൃത്വം നൽകി. തുടർന്ന് ലില്ലിക്കുട്ടി ചക്കാലയിൽ ഈ സംഗമത്തിനു കൃതജ്ഞതയർപ്പിച്ചു. ബഹു. അച്ചന്റെ സമാപന ആശീർവ്വാദത്തിനുശേഷം പരിപാടികൾ സമാപിച്ചു.

## SFO ഭ്രാതൃത്വ തെരഞ്ഞെടുപ്പ്

ചങ്ങനാശേരി അതിരൂപതയിലെ ഭ്രാതൃത്വ തെരഞ്ഞെടുപ്പുകൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇനിയും, തെന്നടി, പുന്നമട, മുട്ടാർ, തെക്കേക്കര, വില്ലൂന്നി എന്നീ ഭ്രാതൃത്വങ്ങളിലെ തെരഞ്ഞെടുപ്പുകളാണ് നടക്കാനുള്ളത്. ഈ ഭ്രാതൃത്വങ്ങളിലെ പ്രസിഡന്റ്, മറ്റു ഭാരവാഹികൾ മുൻകൈയെടുത്ത് തെരഞ്ഞെടുപ്പുകൾക്കുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന് അറിയിക്കുന്നു.

## നിര്യാതരായി

SFO വെട്ടിമുകൾ സെന്റ് മേരീസ് ഭ്രാതൃത്വത്തിലെ സീനിയർ അംഗമായിരുന്നു സഹോദരൻ കാട്ടിപ്പറമ്പിൽ ആൻറണി (84) തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ഭ്രാതൃത്വത്തിലെ സീനിയർ അംഗം സഹോദരൻ ഇ.റ്റി. തോമസ് വടക്കേൽ പീടികയിൽ (83), വാഴപ്പള്ളി ഗെത്സെമനി ഭ്രാതൃത്വാംഗമായ കൊച്ചുകണ്ണാത്ത് റോസമ്മ ചാക്കോയുടെ ഭർത്താവ് ചാക്കോച്ചൻ (78) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും, ഒപ്പീസ് ചൊല്ലുകയും ശവസംസ്ക്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമെ!

പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിന്റെ സ്നേഹാനുഗ്രഹങ്ങൾ ഈ പുതുവർഷത്തിൽ നിങ്ങൾക്കുണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്.

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**റവ. ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ 2019 ജനുവരി മാസത്തിലെ പ്രോഗ്രാം

**2019 ജനുവരി**

| | |
|---|---|
| 9 | നിശാരാധന (6 p.m. - 10 p.m.) |
| 10-13 | ഫിലോകാലിയാ ധ്യാനം, ജോസഫ് മാരിയോ (10 ന് 8:30 a.m. - 13 ന് 9 a.m.) |
| 14-16 | വിവാഹ ഒരുക്ക ധ്യാനം |
| 17 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| 20-23 | ഇടവക ധ്യാനം |
| 21-23 | വിവാഹഒരുക്ക ധ്യാനം |
| 24 | ജാഗരണപ്രാർത്ഥന |
| 25-29 | വിശ്വാസാനുഭവ ധ്യാനം (വെള്ളി 5:00 p.m. ന് ആരംഭിച്ച് ചൊവ്വ 2 p.m. ന് അവസാനിക്കുന്നു.) |

**ഫാ. മാത്യു താന്നിയത്ത്,**
*ഡയറക്ടർ*, 9446903631

# ദലിത് കത്തോലിക്കാ മഹാജനസഭ സംസ്ഥാന മഹാസമ്മേളനവും അവകാശപ്രഖ്യാപന റാലിയും

ദലിത് കത്തോലിക്കാ മഹാജനസഭ സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ ദലിത് ക്രൈസ്തവരോടുള്ള മതവിവേചനം അവസാനിപ്പിക്കുക. 1950–ലെ പ്രസിഡൻഷ്യൽ ഓർഡർ പിൻവലിക്കുക. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന് കേന്ദ്രസർക്കാർ നിലപാടു വ്യക്തമാക്കുക. പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്നുകൊണ്ടു ചെയ്യാവുന്ന ആനുകൂല്യങ്ങൾ നൽകുക – ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ റിപ്പോർട്ടു നടപ്പാക്കുക. വർദ്ധിച്ചുവരുന്ന ദലിത് അതിക്രമങ്ങൾ അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടു 2018 ഡിസംബർ 7–ാം തീയതി കോട്ടയത്തു പ്രതിഷേധ റാലിയും മഹാസമ്മേളനവും നടന്നു.

ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ചു ബിഷപ് മാർ ജോസഫ് പെരുന്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. ദലിത് ദേശീയ നേതാവും മുൻ എം.പി.യുമായ പ്രകാശ് അംബേദ്കർ സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു. K.C.B.C., SC/ST കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ, അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ, കോട്ടയം, കാഞ്ഞിരപ്പള്ളി, വിജയപുരം, എറണാകുളം, അങ്കമാലി രൂപതാദ്ധ്യക്ഷന്മാരും, രൂപതാ ഡയറക്ടർമാരും, മുൻ ഡയറക്ടർമാരും സംസ്ഥാന ഭാരവാഹികളും, പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു. സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. ഷാജ്കുമാർ സ്വാഗതവും വൈസ് പ്രസിഡന്റ് സെലിൻ ജോസഫ് നന്ദിയും രേഖപ്പെടുത്തി. ആയിരക്കണക്കിനു അംഗങ്ങൾ റാലിയിലും സമ്മേളനത്തിലും പങ്കെടുത്തു.

**സംയുക്ത കൗൺസിൽ**

ദലിത് കത്തോലിക്കാ മഹാജനസഭ ചങ്ങനാശേരി അതിരൂപതാ 5–ാമതു സംയുക്ത ജനറൽ കൗൺസിൽയോഗം 2019 ജനുവരി 6–ാം തീയതി ഞായറാഴ്ച 2 മണി മുതൽ പാസ്റ്ററൽ സെന്ററിൽ നടക്കും.

**D.C.M.S. സ്കോളർഷിപ്പു വിതരണം**

അതിരൂപതയിലെ D.C.M.S. അംഗത്വമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കു കഴിഞ്ഞ വർഷത്തെ S.S.L.C., +2, ഡിഗ്രി പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച അർഹരായ വിദ്യാർത്ഥികൾക്കു K.C.B.C., DCYL സ്കോളർഷിപ്പുകൾ 2019 ജനുവരി 19–ാം തീയതി ശനിയാഴ്ച 1:30 പി.എം.ന് അതിരൂപതാ പാസ്റ്ററൽ സെന്ററിൽ നടക്കുന്ന സമ്മേളനത്തിൽ വച്ചു അഭി. പിതാവ് മാർ ജോസഫ് പെരുന്തോട്ടം വിതരണം ചെയ്തുകൊണ്ടു സന്ദേശം നൽകും. അർഹരായ വിദ്യാർത്ഥികൾ മാതാപിതാക്കളോടൊപ്പം പങ്കെടുക്കുക.

വിശ്വസ്തതാപൂർവ്വം,

**മാത്യൂ ജോസഫ്** — **ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**

*(ജ:സെക്രട്ടറി)* — *(ഡയറക്ടർ)*

ബഹു. അച്ചാ/സുഹൃത്തേ,
നവവത്സരാശംസകൾ!!!

പുതിയ കലണ്ടർ വർഷം തുടങ്ങുന്നത് സാമ്പത്തിക വർഷത്തിന്റെ സമാപന പാദത്തിലാണല്ലോ. നാം വിഭാവനം ചെയ്ത പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കേണ്ടതുണ്ട്. വെള്ളപ്പൊക്കം നമ്മുടെ പൊതു പ്രവർത്തനങ്ങളെ പലയിടങ്ങളിലും സാരമായി ബാധിച്ചു. പക്ഷേ, നാമിപ്പോൾ അതിജീവനത്തിന്റെ പാതയിലാണ്. താളം തെറ്റിയവയൊക്കെ നേരെയാക്കാനുള്ള അവസരം കൂടിയാണിത്. മേഖലാ PME കൾ ജനുവരി-ഫെബ്രുവരി മാസങ്ങളിൽ കൂടേതു്. മേഖലാ സമിതികൾ ഏറെ ശക്തിപ്പെടേണ്ടത് അനിവാര്യമാണ്. യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നല്കുന്നതോടൊപ്പം, പ്രാദേശികാടിസ്ഥാനത്തിൽ പൊതുപദ്ധതികൾക്ക് രൂപം നല്കാനും കഴിയണം. യൂണിറ്റ്-മേഖലാതലങ്ങളിൽ പദ്ധതികൾക്ക് രൂപം നല്കണം. മുകളിൽ നിന്ന് താഴേയ്ക്ക് പദ്ധതികൾ നൽകുന്നതിനേക്കാൾ താഴത്തെ തട്ടിൽ പദ്ധതി വിഭാവനം ചെയ്ത്, മേൽഘടകങ്ങളിൽ പൊതുപദ്ധതിയായി വളരുന്നതാണ് ഉചിതം. അങ്ങനെ 'വികസനമാതൃകകൾ' സൃഷ്ടിക്കപ്പെടണം. അപ്പോൾ Credit Union, SHG ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുകയും മറ്റ് പ്രവർത്തന മൂലധന മാർഗ്ഗങ്ങൾ നേടാൻ യൂണിറ്റുകൾ പരിശ്രമിക്കുകയും ചെയ്യും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും, അടിസ്ഥാനഘടകങ്ങളിലാണല്ലോ കാര്യക്ഷമമാകേണ്ടത്. സാമ്പത്തിക വർഷത്തിന്റെ സമാപനപാദത്തിൽ തന്നെ ഇത്തരമൊരു പ്രവർത്തന ശൈലിക്ക് തുടക്കം കുറിക്കുകയും, 2019-20 വർഷം കാര്യക്ഷമമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ കഴിയുകയും വേണം.
എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതാപൂർവ്വം,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
(ഡയറക്ടർ)

## വെള്ളപ്പൊക്ക ദുരിതാശ്വാസ ധനസഹായം നൽകിയവർ

❖ Diocese of Hosur – 8,00,000/-

തുടരും.............

## അറിയിപ്പുകൾ

**2019 ജനുവരി മാസത്തെ യൂണിറ്റുതല പ്രധാന പരിപാടികൾ**
**സ്വാശ്രയസംഘസംഗമം**

| | | |
|---|---|---|
| 04.01.19 | കോട്ടയം | പാമ്പാടി |
| 08.01.19 | എടത്വ | പച്ച, കൊടുപ്പുന്ന |
| 10.01.19 | എടത്വ | മരിയാപുരം |
| 16.01.19 | അതിരമ്പുഴ | നാൽപ്പാത്തിമല |

| | | |
|---|---|---|
| 17.01.19 | എടത്വ | കോയിൽമുക്ക് |
| 22.01.19 | എടത്വ | പുതുക്കരി |
| 28.01.19 | എടത്വ | കരുവാറ്റ |

**ഫാർമേഴ്സ് ക്ലബ് മീറ്റ്**

| | | |
|---|---|---|
| 08.01.19 | മണിമല | മണിമല ന്യൂ |
| 12.01.19 | കുട്ടനാട് | പള്ളാത്തുരുത്തി |
| 19.01.19 | കുറുമ്പനാടം | ഇരവുചിറ |
| 19.01.19 | കുട്ടനാട് | കൈനകരി |
| 20.01.19 | കുട്ടനാട് | മിത്രക്കരി |
| 31.01.19 | നെടുംകുന്നം | മൈലാടി |

**മറ്റുപരിപാടികൾ**

| | | | |
|---|---|---|---|
| 04.01.19 | കുട്ടനാട് | കൈനകരി | തയ്യൽ പരിശീലനം ആരംഭം |
| 05.01.19 | കോട്ടയം | അയർക്കുന്നം | മേഖല എക്സിക്യൂട്ടീവ് |
| 08.01.19 | കുട്ടനാട് | മങ്കൊമ്പ്, കായൽപ്പുറം | ഫ്ളവർ അറേഞ്ച്മെന്റ് |
| 15.01.19 | മണിമല | മണിമല ന്യൂ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റ് |
| 26.01.19 | നെടുംകുന്നം | ചമ്പക്കര | കാൻസർബോധവത്ക്കരണം |

## അതിരൂപതയിൽ കുട്ടനാട് പുനർനിർമ്മാണപദ്ധതി

### (1) വീടും സ്ഥലവും നൽകി

കുറവിലങ്ങാട് അമേരിക്കയിൽ പ്രവാസിയായ സ്വദേശി ശ്രീ. ടോമി പാലയ്ക്കത്തടത്തിൽ മുട്ടുചിറയിൽ 10 സെന്റ് സ്ഥലവും വീടും, സ്വന്തമായി സ്ഥലവും വീടുമില്ലാതിരുന്ന രണ്ട് കുടുംബങ്ങൾക്ക് സംഭാവനയായി നൽകി. പുന്നക്കുന്നം ഇടവകാംഗങ്ങളായ ശ്രീ. ഷാജി ജോസഫ് മാമ്മൂട്ടിൽ പത്തിൽചിറ, ശ്രീ. സണ്ണി ജോസഫ് മാമ്മൂട്ടിൽ പത്തിൽചിറ എന്നിവരാണ് ഗുണഭോക്താക്കൾ. ഭവനത്തിന്റെ വെഞ്ചരിപ്പ് ഡിസംബർ 8 ന് മുട്ടുചിറ പള്ളി വികാരി റവ. ഫാ. ജോസ് ഇടത്തിപ്പറമ്പിലും, താക്കോൽദാനം ശ്രീ. മോൺസ് ജോസഫ് MLA യും നിർവഹിച്ചു. പുല്ലങ്ങാടി പള്ളി വികാരി ബഹുമാനപ്പെട്ട അലക്സ് പാറപ്പുറം അച്ചന്റെ ഇടപെടലുവഴി പുന്നക്കുന്നം പള്ളി വികാരി ഫാ. ടോണി മണിയഞ്ചിറയുടെയും ഇടവകാംഗങ്ങളുടെയും നിർലോഭമായ സഹകരണം മൂലമാണ് ഈ സംരംഭം സാധ്യമായത്.

### (2) ഭവന നിർമ്മാണ സഹായവിതരണം

ഷംഷാബാദ് രൂപതയുടെ സഹകരണത്തോടെ ചേന്നങ്കരി, പച്ച-ചെക്കിടിക്കാട്, പാണ്ടി, തായങ്കരി എന്നീ ഇടവകകളിൽ നിർമ്മിക്കുന്ന 15 വീടുകൾക്കുള്ള ധന സഹായത്തിന്റെ ആദ്യഗഡു വിതരണം ചെയ്തു.

### (3) വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി

MCBS സന്യാസ സമൂഹം ദത്തെടുത്ത മണലാടി ഇടവകയിൽ 12 വീടുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി.

### (4) ഉപരിപഠനത്തിന് വിദ്യാഭ്യാസ സഹായവിതരണം

അതിരൂപതയുടെ കുട്ടനാട് പുനർനിർമ്മാണപദ്ധതിയുടെ ഭാഗമായി 50 വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള വിദ്യാഭ്യാസ സഹായവിതരണം

നടത്തി. SVD & SspS Congregations നടപ്പിലാക്കുന്ന പദ്ധതിയിലാണ് ധനസഹായം നൽകുന്നത്. ഡിസംബർ 19 ന് ചാസ് കോൺഫ്രൻസ് ഹാളിൽ കൂടിയ സമ്മേളനത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം വിതരണോദ്ഘാടനം നടത്തി. കോൺഗ്രിഗേഷന്റെ സോഷ്യൽ വർക്ക് ഇൻചാർജ് റവ. ഫാ. ബാബു കക്കാനിയിൽ SVD പ്രോജക്ട് വിശദീകരണം നടത്തി. റവ. ഫാ. മാത്യു നിരപ്പേൽ SVD, റവ. സിസ്റ്റർ ഷീജ സ്കറിയ SspS, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. 150 വിദ്യാർത്ഥികൾക്ക് പദ്ധതിയിൽ സഹായം ലഭിക്കും.

**UNICEF പ്രോജക്ട് സമാപനം**

CHASS-UNICEF ന്റെ സഹകരണത്തോടെ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് കുട്ടനാട്ടിലെ 8 പഞ്ചായത്തുകളിൽ നടത്തിവന്ന 'മാതൃശിശു സംരക്ഷണവും ശുചിത്വ ബോധവത്ക്കരണവും' എന്ന പദ്ധതിയുടെ സമാപനം ഡിസംബർ 17 ന് ചാസ് കേന്ദ്രഓഫീസിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോഗ്രാം കോ-ഓർഡിനേറ്റർ സി. സെൽമ എസ്. അർ.എ. എന്നിവർ പദ്ധതിയുടെ വിലയിരുത്തൽ നടത്തുകയും പ്രവർത്തകർക്ക് നന്ദിയർപ്പിക്കുകയും ചെയ്തു. പദ്ധതി നിർവഹണത്തിൽ 100 വോളണ്ടിയേഴ്സ് പ്രവർത്തിച്ചു.

**കാരിത്താസ് Eco പ്രോജക്ട്**

പ്രളയാനന്തരം കുട്ടനാട്ടിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ചാസ്-കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ കുട്ടനാട്ടിലെ കൈനകരി, നെടുമുടി, ചമ്പക്കുളം പഞ്ചായത്തുകളിൽ നടപ്പാക്കുന്ന Eco പ്രോജക്ടിന്റെ പ്രാരംഭഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 1560 കുടുംബങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായം നല്കുന്നു. കൂടാതെ ബോധവത്ക്കരണ പരിപാടികൾ, സ്വയംതൊഴിൽ പരിശീലനം, കുടിവെള്ളം, ടോയ്‌ലറ്റ് നിർമ്മാണം തുടങ്ങിയവയും പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു.

| പഞ്ചായത്ത് | വാർഡ് | ഗുണഭോക്താക്കൾ | സ്വയം ണ്ട | ഗൃഹോപകരണം | തുക |
|---|---|---|---|---|---|
| ചമ്പക്കുളം | 13 | 780 | 390*10000 | 390*3500 | 5265000/ |
| നെടുമുടി | 6 | 360 | 180*10000 | 180*3500 | 2430000/ |
| കൈനകരി | 7 | 420 | 210*10000 | 210*3500 | 2835000/ |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2018 ഡിസംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം**

| | പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|---|
| 396. | സുമതി രാഘവൻ | തിരുഹൃദയക്കുന്ന് | ഇരവുചിറ | കുറുമ്പനാടം |
| 397. | കുട്ടപ്പൻ പി.കെ. | ഫ്രസ് | ചാഞ്ഞോടി | തൃക്കൊടിത്താനം |
| 398. | അന്നമ്മ ജോബ് | സൗഭാഗ്യ | കുറുമ്പനാടം | കുറുമ്പനാടം |
| 399. | കുഞ്ഞുമോൾ ബാബു | സ്നേഹ | പഴവങ്ങാടി | ആലപ്പുഴ |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

❖ **മരണാനന്തരസഹായം**

| | പേര് | യൂണിറ്റ് | മേഖല |
|---|---|---|---|
| 209. | ജോസഫ് കറുകപ്പറമ്പ് | പാണ്ടി | എടത്വാ |
| 210. | ഉലഹന്നാൻ ജോസ് കിഴക്കേകുറ്റ് | വെട്ടിമുകൾ | അതിരമ്പുഴ |
| 211. | റോസമ്മ മാത്യു കരിവേലിമല | അതിരമ്പുഴ | അതിരമ്പുഴ |
| 212. | ചാക്കോ കുര്യൻ ബഥേൽസ്രാമ്പിക്കൽ | കിഴക്കേമിത്രക്കരി | എടത്വാ |
| 213. | കെ.എം. ജോസഫ് കോയിക്കൽകുന്നേൽ | ഫിൽഗിരി | കൊല്ലം |
| 214. | ജോസ് ജോസഫ് മൂന്നുംചിറ | മീൻകുളം | കൊല്ലം |
| 215. | പി.എൽ. മോസസ് അരവിന്ദ്ഭവൻ | ആറാട്ടുവഴി | ആലപ്പുഴ |
| 216. | കെ.എം. ആന്റണി ചൂളയിൽ | പുന്നമട | ആലപ്പുഴ |
| 217. | വർക്കി ജോസഫ് പട്ടത്താനം | എടത്വാ | എടത്വാ |

❖ **ചികിത്സാസഹായം**

| | പേര് | യൂണിറ്റ് | മേഖല |
|---|---|---|---|
| 110. | ജിലി മോനിച്ചൻ തുണ്ടുപറമ്പ് | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 111. | പി.പി. ജോസഫ് പടിഞ്ഞാറേവീട് | കൂത്രപ്പള്ളി | നെടുംകുന്നം |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2018 ഡിസംബർ മാസം 29 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 52 അപേക്ഷകർക്ക് 72,700/- രൂപ നൽകി.

### (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

❖ 2018 ഡിസംബർ മാസം 10 ഗുണഭോക്താക്കൾക്ക് 1,64,000- രൂപ സഹായധനം അനുവദിച്ചു.

## കേന്ദ്രവാർത്തകൾ

### KILA- പരിശീലന പരിപാടി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, ചാസിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിൽ ഡിസംബർ 3,4,5,6 തീയതികളിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർക്കായി ജില്ലാതല പരിശീലന പരിപാടി സംഘടിപ്പിച്ചു. മൂന്ന് ബാച്ചുകളിലായി 458 അംഗങ്ങൾ പങ്കെടുത്തു.

## Inter religious widows convention

കേരള സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് ചാസിന്റെ നേതൃത്വത്തിൽ ഡിസംബർ 10 ന് 25 നും 50 നും മധ്യേ പ്രായമുള്ള വിധവകൾക്കായി ചാസ് കോൺഫ്രൻസ് ഹാളിൽ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. KSSF എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടികാട്ടിൽ അദ്ധ്യക്ഷതവഹിച്ചു. വികാരി ജനറാൾ വെരി. റവ. ഫാ. തോമസ് പാടിയത്ത് ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. വിധവകൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് എറണാകുളം അങ്കമാലി അതിരൂപത ജൂഡിത്ത് ഫോറം കോ-ഓർഡിനേറ്റർ ശ്രീമതി ബീന ജോസഫ് ക്ലാസ് നയിച്ചു. 119 അംഗങ്ങൾ പങ്കെടുത്തു.

**ഊർജ്ജ സംരക്ഷണദിന റാലി സംഘടിപ്പിച്ചു**

ലോക ഊർജ്ജസംരക്ഷണ ദിനാചരണത്തിന്റെ ഭാഗമായി 2018 ഡിസംബർ 18 റാലി നടത്തപ്പെട്ടു. കേരള എനർജി മാനേജ്മെന്റ് സെന്ററിന്റെയും സെന്റർ ഫോർ എൻവയോൺമെന്റിന്റെയും നേതൃത്വത്തിലാണ്, കേന്ദ്ര ഗവൺമെന്റിന്റെ 'ഊർജ്ജ കിരൺ' റാലി ചാസ് സംഘടിപ്പിച്ചത്. എസ്.ബി. കോളേജിലെ നാഷണൽ സർവ്വീസ് സ്കീം (NSS) നാഷണൽ കേഡറ്റ് കോർപ്സ് (NCC) നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും, ചാസ് സ്വാശ്രയ സംഘാംഗങ്ങളും റാലിയിൽ അണിനിരന്നു. ചാസ് അങ്കണത്തിൽ ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർമാൻ ശ്രീ. ലാലിച്ചൻ കുന്നിപ്പറമ്പിൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ഫാ. തോമസ് കുളത്തുങ്കൽ, ഡോ. ജോസഫ് എബ്രഹാം എന്നിവർ പ്രസംഗിച്ചു.

**കെയർ എ ഫാമിലി പ്രോഗ്രാം**

കെയർ എ ഫാമിലി പ്രോഗ്രാമിലേയ്ക്ക് 2019-2021 കാലയളവിലേയ്ക്കുള്ള കുടുംബങ്ങളെ തെരഞ്ഞെത്തു. അമ്പൂരി, മായം, വാവോട്, ഡാൽമുഖം, പച്ചക്കാട്, ആര്യൻകാവ്, മീൻകുളം, ഇരവുചിറ, കൂത്രപ്പള്ളി, മാടപ്പള്ളി എന്നീ യൂണിറ്റുകളിൽ നിന്നുമുള്ള 27 കുടുംബങ്ങളെ യാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

## മേഖലാവാർത്തകൾ

**മത്സ്യകൃഷി വിളവെടുപ്പ്**

വിഷരഹിത മത്സ്യം വിപണിയിൽ എത്തിക്കുക, വീട്ടുമുറ്റത്തൊരു മത്സ്യക്കുളം എന്ന ആശയം പൊതുസമൂഹത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഏറ്റുമാനൂർ 'മാവേലി' പുരുഷ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ നടത്തിവന്നിരുന്ന മത്സ്യകൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം നവംബർ 29 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. സംഘം പ്രസിഡന്റ് വിഷ്ണു പ്രസന്നൻ അദ്ധ്യക്ഷത വഹിച്ചു.

**യൂണിറ്റ് രൂപീകരിച്ചു**

കുട്ടനാട് മേഖലയിൽ പുളിംകുന്ന് (നവംബർ 26) നസ്രത്ത് (ഡിസംബർ 15), വടക്കേഅമിച്ചകരി (ഡിസംബർ 16) എന്നിവിടങ്ങളിൽ ചാസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ യൂണിറ്റിന്റെ പ്രവർത്തനലക്ഷ്യങ്ങൾ വിശദീകരിച്ചു.

**സ്വാശ്രയസംഘസംഗമം**

**മാന്നില :** യൂണിറ്റിൽ നവംബർ 15 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പറപ്പള്ളി അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, മാടപ്പള്ളി പഞ്ചായത്ത് മെമ്പർ ശ്രീമതി ആൻസി എന്നിവർ പ്രസംഗിച്ചു. 65 അംഗങ്ങൾ പങ്കെടുത്തു.

**ഇരവുചിറ :** യൂണിറ്റിൽ നവംബർ 27 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ളൂയിസ് വെള്ളാനിക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് കാൻസർ ബോധവത്ക്കരണ ക്ലാസ് നയിച്ചു. 70 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**മങ്കൊമ്പ് :** യൂണിറ്റിൽ ഡിസംബർ 4 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. ശ്രീമതി മേരിക്കുട്ടി മാത്യു സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മൈക്കിൾ കിങ്ങണംചിറ അദ്ധ്യക്ഷതവഹിച്ചു. 42 അംഗങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് സംഗമം**

**കൊണ്ടാക്കൽ :** ക്രെഡിറ്റ് യൂണിയൻ, SHG അംഗങ്ങളുടെ സംഗമം ഡിസംബർ 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് വാത്യാകരിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. 200 പേർ പങ്കെടുത്ത യോഗത്തിൽ ചാസ് ഡയറക്ടർ ചാസിന്റെ വിവിധ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**SAFP മേഖലാതല മീറ്റിംഗ്**

**അതിരമ്പുഴ** മേഖലയിലെ സേവ് എ ഫാമിലി കുടുംബങ്ങളുടെ മേഖലാതല മീറ്റിംഗ് നവംബർ 29 ന് ഏറ്റുമാനൂർ ക്രിസ്തുരാജ് പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം ഉദ്ഘാടനം നിർവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. കോ-ഓർഡിനേറ്റർ സിസ്റ്റർ സെൽമ എസ്.ആർ.എ. 'പോഷകാഹാരത്തെ'ക്കുറിച്ച് ക്ലാസ് നയിച്ചു. അതിരമ്പുഴ, കോട്ടയം, കുടമാളൂർ മേഖലകളിൽനിന്നും 95 അംഗങ്ങൾ പങ്കെടുത്തു.

**ചങ്ങനാശ്ശേരി** മേഖലയിലെ സേവ് എ ഫാമിലി കുടുംബങ്ങളുടെ മേഖലാതല മീറ്റിംഗ് ഡിസംബർ 6 ന് കൂത്രപ്പള്ളി സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. RRTC, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ലിറ്റിമോൻ എം.എസ്. 'പോഷകാഹാരത്തെ'ക്കുറിച്ച് ക്ലാസ് നയിച്ചു. ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, നെടുംകുന്നം, മണിമല മേഖലകളിൽ നിന്നും 112 അംഗങ്ങൾ പങ്കെടുത്തു.

**കീർത്തി പവർ ടൂൾസ് ഉദ്ഘാടനം**

തൃക്കൊടിത്താനം യൂണിറ്റിൽ പ്രവർത്തിക്കുന്ന 'കീർത്തി' പുരുഷ സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ കാർഷികയന്ത്രോ ഉപകരണങ്ങൾ വാടകയ്ക്ക് നല്കുന്ന സംരംഭം 'കീർത്തി പവർ ടൂൾസ്' എന്ന പേരിൽ ഡിസംബർ 8 ന് പ്രവർത്തനം ആരംഭിച്ചു. തൃക്കൊടിത്താനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. രാജു സംരംഭം ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ അനുഗ്രഹപ്രഭാഷണം നടത്തി.

**പച്ചക്കറി തൈവിതരണം**

മുടിയൂർക്കര യൂണിറ്റിലെ സെന്റ് ജോസഫ് സ്വാശ്രയസംഘം മുടിയൂർക്കര ഇടവകാതിർത്തിയിൽ വരുന്ന എല്ലാ കുടുംബങ്ങളിലും അടുക്കളത്തോട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി പയർ, പാവൽ, മുളക്, വഴുതന എന്നിവയുടെ തൈവിതരണം ചെയ്തു. വിതരണോദ്ഘാടനം റവ. ഫാ. ജെയിംസ് കലയംകണ്ടം നിർവഹിച്ചു.

**സ്വയംതൊഴിൽ പരിശീലനം**

മണിമല ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂളും ചാസും സംയുക്തമായി മാതാപിതാക്കൾക്കായി നവംബർ 27 ന് സ്വയം തൊഴിൽ പരിശീലന പരി

പാടി സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. വാർഡ് മെമ്പർ ശ്രീ. ജോണിക്കുട്ടി തോമസ് ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി മേരിക്കുട്ടി മാത്യു പരിശീലന ക്ലാസ് നയിച്ചു. 53 അംഗങ്ങൾ പങ്കെടുത്തു.

**സ്വയംതൊഴിൽ പരിശീലനം**

കായൽപ്പുറം യൂണിറ്റിൽ സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് ഡിസംബർ 4 ന് ഫ്ളവർ അറേഞ്ച്മെന്റ് പരിശീലനം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് മൂലംകുന്നം ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. തോമസ് ആന്റണി മര്യാലയം അദ്ധ്യക്ഷതവഹിച്ചു. ശ്രീമതി മേരിക്കുട്ടി മാത്യു പരിശീലനത്തിന് നേതൃത്വം നൽകി. 32 അംഗങ്ങൾ പങ്കെടുത്തു.

**ലഹരിവിരുദ്ധ സെമിനാർ**

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി RRTC യുടെ ആഭിമുഖ്യത്തിൽ മദ്യം മയക്കുമരുന്ന് ലഹരി വസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ശ്രീ. റ്റി. എ. മാത്യു തച്ചിലേട്ട്, ശ്രീ. ലിറ്റിമോൻ എം.എസ് എന്നിവർ ക്ലാസ് നയിച്ചു.

| **തീയതി** | **സ്കൂൾ** | **പങ്കെടുത്തവർ** |
|---|---|---|
| 24.11.2018 | Govt. H.S.S., വടക്കേക്കര | 150 |
| 30.11.2018 | സെന്റ് പീറ്റേഴ്സ് H.S.S., കുറുമ്പനാടം | 110 |
| 04.12.2018 | മലകുന്നം H.S.S., ഇത്തിത്താനം | 120 |
| 07.12.2018 | Govt. H.S.S., ചങ്ങനാശ്ശേരി | 81 |

**സ്വാശ്രയ സംഘരൂപീകരണം**

| **തീയതി** | **സംഘം** | **യൂണിറ്റ്** | **അംഗങ്ങൾ** |
|---|---|---|---|
| 27.11.2018 | സ്നേഹദീപം | എടത്വാ | 19 |
| 10.12.2018 | സഹായി | ളായിക്കാട് | 14 |

# പ്രളയബാധിതരെ സഹായിക്കാൻ ആഗോളസംഘടനകൾ

## 1. Habitat for Humanity India

പ്രളയബാധിതരെ സഹായിക്കുവാനുള്ള സംരംഭത്തിൽ ചാരിറ്റി വേൾഡ്, ഹബിറ്റാറ്റുമായി സമ്മതപത്രം ഒപ്പിട്ടു. കുട്ടനാട്ടിലെ ഏതെങ്കിലും ഒരു പഞ്ചായത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഹബിറ്റാറ്റ് ഉദ്ദേശിക്കുന്നത്. ആലുവ കളമശ്ശേരിയിലെ സേവ്യേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ വച്ച് നവംബർ 22-ാം തീയതി രാവിലെ 9 മുതൽ 4 വരെ പ്രത്യേകമായ പരിശീലനവും ഹബിറ്റാറ്റ് ക്രമീകരിച്ചു. 2019 ജനുവരിയോടു കൂടി പുനരുദ്ധാരണപ്രവർത്തനങ്ങൾ ആരംഭിക്കും.

## 2. ADRA - യുടെ സഹായം

Adventist Development & Relief Agency (ADRA) ഏകദേശം 500 കിറ്റുകൾ ചാരിറ്റി വേൾഡ് വഴി വെളിയനാട്, കാവാലം, നീലമ്പേരൂർ പഞ്ചായത്തുകളിൽ വിതരണം ചെയ്തു. വീട്ടുപകരണങ്ങൾ അടങ്ങിയ കിറ്റുകൾ പ്രളയബാധിതർക്ക് ഉപകാരമായി.

## 3. Concern India Foundation

കുട്ടനാട്ടിലെ ഏതെങ്കിലും ഒരു പഞ്ചായത്ത് തിരഞ്ഞെടുത്ത് കുടിവെള്ളം, സ്വയം തൊഴിൽ എന്നിവയ്ക്ക് പരിഹാരം കാണുവാൻ Concern India ചാരിറ്റി വേൾഡുമായി സഹകരിക്കുന്നു. പരസ്പരമുള്ള സമ്മതപത്രം ഒപ്പിട്ടു കഴിഞ്ഞു. 2019 ജനുവരിയിൽ പ്രവർത്തനങ്ങൾ ആരംഭിക്കും.

## 4. GOPIO

Global Organization of People of Indian Origin ചാരിറ്റി വേൾഡുമായി ചേർന്ന് കുട്ടനാട്ടിൽ കുടിവെള്ള പ്രശ്നത്തിനും, സ്വയം തൊഴിലിനും പരിഹാരം കാണുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രാരംഭ നടപടി എന്ന നിലയിൽ 3,000 രൂപ വിലവരുന്ന 310 പ്യൂരിഫയേഴ്സ് ഭിന്നശേഷിക്കാരായവരുടെ കുടുംബങ്ങൾക്ക് ഒക്ടോബർ, ഡിസംബർ മാസങ്ങളിൽ വിതരണം ചെയ്തു.

## 5. Reaching Hand

ആഗോള സംഘടനയായ Reaching Hand കുട്ടനാട്ടിലെ പ്രളയബാധിതരെ സ്വയം തൊഴിലിലൂടെ ഉദ്ധരിക്കുന്നതിനായി കോഴിയും കോഴിക്കൂടും വിതരണം ചെയ്തു. 20,000 രൂപ വീതം വില വരുന്ന 1 കോഴിക്കൂടും മുട്ടയിടുന്ന 20 കോഴികളെയുമാണ് കൊടുക്കുന്നത്. ആദ്യപടിയായി മുട്ടാർ, വെളിയനാട്, കൈനകരി പഞ്ചായത്തുകളിലുള്ള 50 കുടുംബങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. 10 ലക്ഷം രൂപയാണ് ഇതുവഴി റീച്ചിംഗ് ഹാന്റ് മുടക്കുന്നത്.

### വീട്ടുപകരണങ്ങൾ അടങ്ങിയ കിറ്റുകൾ

പ്രളയബാധിതരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഹബിറ്റാറ്റ് കുട്ടനാട്ടിൽ 8000 രൂപ വിലമതിപ്പുള്ള ഏറെ കിറ്റുകൾ വിതരണം ചെയ്തെങ്കിൽ 750 ഓളം കിറ്റുകൾ കോന്നി, മാടപ്പള്ളി ബ്ലോക്ക്, ചങ്ങനാശേരി മുനിസിപ്പാലിറ്റി എന്നിവടങ്ങളിൽ വിതരണം ചെയ്യുന്നു. ഹോങ്കോങ് ഗവൺമെന്റിന്റെ സാമൂഹ്യസേവന വിഭാഗമാണ് കിറ്റുകൾ നല്കുന്നത്. 10000 രൂപ വിലമതിക്കുന്നവയാണ് ഓരോ കിറ്റുകളും.

### നെടുങ്കുന്നത്ത് 21.5 സെന്റ് സ്ഥലം

സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് വീട് വച്ചു കൊടുക്കുവാൻ 21.5 സെന്റ് സ്ഥലം കുറുമ്പനാടം വേണാട്ടുശേരി ശ്രീ. വി.ഡി. തോമസ് ദാനമായി ചാരിറ്റി വേൾഡിന് നല്കി.

### മഴവിൽ

ഭിന്നശേഷി ദിനമായ ഡിസംബർ 3-ന് മുന്നോടിയായി ഡിസംബർ 1-ാം തിയതി ശനിയാഴ്ച 'മഴവിൽ' എന്ന പേരിൽ ജിമ്മി പടനിലം സ്പെഷ്യൽ സ്ക്കൂളിൽ ആഘോഷങ്ങൾ സംഘടിക്കപ്പെട്ടു. അന്നേ ദിവസം ഭിന്നശേഷിക്കാരുടെ കുടുംബങ്ങളുടെ കൂട്ടായ്മയായ റയിൻബോ ക്ലബ്ബിന്റെ രണ്ടാം വാർഷികാഘോഷവും സംഘടിപ്പിച്ചു. രാവിലെ 9 മുതൽ വൈകിട്ട് 4 വരെ നടത്തപ്പെട്ട ആഘോഷ പരിപാടിയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാമത്സരങ്ങൾ നടത്തി. 100 ഓളം കുട്ടികൾ 4 സ്റ്റേജുകളിലായി നടത്തപ്പെട്ട കലാപരിപാടികളിൽ മത്സരിച്ചു. ഉച്ചകഴിഞ്ഞ് 2:30-ന് നടത്തപ്പെട്ട പൊതുസമ്മേളനം ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യുകയും വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്തു.

### പട്ടിണിരഹിത ചങ്ങനാശേരി താലൂക്ക്

'പട്ടിണിയിൽ ആരും കഴിയരുതേ' എന്ന ലക്ഷ്യത്തോടെ പട്ടിണിരഹിത ചങ്ങനാശേരി താലൂക്കിന് ഡിസംബർ 9-ന് തുടക്കം കുറിച്ചു. തുരുത്തി മർത്ത മറിയം പള്ളിയുടെ പാരിഷ്ഹാളിൽ ഉച്ചകഴിഞ്ഞ് 2:30-ന് ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. ചീഫ് ഇമാം വി.എച്ച്. അലിയാർ ഖാസിമി, ബ്രഹ്മശ്രീ അഗ്നിശർമ്മൻ വാസുദേവൻ ഭട്ടതിരിപ്പാട് എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി. പദ്ധതിയുടെ ആദ്യപടിയായി താലൂക്കിലുള്ള 100 കുടുംബങ്ങൾക്ക് മാസം തോറും കിറ്റുകൾ വിതരണം ചെയ്യും. പിന്നീട് പട്ടിണിയിലുള്ള എല്ലാ കുടുംബങ്ങളിലേയ്ക്കും 'പദ്ധതി' വ്യാപിപ്പിക്കും.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി** | **ഡോ. ജോർജ് പടനിലം**
**ഫാ. ജോസ് നിലവന്തറ** | **സിബിച്ചൻ തരകൻപറമ്പിൽ**
**സണ്ണിച്ചൻ ഇടിമണ്ണിയ്ക്കൽ**
**ജോൺസൺ പെരുമ്പായിൽ**

**"തിരുസഭയുടെ ദൗത്യം എന്നത്, തന്റെ നാലു ചുവരുകളെ ഉപേക്ഷിച്ചുകൊണ്ട് അകന്നിരിക്കുന്നവരെ, പരിധി വിട്ട് നടക്കുന്നവരെ അന്വേഷിച്ച് പോവുക എന്നതാണ്. ഇത്, നമ്മുടെ വാതിൽക്കൽ വന്ന് മുട്ടുന്നവരെ സ്വാഗതം ചെയ്യുന്നത് മാത്രമല്ല, മുൻവിധിയില്ലാതെ, ഭയമില്ലാതെ അകന്നിരിക്കുന്നവരെ തേടിപ്പോയി സഭയിലേക്ക് അടുപ്പിക്കുന്നതും കൂടിയാണ്. നമുക്ക് ദാനമായി ലഭിച്ചത്, ദാനമായിത്തന്നെ നമുക്ക് പങ്കു വയ്ക്കാം."**

**– ഫ്രാൻസീസ് മാർപ്പാപ്പ, ഫെബ്രുവരി 2015**

**സോണൽ സേവനസമിതി യോഗം :** നവംബർ മാസത്തെയും ഡിസംബർ മാസത്തെയും സേവനസമിതി യോഗങ്ങൾ യഥാക്രമം ഷാജി പുത്തൻചിറയിലിന്റെ തെങ്ങണയിലുള്ള ഭവനത്തിൽ 28-ാം തീയതിയും പാസ്റ്ററൽ സെന്റർ ഓഫീസിൽ 19-ാം തീയതിയും കൂടുകയുണ്ടായി. മുരിങ്ങൂരിൽ വച്ച് നടന്ന ദേശീയ മദ്ധ്യസ്ഥപ്രാർത്ഥന കോൺഫറൻസിൽ ചങ്ങനാശേരിയിൽനിന്നും 60 പ്രതിനിധികൾ പങ്കെടുത്തതിൽ യോഗം സന്തോഷം രേഖപ്പെടുത്തി. ഡിസംബർ 27,28,29 തീയതികളിൽ നടക്കുന്ന ചങ്ങനാശേരി കരിസ്മാറ്റിക് കൺവൻഷന്റെ ഒരുക്കങ്ങൾ യോഗം വിലയിരുത്തി.

**ചങ്ങനാശേരി കരിസ്മാറ്റിക് കൺവൻഷൻ :** ഡിസംബർ 27,28,29 തീയതികളിൽ സംഘടിപ്പിക്കുന്ന കരിസ്മാറ്റിക് കൺവൻഷനുവേണ്ടിയുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. മോൻ പുത്തൻകളം ജനറൽ കൺവീനറും സണ്ണിച്ചൻ ഏലംകുന്നം, സണ്ണിച്ചൻ ഇടിമണ്ണിക്കൽ എന്നിവർ പബ്ലിസിറ്റി, സണ്ണിച്ചൻ കൊച്ചുപറമ്പിൽ മൊബിലൈസേഷൻ എന്നീ ഉത്തരവാദിത്തങ്ങൾ വഹിച്ചുകൊണ്ട് തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു. ടോമിച്ചൻ പുല്ലങ്കാവുങ്കൽ (സോണൽ കോർഡിനേറ്റർ), മഞ്ജു മാത്തൂർ (സോണൽ സെക്രട്ടറി), ജയിംസ് നടുവിലെ പറമ്പിൽ, മോൻ ചെത്തിമറ്റം, ജോജി നെല്ലുവേലി സിബിച്ചൻ ഉപ്പുകുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകുന്ന നാല്പതംഗ കൺവൻഷൻ കമ്മിറ്റി ആണ് ഒരുക്കങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. കൺവൻഷന് ഒരുക്കമായി, ഡിസംബർ 1-ാം തീയതി വൈകുന്നേരം നടന്ന ജറീക്കോ പ്രാർത്ഥന ചങ്ങനാശേരി ജീസസ് യൂത്തിന്റെ നേതൃത്വത്തിലാണ് നടന്നത്. ചങ്ങനാശേരി അതിരൂപതയുടെ അതിർത്തികളിലൂടെ വാഹനങ്ങളിൽ സഞ്ചരിച്ചുകൊണ്ട് നടത്തിയ ജറീക്കോ പ്രാർത്ഥന ആരംഭിച്ചത് എസ്.ബി.കോളേജ് ചാപ്പലിൽ നിന്നാണ്. ജറീക്കോ പ്രയാണത്തിന് ശേഷം ചാപ്പലിൽ ദിവ്യകാരുണ്യ ആരാധന ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു.

കൺവൻഷന് ഒരുക്കമായി 200 വോളന്റിയർമാരെ പങ്കെടുപ്പിച്ചുകൊണ്ട് നടക്കുന്ന ഒരുക്ക കൺവൻഷൻ ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് ഡിസംബർ 22ന്, രാവിലെ പത്ത് മണിമുതൽ നടക്കുകയാണ്.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. മാത്യു താന്നിയത്ത്**
*(ഡയറക്ടർ)*
*ഫോൺ: 9446903631*

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
*(കോ-ഓർഡിനേറ്റർ)*
*ഫോൺ: 9061954230*

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

കാത്തിരിപ്പിന്റെ സുഖമുള്ള നോവിന് വിരാമമിട്ടുകൊണ്ട് മറ്റൊരു ക്രിസ്മസ് കാലംകൂടി വന്നുചേർന്നു. ഓർമച്ചെപ്പിലേക്കു മധുരം നിറച്ചുകൊണ്ട് മങ്ങാൻ വെമ്പുന്ന 2018 ലെ ക്രിസ്മസ് ആഘോഷങ്ങൾക്കു മദ്ധ്യേ ഉള്ളിൽ ഉണ്ണി ഈശോയ്ക്ക് ആഥിത്യമരുളാൻ വിദ്യാർത്ഥി വിദ്യാർത്ഥിനികളെ പ്രോജ്വലിപ്പിക്കുന്ന കെ.സി.എസ്.എൽ. അതിരൂപതാ വാർത്തകൾ കുറിക്കുന്നു.

**അഖിലകേരള ചാവറ പ്രസംഗമത്സരം**

ചങ്ങനാശ്ശേരി സെന്റ് ജോസഫ് ജി.എച്ച്.എസ്.എസ്.ൽ വച്ച് നവംബർ 23-ാം തീയതി നടത്തപ്പെട്ട മത്സരം കത്തീഡ്രൽ പള്ളി വികാരി ഫാ. കുര്യൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. വിവിധ സ്കൂളുകളിൽനിന്ന് 17 കുട്ടികൾ പങ്കെടുത്തു. ഹൈസ്ക്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങൾക്ക് പ്രത്യേകമായിരുന്നു മത്സരം. ഹൈസ്ക്കൂൾ വിഭാഗത്തിൽ നെടുങ്കുന്നം സെന്റ് തെരേസാസ് സ്കൂളിലെ **സാന്ദ്ര മരിയ സാജു** ഒന്നാം സ്ഥാനവും, ചങ്ങനാശേരി സെന്റ് ജോസഫ്സിലെ **ജിയ മരിയ ഫിലിപ്പ്** രണ്ടാം സ്ഥാനവും ചമ്പക്കുളം സെന്റ് മേരീസിലെ **ആഷ്‌ലി റോയ്** മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹയർ സെക്കൻഡറി വിഭാഗത്തിൽ വാഴപ്പള്ളി സെന്റ് തെരേസാസ് സ്കൂളിലെ **മിസ്റ്റി എൽസ മാത്യു** ഒന്നാം സ്ഥാനവും, നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റിലെ **ചെറിയാൻ ജോൺ** രണ്ടാം സ്ഥാനവും, **ടെസ് കുര്യാക്കോസ്** മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് പ്രശസ്തിപത്രവും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 2000, 1500, 1000 രൂപ വീതവും സമ്മാനിച്ചു.

**അഖിലകേരള ധന്യൻ മാർ കുര്യാളശ്ശേരി ക്വിസ്സ്**

മത്സരം ചങ്ങനാശേരി സെന്റ് തെരേസാസ് ജി.എച്ച്.എസ്.എസ്.ൽ വച്ച് നടത്തപ്പെട്ടു. യു.പി., എച്ച്.എസ്. വിഭാഗങ്ങൾക്ക് പ്രത്യേകമായി മത്സരം നടത്തപ്പെട്ടു. ചങ്ങനാശേരി സെന്റ് തെരേസാസ് സ്കൂളിൽ വച്ച് നവംബർ 27-ാം തീയി നടത്തപ്പെട്ട മത്സരം എസ്.എ.ബി.എസ്. ചങ്ങനാശേരി സെന്റ് തോമസ് വികാർ പ്രൊവിൻഷ്യാൾ സി. മേഴ്സി മാന്തുരത്തിയിൽ ഉദ്ഘാടനം ചെയ്തു. **മത്സരത്തിലെ വിജയികൾ:** ഹൈസ്കൂൾ വിഭാഗത്തിൽ ചങ്ങനാശേരി **സെന്റ് ആൻസ് സ്കൂളിലെ ആൻ മരിയ എസ്., റോസ് മരിയ സെബാസ്റ്റ്യൻ** എന്നിവരടങ്ങിയ സംഘം ഒന്നാം സ്ഥാനം കരസ്ഥമാക്കി. രണ്ടാം സ്ഥാനം **ചങ്ങനാശേരി എസ്.ബി. സ്കൂളിലെ ടോമി വർഗ്ഗീസ്, എമിൻ തോമസ്** എന്നിവരുടെ സംഘം നേടിയെടുത്തു. **വാഴപ്പള്ളി സെന്റ് തെരേസാസിൽനിന്നുള്ള മെറിൻ കെ. വിൻസിച്ചൻ, ആൻമേരി അഗസ്റ്റിൻ** എന്നിവർക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. യു. പി. വിഭാഗത്തിൽ **ചങ്ങനാശേരി സെന്റ് ആൻസ് സ്കൂളിലെ റൊസ് ബിജു സെബാസ്റ്റ്യൻ, അഡോണ കെ. സാജൻ** എന്നിവർക്ക് ഒന്നാം സ്ഥാനം ലഭിച്ചു. നെടുങ്കുന്നം **സെന്റ് തെരേസാസിലെ ജെറീന ജേക്കബ്, അൽഫോൻസ സാജു** എന്നിവർ രണ്ടാം സ്ഥാനം നേടിയെടുത്തപ്പോൾ **ചങ്ങനാശേരി എസ്.ബി. സ്ക്കൂളിലെ ദീപക് ജെ.മാത്യു, ജിയോൺ ജോർജ് രാജ്** എന്നിവർക്ക് മൂന്നാം സ്ഥാനവും ലഭിച്ചു. വിജയികൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 3000, 2000, 1000 രൂപാ വീതം സമ്മാനിച്ചു.

## സംസ്ഥാനതല കെ.സി.എസ്.എൽ. ദിനാഘോഷം

ഡിസംബർ 7–ാം തീയതി ചങ്ങനാശേരി എസ്.ബി. സ്കൂളിൽ വച്ച് സംസ്ഥാനതല കെ.സി.എസ്.എൽ. ദിനാഘോഷം നടത്തപ്പെട്ടു. അതിഥികളെ ചങ്ങനാശേരി സെന്റ് ജോസഫ് സ്കൂളിലെ ബാൻഡ് സംഘം സ്വീകരിച്ചു. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിന് കെ.സി.എസ്.എൽ. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി മേരി ബെർല കോറേയ അദ്ധ്യക്ഷത വഹിച്ചു. ചങ്ങനാശേരി അതിരൂപതാ കോർപറേറ്റ് മാനേജർ ഫാ. മനോജ് കറുകയിൽ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. മാത്യു വാരുവേലിൽ (കെ.സി.എസ്.എൽ. അതിരൂപത ഡയറക്ടർ), ഫാ. ലൈജു കണിച്ചേരിൽ (കെ.സി.എസ്.എൽ. അതിരൂപത ഡയറക്ടർ), ശ്രീ. ജോസ് ജോസഫ് (പ്രിൻസിപ്പൽ, എസ്.ബി. സ്കൂൾ) തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ച സമ്മേളനത്തിൽ സെന്റ് ആൻസ് എൽ.പി. സ്കൂളിലെ കുഞ്ഞുമക്കളുടെ നൃത്തച്ചുവടുകളും അരങ്ങേറി. സംസ്ഥാന കെ.സി.എസ്.എൽ. ഹൈസ്കൂൾ സെക്രട്ടറി ജിയ മരിയ ഫിലിപ്പ് കെ.സി.എസ്.എൽ. അംഗങ്ങൾക്ക് വിശ്വാസപ്രഖ്യാപനം ചൊല്ലിക്കൊടുത്തു.

## നക്ഷത്രനിർമ്മാണ – കരോൾ മത്സരങ്ങൾ

ഡിസംബർ 10–ാം തീയതി ചങ്ങനാശേരിയിൽ സന്ദേശനിലയത്തിൽ വച്ച് കെ.സി.എസ്.എൽ. സംഘടിപ്പിച്ച നക്ഷത്ര നിർമ്മാണ മത്സരവും കരോൾ മത്സരവും നടത്തപ്പെട്ടു. സ്കൂളുകൾ തിരിച്ച് യു.പി., ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി നടത്തപ്പെട്ട മത്സരത്തിൽ വിവിധ സ്കൂളുകൾ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ ബഹു. ഫാ. ഫിലിപ്പ് വടക്കേക്കളം സമാപനത്തിൽ ക്രിസ്മസ് സന്ദേശം നൽകുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

**വിജയികളായവർ:**

**നക്ഷത്രനിർമ്മാണം – യു.പി. വിഭാഗം**

ഒന്നാം സമ്മാനം : സെന്റ് തെരേസാസ് ജി.എച്ച്.എസ്, നെടുങ്കുന്നം
രണ്ടാം സമ്മാനം : സെന്റ് ഫിലോമിനാസ് യു.പി.എസ്, മല്ലപ്പള്ളി
മൂന്നാം സമ്മാനം: എസ്.ബി.എച്ച്.എസ്.എസ്., ചങ്ങനാശേരി

**നക്ഷത്രനിർമ്മാണം – ഹൈസ്കൂൾ വിഭാഗം**

ഒന്നാം സമ്മാനം : ലിറ്റിൽഫ്ളവർ ജി.എച്ച്.എസ്., പുളിങ്കുന്നം
രണ്ടാം സമ്മാനം : എസ്.ബി.എച്ച്.എസ്.എസ്., ചങ്ങനാശേരി
മൂന്നാം സമ്മാനം: സെന്റ് ജോസഫ്സ് ജി.എച്ച്.എസ്., പായിപ്പാട്

**കരോൾ മത്സരം – യു.പി. വിഭാഗം**

ഒന്നാം സമ്മാനം : എസ്.ബി.എച്ച്.എസ്.എസ്., ചങ്ങനാശേരി
രണ്ടാം സമ്മാനം : സെന്റ് ജോസഫ്സ് ജി.എച്ച്.എസ്., പായിപ്പാട്
മൂന്നാം സമ്മാനം: സെന്റ് തെരേസാസ് ജി.എസ്.എസ്., നെടുങ്കുന്നം

**കരോൾ മത്സരം – ഹൈസ്കൂൾ വിഭാഗം**

ഒന്നാം സമ്മാനം : ദേവമാതാ എച്ച്.എസ്., ചേന്നങ്കരി
രണ്ടാം സമ്മാനം : സെന്റ് തെരേസാസ് ജി.എസ്.എസ്., നെടുങ്കുന്നം
മൂന്നാം സമ്മാനം: സെന്റ് ആന്റണീസ് ജി.എച്ച്.എസ്.

### തുടർന്നു വരുന്ന പരിപാടികൾ

ജനുവരി 12: സാഹിത്യമത്സരങ്ങൾ
ജനുവരി 25: ജീസസ് കിഡ്സിന്റെ എയ്ഞ്ചൽസ് ഫെസ്റ്റ്
കെ.സി.എസ്.എൽ.ന്റെ വാർഷികം
(വിശദ വിവരങ്ങൾക്ക് മാർഗ്ഗരേഖ കാണുക)

### ഉപസംഹാരം

പുറമേ നടക്കുന്ന ആഘോഷത്തിമിർപ്പുകളിൽ ഉള്ളിലെഴുന്നള്ളിയ ഉണ്ണിയെ പരിചരിക്കാൻ മറന്നുപോകാതെ, നന്മയും, ശാന്തിയും, സമാധാനവും, സംതൃപ്തിയും കണ്ടെത്താൻ അല്പം നിശബ്ദതയിൽ ഉണ്ണിയീശോയുടെ സ്വരം തിരിച്ചറിയാൻ കുഞ്ഞുകൂട്ടുകാർക്ക് സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ടും പുത്തൻ പ്രതീക്ഷയോടെ പുതിയ ഉൾക്കാഴ്ചകളോടെ 2019-ലേക്ക് ചുവടു വയ്ക്കാൻ ഏവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ലൈജു കണിച്ചേരിൽ**
(അസി. ഡയറക്ടർ)

**ഫാ. മാത്യു വാരുവേലിൽ**
(ഡയറക്ടർ)

## പാസ്റ്ററൽ കൗൺസിൽ



PASTORAL COUNCIL

### പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളനം

പാസ്റ്ററൽ കൗൺസിലിന്റെ പൊതുസമ്മേളനം 2019 ജനുവരി 19-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 1 മണി വരെ ചങ്ങനാശേരി എസ്.ബി. കേളേജിലെ മോൺ. കല്ലറയ്ക്കൽ ഹാളിൽ (അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്) നടക്കുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും അഭിവന്ദ്യ മാർ തോമസ് തറയിൽ മെത്രാൻ അദ്ധ്യക്ഷത വഹിക്കുന്നതുമാണ്. തദവസരത്തിൽ പതിനാലാം പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നതാണ്. എല്ലാ അംഗങ്ങളെയും സമ്മേളനത്തിലേക്ക് സ്നേഹപൂർവം ക്ഷണിക്കുന്നു.

### മികച്ച ഇടവക പ്രതിനിധി യോഗത്തിനുള്ള ഗോൾഡൻ ജൂബിലി പ്രൈസ്

ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ-പ്രസ്ബിറ്ററൽ കൗൺസിൽ സുവർണജൂബിലിയോടനുബന്ധിച്ച് (1967-2017) ഏറ്റവും മികച്ച ഇടവക പ്രതിനിധിയോഗത്തിന് ഗോൾഡൻ ജൂബിലി പ്രൈസ് ഏർപ്പെടുത്തുകയും പ്രഥമ പുരസ്കാരം 2018 അതിരൂപതാദിനത്തിൽ സമ്മാനിക്കുകയുമുണ്ടായി. 2017-2019 വർഷത്തെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി നൽകുന്ന രണ്ടാമത് ഗോൾഡൻ ജൂബിലി പ്രൈസിനുള്ള അപേക്ഷാഫോറവും വിശദവിവരങ്ങളും ഫെബ്രുവരി മാസം മദ്ധ്യസ്ഥനിൽ നൽകുന്നതാണ്. ബഹു. വികാരിയച്ചന്മാരും കൈക്കാരന്മാരും ഇക്കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ**
(അസി. സെക്രട്ടറി)

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

# മദ്യമയക്കുമരുന്ന് ആസക്തിക്ക് സൗജന്യനിരക്കിൽ ഹോമിയോ ചികിത്സാ സംവിധാനം.

സ്നേഹ ബഹു. അച്ചാ/സിസ്റ്റർ/സഹോദരരെ

നമ്മുടെ സമൂഹത്തിൽ ലഹരി വസ്തുക്കൾക്ക് അടിമകൾ ആകുന്ന രീതി വർദ്ധിച്ച് വരികയാണല്ലോ, ഈ അവസരത്തിൽ ലഹരി വസ്തുക്കൾക്ക് എതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. കൂട്ടായ ശ്രമത്തിലൂടെ നമുക്ക് ലഹരിക്കെതിരെ പ്രവർത്തിക്കാൻ കഴിയണം.

ആത്മതാകേന്ദ്രം കഴിഞ്ഞ 10 വർഷത്തിൽ അധികമായി വളരെ മാതൃകാപരവും പാർശ്വഫലങ്ങൾ ഇല്ലാത്തതുമായ ലഹരിക്കെതിരായ ഹോമിയോ ചികിത്സ നടത്തിവരുന്ന കാര്യം അറിവുള്ളതാണല്ലോ. അച്ചൻ/സിസ്റ്റർ പ്രത്യേക ശ്രദ്ധയെടുത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തുന്ന ചികിത്സയിൽ നിന്ന് ഫലം എടുക്കാൻ ആളുകൾക്ക് ബോധനം നല്കി സഹായിക്കണമെ. മദ്യമയക്കുമരുന്ന് ആസക്തിക്കും മറ്റ് ഇതര രോഗങ്ങൾക്കും ടി കേന്ദ്രങ്ങളിൽ സൗജന്യനിരക്കിലാണ് മരുന്ന് ലഭിക്കുന്നത് എന്ന വിവരവും പാർശ്വഫലങ്ങൾ ഇല്ലാ എന്ന കാര്യവും ഇടവക ജനത്തെ ബോധിപ്പിച്ച് ചികിത്സയിലൂടെ ഫലം എടുക്കാൻ വേണ്ടതു ചെയ്യണമെ.

## ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS |
| നെടുംകുന്നം ആതുരാശ്രമം | എല്ലാ ദിവസവും | ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12:30 വരെ | ഡോ. എസ്സ്. ജി. ബിജു.<br>ഡോ. മാത്യു മണലിൽ |
| അതിരമ്പുഴ സെന്റ് മേരീസ് | എല്ലാ വ്യാഴാഴ്ചയും 10:30 മുതൽ 12:30 വരെ | ഡോ. ഗീതാബാലകൃഷ്ണൻ |

## ബോധവത്ക്കരണ ക്ലാസ്സ്

കുട്ടികളുടെയും കൗമാരക്കാരുടെയും ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരായി ഉള്ള ബോധവത്ക്കരണ ക്ലാസ്സുകൾ ഐക്കരച്ചിറ, ഫാത്തീമാപുരം, രാജമറ്റം, മങ്കൊമ്പ് തെക്കേക്കര, കായൽപ്പുറം, ചമ്പക്കുളം മുട്ടാർ, കിഴക്കെമിത്രക്കരി എന്നീ പള്ളികളിൽ ഫാ. ജോസ് പുത്തൻചിറയും, റ്റി.എം മാത്യു തച്ചിലേട്ടും ക്ലാസ്സുകൾ നയിച്ചു.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി.

2004 – ൽ ആത്മതാകേന്ദ്രം ആരംഭിച്ച നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനും സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ എച്ച്.ഐ.വി അണുബാധിതരായ കുട്ടികൾ/അണുബാദിതരായവരുടെ മക്കൾ/മാനസിക വൈകല്യമുള്ളവരുടെ കുട്ടികൾ /ക്യാൻസർ ബാധിത കുട്ടികൾ/ക്യാൻസർ ബാധിതരുടെ കുട്ടികൾ എന്നിവർക്ക് ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ സഹായം ആവശ്യമായി വരുന്നു. സഹായത്തിനായി നിരവധി ആളുകൾ ആത്മതാകേന്ദ്രം ഓഫിസിൽ വന്ന് അപേക്ഷിച്ചു കൊണ്ടിരിക്കുകയുമാണ്. ഇപ്പോൾ ചങ്ങനാശ്ശേരി, പത്തനംതിട്ട എന്നിവിടങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതി സമ്മേളനത്തിലൂടെ പ്രതിമാസം 80,000/–ൽ അധികം രൂപാ സഹായമായി നല്കി വരുന്നു സഹായിക്കുന്നു. എന്നാൽ പുതിയ ധാരാളം അപേക്ഷകരെ സഹായിക്കാൻ നമുക്ക് സാധിക്കുന്നില്ല ആയതിനാൽ സുമനസ്സുകളുടെ സഹായം അപേക്ഷിക്കുന്നു. ആത്മതാകേന്ദ്രത്തിൽ നല്കുന്ന സംഭാവനയ്ക്ക് 80 G (vi) പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതാണ്. സാമ്പത്തികമായി സഹായിക്കാൻ കഴിവുള്ളവർ സഹായിക്കാൻ ശ്രദ്ധിക്കണമെ. കഴിഞ്ഞമാസം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊല്ലം ജില്ലകളിൽ നിന്നായി 115 പേർക്ക് 89000/– രൂപയുടെ സഹായവും, ന്യുട്രീഷ്യൻ കിറ്റും വിതരണം ചെയ്തു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലുടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുളേച്ചംകളത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. പരമേശ്വരക്കുറുപ്പ്, മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ഹോസപിറ്റൽ എം.ഡി. ഡോ. എസ്.ജി. ബിജു എന്നിവർ സൗജന്യമായി ഹോമിയോ മരുന്ന് നല്കി വരുന്നു. അടുത്ത ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം **2019 ജനുവരി 17 മുതൽ ജനുവരി 20 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് നടത്തുന്നു.** വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,**
**ഫോൺ നമ്പർ : 0469 2693413, 2690414, 9495193406**

**ഫാ. ജോസ് പുത്തൻചിറ**
*ഡയറക്ടർ*

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക.
**ഫോൺ നമ്പർ : 0481 2411819 / 9497325685**

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

ചങ്ങനാശേരി അതിരൂപതാതിർത്തിയിൽ അതിരൂപതയുടെ നേരിട്ടും, സന്ന്യസ്ത-അൽമായ നേതൃത്വങ്ങളിലും പ്രവർത്തിക്കുന്ന കെയർ ഹോമുകളുടെ അതിരൂപതാതല കൂട്ടായ്മയായ കെയർ ഹോം ഫെല്ലോഷിപ്പ് (CFCA) ന്റെയും മാർ തോമസ് തറയിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി തുടക്കം കുറിച്ച മാർ കാവുകാട്ട് മെമ്മോറിയൽ പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെയും 2018 ഡിസംബർ മാസത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും വരും മാസങ്ങളിലെ പ്രധാന പരിപാടികളും.

## Enable 2018

അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് ഡിസംബർ 3 തിങ്കളാഴ്ച CFCA യുടെ ആഭിമുഖ്യത്തിൽ സന്ദേശനിലയം ഓപ്പൺ ഓഡിറ്റോറിയത്തിൽവച്ച് ഭിന്നശേഷി ദിനാചരണവും, സ്നേഹസംഗമവും **Enable** 2018 എന്ന പേരിൽ സംഘടിപ്പിച്ചു. CFCA യുടെ ഭാഗമായ 29 സ്കൂളുകളിൽ നിന്നുള്ള ഭിന്നശേഷിക്കാരായ കുട്ടികളും അദ്ധ്യാപകരും, വിവിധ ഇടവകകളിൽ നിന്നുള്ള ഭിന്നശേഷിക്കാർ, സോഷ്യൽവർക്ക് വിദ്യാർത്ഥികൾ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, ഈ മേഖലയിലെ സന്നദ്ധപ്രവർത്തകർ ഉൾപ്പെടെ 400 ഓളം പേർ സംഗമത്തിൽ പങ്കെടുത്തു. ആഷാഭവൻ സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ അവതരിപ്പിച്ച ബാൻഡ്മേളത്തോടെ തുടങ്ങിയ പരിപാടിയിൽ മാർത്തോമ്മാ വിദ്യാനികേതൻ ഡയറക്ടർ റവ. ഡോ. ജോസഫ് കൊല്ലാറ മാജിക് അവതരിപ്പിച്ചു. കുട്ടികൾക്കായുള്ള ക്വിസ് മത്സരവും സമ്മാനദാനവും ഇതോടൊപ്പം നടന്നു. പതിനൊന്നു മണിക്ക് നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ കളക്ടർ ഡോ. ബി.എസ്. തിരുമേനി ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ മാർ തോമസ് തറയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. വികാരി ജനറാൾ റവ. ഫാ. തോമസ് പാടിയത്ത് ആശംസകളർപ്പിച്ച് സംസാരിച്ച സമ്മേളനത്തിൽ കെയർ ഹോം ഫെല്ലോഷിപ്പ് അതിരൂപത ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ സ്വാഗതവും മാസ്റ്റർ ഹരീഷ് സി. ചന്ദ്രൻ നന്ദിയും അർപ്പിച്ചു.

ഭിന്നശേഷി മേഖലയിൽ 25 വർഷത്തെ സ്തുത്യർഹമായ സേവനം പൂർത്തിയാക്കിയ 22 വ്യക്തികളെ അഭി. മാർ ജോസഫ് പെരുംന്തോട്ടം പിതാവ് പൊന്നാടയണിയിച്ച് ആദരിച്ചു. കുട്ടികളിൽനിന്ന് വിവിധ മേഖലകളിൽ പ്രാവിണ്യം തെളിയിച്ചവർക്ക് ആദരവും സമ്മാനവും നൽകി. പങ്കെടുത്ത മുഴുവൻ പേർക്കും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. വിവിധ സ്കൂളികളിൽനിന്നുള്ള കുട്ടികളുടെ കലാപരിപാടികളും സ്നേഹവിരുന്നിനും ശേഷം **Enable** 2018 2 മണിയോടുകൂടി സമാപിച്ചു. റവ. ഫാ. ഫിലിപ്പ് തയ്യിൽ, റവ. ഫാ. റോജൻ നെൽപുരയ്ക്കൽ, സി. ലിറ്റിൽ തെരേസ് എസ്.ഡി., റിൻസി ജോസഫ്, സി. പ്രശാന്തി സിഎംസി, സി. ഫ്ളവർ ജോസഫ്, സി. മാലിനി എൽഎസ്ഡിപി, സി. ടെസ്സി, ബെന്നിച്ചൻ ലൂക്കോസ്, ജോമ്മോൻ വെള്ളാപ്പള്ളി തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി. ചങ്ങനാശേരി എസ്.ബി. കോളജിലെ

ഫാ. ബിന്നി കുറിഞ്ഞിപറമ്പിലിന്റെ നേതൃത്വത്തിൽ സിഎസ്എം വിദ്യാർത്ഥികളും, സോഷ്യൽവർക്ക് ഡിപ്പാർട്ട്മെന്റും അംപ്ഷൻ കോളജിലെ സോഷ്യൽവർക്ക് ഡിപ്പാർട്ട്മെന്റ് തുടങ്ങിയവർ **Enable** 2018 ന് വിവിധ മേഖലകളിൽ സജീവ പിന്തുണ നൽകി.

## ക്രിസ്തുമസ് കെയർ - 2018

കുട്ടികൾക്കും, കുടുംബങ്ങൾക്കും ക്രിസ്തുമസിന്റെ സന്ദേശം അർത്ഥവത്തായി ആചരിക്കാനും വേദന അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളോട് പക്ഷം ചേരാനും ലക്ഷ്യമിട്ട് CFCA യുടെ നേതൃത്വത്തിൽ ഈസ്റ്റർ കെയർ മാതൃകയിൽ ക്രിസ്തുമസ് കെയർ – 2018 സംഘടിപ്പിക്കുന്നു. അതിരൂപതയുടെ CFCA യുടെ കീഴിലുള്ള 100ൽ പരം കെയർ ഹോമുകളിൽ സന്ദർശിക്കാനും കൂടുതൽ വിവരങ്ങൾക്ക് മൊബൈൽ: 9946000599.

## കെയർ ഹോം KCBC മീറ്റിംഗ്, തിരുവല്ല

KCBC യുടെ സംസ്ഥാനതല ഗവേണിംഗ് ബോർഡ് മീറ്റിംഗ് തിരുവല്ലയിൽ വച്ച് അഭിവന്ദ്യ തോമസ് മാർ കൂറിലോസിന്റെ നേതൃത്വത്തിൽ നടന്നു. സംസ്ഥാനതല ഗവേണിംഗ് ബോർഡിലേക്ക് അതിരൂപതാ ഡയറക്ടർ റവ.ഫാ.സോണി മുണ്ടുനടയ്ക്കലിനെ തിരഞ്ഞെടുത്തു. കെയർ ഹോമുകളുടെ പ്രവർത്തന ക്രോഡീകരണം സംബന്ധിച്ച് സംസ്ഥാനത്തിൽ രൂപീകരിച്ച പഠനകമ്മറ്റിയിലും റവ. ഫാ. സോണി മുണ്ടുനടയ്ക്കലിനെ അംഗമായി തിരഞ്ഞെടുത്തു.

## പാലിയേറ്റീവ് കെയർ

മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയറിന്റെ നേതൃത്വത്തിൽ ഏറ്റുമാനൂർ, അയർകുന്നം, മണ്ണന്തല, ഐക്കരച്ചിറ, കുത്രപ്പള്ളി, പനയമ്പാല തുടങ്ങിയ ഇടവകകളിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. റവ. ഫാ. ആന്റണി, റവ. ഡോ. വിജയാ പുതുശ്ശേരിൽ, സി. റോസ്മിൻ ജെ.എസ്. കുടമാളൂർ തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

**കൂടുതൽ വിവരങ്ങൾക്കും, രജിസ്ട്രേഷനുമായിവിളിക്കേണ്ട**
**നമ്പർ: 9946000599, 9605116756, 8281017777**
**പാലിയേറ്റീവ്കെയർയൂണിറ്റ്–സെന്റ്സെബാസ്റ്റ്യൻ ഇടവക, പനയമ്പാല**

സ്നേഹത്തോടെ,
**ഫാ. സോണി മുണ്ടുനടയ്ക്കൽ** (ഡയറക്ടർ)
**Help line Mob : 9946000599**

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

''നാം ദൈവത്തിന്റെ കരവേലയാണ്, നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവർത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്'' *(എഫേസൂസ് 2:10).*

പുതുവർഷത്തിലേയ്ക്ക് കടന്നിരിക്കുന്ന നാം നമ്മുടെ പ്രവർത്തികൾ കൂടുതൽ മികവോടെ ചെയ്യേണ്ടിവരും. മറ്റുള്ളവരിലൂടെ ക്രിസ്തുവിനെ കണ്ടെത്തിക്കൊണ്ട്, ക്രിസ്തുവിൽ ശുശ്രൂഷ ചെയ്യുക എന്ന മനോഭാവത്തോടെ ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക എന്നുള്ളത് സൊസൈറ്റിയുടെ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗമാണ്. പൊതുവായി നിയമാവലിയുടെ വെളിച്ചത്തിൽ ലോകമാസകലമുള്ള വിൻസെൻഷ്യൻ പ്രവർത്തകർ ക്രമമായി പ്രവർത്തിക്കുകയും, ഓരോ ആഴ്ചയിലും സൗകര്യപ്രദമായ സമയം കണ്ടെത്തി യോഗങ്ങൾ കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ദേശീയ കൗൺസിൽ വാർഷികം**

വേളാങ്കണ്ണിയിൽ സെപ്റ്റംബർ മാസം നടത്തിയ ദേശീയ വാർഷികം പ്രധാനപ്പെട്ട പല കാര്യങ്ങൾ വിലയിരുത്തുകയും, ചർച്ച ചെയ്യുകയും, നിലപാടുകൾ സ്വീകരിക്കുകയും ചെയ്തു. സി.സി.യോ, എ.സി.യോ, കോൺഫ്രൻസുകളോ ''പാൻകാർഡ്'' എടുക്കേണ്ട ആവശ്യംവന്നാൽ തീർച്ചയായും, അതിനുവേണ്ട നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ കൂടുതൽ തുകകൾ കോൺഫ്രൻസുകൾക്ക് കൊടുക്കുമ്പോൾ ടാക്സ് എക്സംപ്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന രീതി തുടരണം. അതുപോലെതന്നെ ഓഡിറ്റിംഗും ഇപ്പോഴത്തെ നിലപാടിൽതന്നെ തുടരണം. സുപ്പീരിയർ കൗൺസിൽ രൂപീകരിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് അന്തിമരൂപം കൊടുക്കുവാൻ സാധിച്ചില്ല. നാളിതുവരെ അഗ്രഗേഷൻ ലഭിക്കാത്ത കോൺഫ്രൻസുകൾ അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു. നമ്മുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനം കോൺഫ്രൻസുകൾ ആണെന്നിരിക്കേ ഉപരികൗൺസിൽ പ്രസിഡന്റുമാർ തങ്ങളുടെ അധീനതയിലുള്ള കോൺഫ്രൻസുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണമെന്ന് ഉപദേശിച്ചു. കോൺഫ്രൻസുകളിൽ യുവാക്കളുടെയും, വനിതകളുടെയും സാന്നിധ്യം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും പ്രസിഡന്റുമാർ മുൻകൈ എടുക്കണം.

ഈ വർഷം കേരളത്തിലുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് വലിയ പ്രോജക്ടുകൾ ഒന്നും തന്നെ സ്വീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. അതുപോലെ രഹസ്യപ്പിരിവിന്റെ ആവശ്യകതയെക്കുറിച്ചു സമ്മേളനം വിശദമായി ചർച്ച ചെയ്തു. രഹസ്യപ്പിരിവിന്റെ ദേശീയ ശരാശരി മാനദണ്ഡമായി എടുത്തപ്പോൾ ചങ്ങനാശേരിക്കു 4-ാം സ്ഥാനം മാത്രമാണ് ലഭിച്ചത്. 77.13 ശതമാനത്തോടെ എറണാകുളമാണ് ഒന്നാം സ്ഥാനത്ത്.

**ഫ്രെഡറിക് ഓസാനാമിന്റെ വിശുദ്ധ പദവി**

വാഴ്ത്തപ്പെട്ട ഓസാനാമിനെ വിശുദ്ധ പദവിയിലേക്കു നയിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഏകദേശം അന്തിമരൂപമായെന്നുവേണം മനസിലാക്കുവാൻ. അതിനു മാനദണ്ഡമായി വേണ്ട രണ്ട് അത്ഭുതങ്ങളെക്കുറിച്ചുള്ള പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഒന്ന് പോർച്ചുഗലീലിൽനിന്നും മറ്റൊന്ന് ബ്രസീലിൽനിന്നുമാണ്.

**ഓഖി ദുരന്തം**

ഓക്കി ദുരന്ത സഹായമായി നമുക്ക് 35 ലക്ഷം രൂപ വിദേശത്തും, സ്വദേശത്തുമായി ലഭിച്ചത്. ആ ഏരിയായിലുള്ള 8 സി.സി.കൾക്കായി കൊടുക്കുകയുണ്ടായി. നമ്മുടെ ഓരോ കോൺഫ്രൻസുകൾക്കായി കൊടുക്കുകയുണ്ടായി. നമ്മുടെ ഓരോ കോൺഫ്രൻസുകളിൽനിന്ന് ഒരു ദിവസത്തെ രഹസ്യപ്പിരിവ് ആവശ്യപ്പെട്ടിരുന്നു. അതിനോടു 100% സഹകരണം ഉണ്ടായില്ല.

**ദളിത് ഭവന പദ്ധതി**

നമ്മുടെ സി.സിയുടെ വകയായി 2 ഭവനങ്ങൾ പണിയുന്നതിനുവേണ്ടി ഓരോ കോൺഫ്രൻസുകളിൽനിന്നും 1500/- രൂപാവീതം ആവശ്യപ്പെട്ടിരുന്നു. കൊടുക്കാത്ത കോൺഫ്രൻസുകൾ അതു കൊടുത്തുത്തീർക്കണമെന്നു നിർദ്ദേശിക്കുന്നു. എല്ലാവരുടെയും സഹകരണത്തോടെ മാത്രമേ ഏതു കാര്യവും പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളല്ലോ.

**പുതവർഷം**

ആദ്യകാലങ്ങളിൽ അറിയപ്പെട്ടുകൊണ്ടിരുന്ന റോമൻ കലണ്ടർ, അതു പിന്നീടു ജൂലിയൻ കലണ്ടർ എന്ന പേരിലും അറിയപ്പെട്ടിരുന്നു. എന്നാൽ 1582-ൽ പോപ്പ് ഗ്രീഗറി പതിമൂന്നാമൻ ചില നവീകരണങ്ങൾ വരുത്തിയതുവഴി ഗ്രിഗോറിയൻ കലണ്ടർ എന്ന പേരിൽ അതു ലോകമാസകലം പ്രചരിച്ചു. ഇന്നും വർഷാവസാനവും, പുതുവർഷവും ഗ്രിഗോറിയസ് അല്ലെങ്കിൽ ക്രിസ്റ്റ്യൻ ന്യൂ ഇയർ എന്ന പേരിലാണ് ആഘോഷിക്കപ്പെടുന്നത്. ഇതിനെ നവസിദ്ധാന്ത പ്രകാരം പ്രാർത്ഥനാപൂർവ്വം ആഘോഷിക്കണമെന്നാണു പറയുന്നത്. ചരിത്രവും തിയോളജിയും ഒക്കെ മാറ്റി നിർത്തിക്കൊണ്ട് വിശ്വാസത്തിന്റെ തീഷ്ണതയിൽ ആഘോഷത്തോടെ പ്രാർത്ഥനാപുർവ്വം നമുക്ക് പുതുവർഷത്തെ വരവേൽക്കാം.

‘‘കർത്താവിന്റെ സ്നേഹം
ഒരിക്കലും അസ്തമിക്കുന്നില്ല
അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല
ഓരോ പ്രഭാതത്തിലും അതു
പുതിയതാണ്, അവിടുത്തെ
വിശ്വസ്ഥത ഉന്നതമാണ്
കർത്താവാണ് എന്റെ ഓഹരി
അവിടുന്നാണ് എന്റെ പ്രത്യാശ
എന്നു ഞാൻ പറയുന്നു
തന്നെ കാത്തിരിക്കുന്നവർക്കും
കർത്താവാണ് നല്ലത്
കർത്താവിന്റെ രക്ഷയെ ശാന്തമായി
കാത്തിരിക്കുന്നത് ഉത്തമം *(വിലാപങ്ങൾ 3:22-26).*

മറ്റുള്ളവർ നിങ്ങൾക്കു ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു നൽകുവിൻ ഇതാണു നിയമവും പ്രവാചകന്മാരും *(മത്തായി 7:12).*

പരമകാരുണ്യവാനായ ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

# പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



137

# പുരോഹിതനും മഹാസഭയും

(തിരുവചനഭാഗം: ശ്ലീഹ. 12:1–25)

ജറുസലേം കേന്ദ്രമാക്കിയുള്ള പത്രോസിന്റെ ശ്ലൈഹികശുശ്രൂഷയുടെയും ജറുസലേം സഭാസമൂഹത്തിന്റെയും ചരിത്രത്തിന്റെ ഒരു നിർണ്ണായകഘട്ടം പന്ത്രണ്ടാം അദ്ധ്യായംകൊണ്ട് അവസാനിക്കുകയാണ്. അത് സഭാപീഡനത്തിന്റെ സന്ദർഭമായിട്ടാണ് അവതരിപ്പിക്കുന്നത്. ഹേറോദേസ് അഗ്രിപ്പാ ഒന്നാമന്റെ നേതൃത്വത്തിലുള്ള സഭാപീഡനമാണ് ഇവിടെ നടക്കുന്നത്. വലിയ ഹേറോദേസിന്റെ ഈ കൊച്ചുമകൻ റോമിൽ വളർന്നു, ചക്രവർത്തി കുടുംബവുമായി മൈത്രീബന്ധം പുലർത്തിയ ആളായിരുന്നു. രാജാവായി അവരോധിക്കപ്പെട്ട അയാൾ യഹൂദരുടെ പ്രീതി ആർജ്ജിക്കുവാൻ സെബദീപുത്രനായ യാക്കോബ്ശ്ലീഹായെ വധിക്കുകയും പത്രോസിനെ ബന്ധനസ്ഥനാക്കി കാരാഗൃഹത്തിലടയ്ക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ നടന്ന സംഭവങ്ങളാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. ഈ ഭാഗത്തെ അഞ്ചായി തിരിക്കാം.

1. യാക്കോബിന്റെ വധവും പത്രോസിന്റെ അറസ്റ്റും (12:1–5)
2. പത്രോസിന്റെ കാരാഗൃഹവിമോചനം (12:6–11)
3. പത്രോസ് മറിയത്തിന്റെ വീട്ടിൽ (12:12–19)
4. ഹേറോദേസിന്റെ ദുരന്തം (12:20–23)
5. സഭയുടെ വളർച്ച (12:24–25)

## 1. പുരോഹിതൻ: പ്രാർത്ഥനാപരിശീലകൻ

''അവനെ കാരാഗൃഹത്തിലടച്ചതിനുശേഷം നാലു ഭടന്മാർ വീതമുള്ള നാലു സംഘങ്ങളെ അവൻ കാവലിനു നിയോഗിച്ചു. പെസഹാ കഴിയുമ്പോൾ അവനെ ജനത്തിന്റെ മുമ്പിൽ കൊണ്ടുവരാമെന്നായിരുന്നു അവന്റെ ഉദ്ദേശ്യം. അങ്ങനെ പത്രോസ് കാരാഗൃഹത്തിൽ സൂക്ഷിക്കപ്പെട്ടു. സഭ അവനുവേണ്ടി ദൈവത്തോടു തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു'' (12:4–5).

സഭ ജറുസലേമിൽ പിറന്നുവീണ നിമിഷം മുതൽ മറ്റുള്ളവരുടെ ഭാഗത്തുനിന്നും എതിർപ്പുകളും പീഡനങ്ങളും അനുഭവിക്കുന്ന ഒരു സമൂഹമായിട്ടാണ് കാണപ്പെടുന്നത്: ''ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതിനു മുമ്പേ അത് എന്നെ ദ്വേഷിച്ചു എന്നറിഞ്ഞുകൊള്ളുവിൻ'' (യോഹ. 15:18) എന്ന ഈശോയുടെ വാക്കുകൾ സഭയെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാകുന്നു എന്നതിന്റെ അടയാളമാണത്. ഹേറോദേസ് അഗ്രിപ്പാ യഹൂദരുടെ പ്രീതി നേടുവാൻ യോഹന്നാന്റെ സഹോദരൻ യാക്കോബിനെ വാളിനിരയാക്കി. അത് യഹൂദരെ സന്തോഷിപ്പിച്ചുവെന്നുകണ്ട് അയാൾ പത്രോസിനെയും ബന്ധനസ്ഥനാക്കി. അതു പെസഹാ തിരുനാളിന്റെ കാലമായിരുന്നതിനാൽ, അതു കഴിഞ്ഞ്, പത്രോസ്ശ്ലീഹായെ യഹൂദന്മാരുടെ മുമ്പിൽ കൊണ്ടുവന്നതിനുശേഷം കൊല്ലണമെന്ന് അയാൾ ഉദ്ദേശിച്ചു. അതുവരെ അയാൾ പത്രോസിനെ കാരാഗൃഹത്തിലടച്ചു. യാതൊരു കാരണവശാലും പത്രോസ് അവിടെനിന്നും രക്ഷപെടാതിരിക്കാൻവേണ്ട കരുതലുകളും ചെയ്തിരുന്നു.

ഈ അവസരത്തിൽ സഭാസമൂഹം പത്രോസിനുവേണ്ടി പ്രാർത്ഥിച്ചു എന്നാണ് നടപടിപ്പുസ്തകത്തിൽ കാണുന്നത്: ''സഭ അവനുവേണ്ടി ദൈവത്തോടു തീക്ഷ്ണമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു'' (12,5). സഭയിലെ അംഗങ്ങൾ അവനുവേണ്ടി പ്രാർത്ഥിച്ചു എന്നല്ല പറയുന്നത്. അതുകൊണ്ട് ഇതു സഭയുടെ പൊതുവായ ഔദ്യോഗിക പ്രാർത്ഥനയായിരിക്കാനാണ് സാദ്ധ്യത. സഭയുടെ പ്രാർത്ഥനയിൽ സഭാംഗങ്ങൾ സദാ താല്പര്യപൂർവം പങ്കുചേർന്നിരുന്നു എന്ന് 'സഭയുടെ കരടുരേഖ' എന്നറിയപ്പെടുന്ന ശ്ലീഹ. 2:42 ൽ കാണുന്നുണ്ടല്ലോ. സഭയ്ക്ക് എന്നും പ്രതിസന്ധികളുണ്ടാകും. അപ്പോഴെല്ലാം ആ പ്രതിസന്ധികളെ നേരിടാൻ സഭ പ്രാർത്ഥനയിൽ ഒന്നുചേരണമെന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. അതും സ്വകാര്യപ്രാർത്ഥനകളോ ഭക്തകൃത്യങ്ങളോ നിർവഹിച്ചുകൊണ്ടല്ല, സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ പങ്കുചേർന്നുകൊണ്ടാണ് എന്ന് ഈ രംഗം നമ്മെ അനുസ്മരിപ്പിക്കുന്നു. പുരോഹിതനെ സംബന്ധിച്ച് വ്യക്തിജീവിതത്തിലും ഇതുപോലെ പ്രതിസന്ധികളുണ്ടാകാം. അപ്പോൾ അതിനെ നേരിടേണ്ടത് പ്രാർത്ഥനാജീവിതത്തിലൂടെയാണെന്ന് ഇതു സൂചിപ്പിക്കുന്നു. നമ്മുടെ അജപാലനശുശ്രൂഷയിൽ സഭാംഗങ്ങളെ സഭയുടെ പ്രാർത്ഥനയിൽ പരിശീലിപ്പിക്കുവാനും പ്രാർത്ഥനാജീവിതത്തിലൂടെ പ്രതിസന്ധികളെ നേരിടുവാൻ പഠിപ്പിക്കുവാനും അജപാലകർ ശ്രദ്ധിക്കണം.

## 2. പുരോഹിതൻ: ദൈവപരിപാലനയുടെ വക്താവ്

''പരസ്യവിചാരണയ്ക്കു പുറത്തുകൊണ്ടുവരാൻ ഹേറോദേസ് ഉദ്ദേശിച്ചിരുന്നതിന്റെ തലേ രാത്രി പത്രോസ് ഇരുചങ്ങലകളാൽ ബന്ധിതനായി രണ്ടു പടയാളികളുടെ മദ്ധ്യേ ഉറങ്ങുകയായിരുന്നു. പട്ടാളക്കാർ കാരാഗൃഹവാതിൽക്കൽ കാവൽ നില്ക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് കർത്താവിന്റെ ഒരു ദൂതൻ പ്രത്യക്ഷനായി. ആ മുറിയാകെ പ്രകാശം നിറഞ്ഞു. അവൻ പത്രോസിനെ പാർശ്വത്തിൽ തട്ടി ഉണർത്തിക്കൊണ്ടു പറഞ്ഞു: വേഗം എഴുന്നേല്ക്കൂ. അപ്പോൾ അവന്റെ കൈകളിൽനിന്നു ചങ്ങലകൾ താഴെ വീണു'' (12:6-7).

ശ്ലീഹന്മാരെ കർത്താവ് അത്ഭുതകരമായി രക്ഷിക്കുന്ന സംഭവങ്ങൾ നടപടിഗ്രന്ഥത്തിൽ പലപ്പോഴും കാണുന്നുണ്ട്. പ്രധാനപുരോഹിതനും സദുക്കായരുംചേർന്ന് പന്ത്രണ്ടു ശ്ലീഹന്മാരെ പിടിച്ചു ബന്ധിച്ച് പൊതുകാരാഗൃഹത്തിലടച്ചപ്പോൾ, രാത്രി കർത്താവിന്റെ ദൂതൻ കാരാഗൃഹവാതിലുകൾ തുറന്ന് അവരെ പുറത്തുകൊണ്ടുവന്ന് വചനം പ്രസംഗിക്കുവാൻ പറഞ്ഞയയ്ക്കുന്നതായി ശ്ലീഹ 5-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട് (5:19-20). പൗലോസിനെയും സീലാസിനെയും ഫിലിപ്പിയിലെ കാരാഗൃഹത്തിൽനിന്നും കർത്താവ് അത്ഭുതകരമായി രക്ഷപെടുത്തുന്ന സംഭവവും വിവരിക്കുന്നുണ്ട് (16:19-34). ഈ 12-ാം അദ്ധ്യായത്തിൽ കർത്താവിന്റെ ദൂതൻ പ്രത്യക്ഷനായി പത്രോസിനെയുംകൊണ്ട് കാരാഗൃഹത്തിൽനിന്നും പുറത്തുവന്ന്, ഹേറോദേസിന്റെ പിടിയിൽനിന്നും രക്ഷപെടുത്തുന്നു. പത്രോസ് പറയുന്നു: ''കർത്താവു തന്റെ ദൂതനെ അയച്ച് ഹേറോദേസിന്റെ കരങ്ങളിൽനിന്നും യഹൂദന്മാരുടെ വ്യാമോഹങ്ങളിൽനിന്നും എന്നെ മോചിപ്പിച്ചിരിക്കുന്നുവെന്ന് ഇപ്പോൾ എനിക്കു വ്യക്തമായി'' (12:11).

ഈ സംഭവങ്ങളെല്ലാം വ്യക്തമാക്കുന്നത് ദൈവത്തിന്റെ പരിപാലനയും സംരക്ഷണവും സഭയിൽ സദാസമയവും ഉണ്ടെന്നാണ്. സഭ ദൈവത്തിന്റേതാകയാൽ ദൈവത്തിന്റെ പ്രത്യേക സാന്നിദ്ധ്യവും സംരക്ഷണവും എപ്പോഴും സഭയോടൊത്തുണ്ടാവും. എന്നാൽ ദൈവപരിപാലനയും സംരക്ഷണവും സഭയിൽ അനുഭവവേദ്യമാകണമെങ്കിൽ സഭ പ്രാർത്ഥിക്കുന്ന സമൂഹമായിരിക്കണം എന്നത് പ്രത്യേകം ശ്രദ്ധിക്കണം. ദൈവപരിപാലനയും സംരക്ഷണവും യാന്ത്രികമായി സഭയിൽ അനുഭവവേദ്യമാവുകയില്ല. പ്രാർത്ഥനയാണ് ദൈവത്തിന്റെ പ്രവർത്തനത്തെ അനുഭവവേദ്യമാക്കുന്നത്. ''ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും'' (ലൂക്കാ 11:9) എന്നാണല്ലോ ഈശോ പറയുന്നത്. അതായത്, ചോദിക്കുന്നില്ലെങ്കിൽ കിട്ടുകയില്ല; അന്വേഷിക്കുന്നില്ലെങ്കിൽ കണ്ടെത്തുകയില്ല; മുട്ടുന്നില്ലെങ്കിൽ

തുറക്കപ്പെടുകയില്ല. ദൈവത്തിന്റെ പ്രവർത്തനം നമ്മുടെ ജീവിതത്തിൽ അനുഭവവേദ്യമാകണമെങ്കിൽ നാം പ്രാർത്ഥിച്ചേ മതിയാവൂ. സഭയുടെ തീക്ഷ്ണമായ പ്രാർത്ഥനയാണ് പത്രോസിന്റെ കാരാഗൃഹമോചനം സാദ്ധ്യമാക്കിയത്. സഭയുടെ ജീവിതത്തിൽ ദൈവത്തിന്റെ പരിപാലനയും സംരക്ഷണവും ഉറപ്പാക്കാൻ സഭാംഗങ്ങൾ എപ്പോഴും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. പുരോഹിതൻ തന്റെ ജീവിതത്തിൽ പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ പരിപാലനയും സംരക്ഷണവും അനുഭവിച്ചറിയുന്നതിനോടൊപ്പം അപ്രകാരം അത് അനുഭവിച്ചറിയാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം.

## 3. പുരോഹിതൻ: സഭാകുടുംബം കെട്ടിപ്പടുക്കുന്നവൻ

''ഇക്കാര്യം ഗ്രഹിച്ചപ്പോൾ അവൻ, മർക്കോസ് എന്ന് അപരനാമമുള്ള യോഹന്നാന്റെ അമ്മയായ മറിയത്തിന്റെ വീട്ടിലേക്കു പോയി. അവിടെ വളരെപ്പേർ സമ്മേളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൻ പടിവാതിൽക്കൽ മുട്ടിയപ്പോൾ റോദാ എന്ന വേലക്കാരി ഇറങ്ങിവന്നു നോക്കി. പത്രോസിന്റെ സ്വരം തിരിച്ചറിഞ്ഞ അവൾ സന്തോഷഭരിതയായി വാതിൽ തുറക്കുന്ന കാര്യം മറന്ന് അകത്തേക്ക് ഓടിച്ചെന്ന്, പത്രോസ് വാതിൽക്കൽ നില്ക്കുന്നു എന്നറിയിച്ചു'' (12:12-14).

പത്രോസ്, താൻ ജയിൽവിമോചിതനായി എന്നു മനസ്സിലാക്കിയപ്പോൾ മർക്കോസിന്റെ അമ്മയായ മറിയത്തിന്റെ വീട്ടിലേക്കു പോയി. കാരണം, അവിടെയാണ് സഭാംഗങ്ങളെല്ലാവരും ഒരുമിച്ചുകൂടി പത്രോസിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നത്. ഈ മറിയത്തിന്റെ വീട് കർത്താവ് ശിഷ്യന്മാരോടൊപ്പം അന്ത്യത്താഴം കഴിച്ചതും, സ്വർഗ്ഗാരോഹണശേഷം ശ്ലീഹന്മാർ കന്യകാമറിയത്തോടും ശിഷ്യസമൂഹത്തോടുംകൂടെ പ്രാർത്ഥനയിൽ മുഴുകിയതുമായ മാളികമുറിയാണെന്നു പറയുന്ന ബൈബിൾ പണ്ഡിതരുണ്ട്. പ്രാർത്ഥനയിൽ ഒന്നുചേർന്നിരുന്ന സമൂഹം, പത്രോസ് വിമോചിതനായി വന്ന് ആ ഭവനത്തിന്റെ വാതിൽക്കൽ മുട്ടുവാനിടയുണ്ടെന്ന് ഒരിക്കലും വിചാരിച്ചിരുന്നില്ല. അതുകൊണ്ട് പത്രോസിന്റെ സ്വരം തിരിച്ചറിഞ്ഞ ബാലിക സന്തോഷത്താൽ മതിമറന്ന്, വാതിൽ തുറക്കാൻ നില്ക്കാതെ ഓടിച്ചെന്ന്, പത്രോസ് വന്നെത്തിയിരിക്കുന്നു എന്ന് ഭവനത്തിലുള്ളവരെ അറിയിച്ചു. എന്നാൽ അവർ അവളെ വിശ്വസിച്ചില്ല. പത്രോസാകട്ടെ പടിവാതിൽക്കൽ മുട്ടിക്കൊണ്ടേയിരുന്നു. ഒടുവിൽ അവർ വന്നു വാതിൽ തുറന്നു. അദ്ദേഹത്തെ അകത്തുകയറ്റി. വിസ്മയഭരിതരായ ജനങ്ങളോട് താൻ എങ്ങനെ രക്ഷിക്കപ്പെട്ടു എന്ന് പത്രോസ് വിവരിച്ചു പറഞ്ഞു.

പത്രോസ് ജയിൽവിമോചിതനായപ്പോൾ മറ്റൊരിടത്തേക്കുംപോയി രക്ഷപെടാൻ ശ്രമിക്കാതെ തനിക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന സഭാകൂട്ടായ്മയിലേക്കു പോയി എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്. ശ്ലീഹന്മാരും സഭാകൂട്ടായ്മയും തമ്മിലുണ്ടായിരുന്ന സ്നേഹബന്ധമാണ് പത്രോസിന്റെ ഈ പ്രവൃത്തിയിൽ പ്രതിഫലിക്കുന്നത്. പത്രോസിനെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മ തന്റെ സ്വന്തം കുടുംബമായിത്തീർന്നിരുന്നു. സഭ ഒരു കുടുംബമാണ് എന്നതാണല്ലോ ശരിയായ കാഴ്ചപ്പാട്. പലപ്പോഴും സഭയെ ഒരു മതമായും സമുദായമായും സ്ഥാപനമായും പരിഗണിക്കാനും കൈകാര്യം ചെയ്യുവാനുമിടയാകുന്നുണ്ട്. എന്നാൽ അതിനേക്കാളെല്ലാമുപരി സഭയെ ഒരു കുടുംബമായിത്തന്നെ കാണണം. ദൈവം പിതാവാണെങ്കിൽ, മാമ്മോദീസായിൽ ദൈവപുത്രരായി ജനിച്ചവരുടെ സമൂഹമെന്ന നിലയിൽ സഭ ഒരു കുടുംബംതന്നെയാണ്. ഈ കുടുംബാരൂപിയിൽ സഭാസമൂഹത്തെ കെട്ടിപ്പടുക്കുക എന്നതാണ് അജപാലനശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യം.

## 4. പുരോഹിതൻ: പൗരോഹിത്യസാഹോദര്യം പുലർത്തുന്നവൻ

''പത്രോസ് വാതിൽക്കൽ മുട്ടിക്കൊണ്ടിരുന്നു. അവർ കതകു തുറന്നപ്പോൾ അവനെക്കണ്ടു വിസ്മയിച്ചു. നിശബ്ദരായിരിക്കുവാൻ കൈകൊണ്ട് ആംഗ്യം

കാണിച്ചതിനുശേഷം എങ്ങനെയാണു കർത്താവു തന്നെ കാരാഗൃഹത്തിൽനിന്നു രക്ഷപെടുത്തിയതെന്ന് അവൻ വിശദീകരിച്ചു. ഈ സംഭവം യാക്കോബിനോടും സഹോദരന്മാരോടും പറയണമെന്ന് അവൻ ആവശ്യപ്പെട്ടു. അനന്തരം അവൻ അവിടെനിന്നു പുറപ്പെട്ട് വേറൊരു സ്ഥലത്തേക്കു പോയി'' (12:16-17).

സഭാകൂട്ടായ്മയോടുള്ള പത്രോസിന്റെ സംഭാഷണത്തിൽ അവസാനമായി അവരോടു പറയുന്ന കാര്യം വളരെ പ്രാധാന്യമുള്ളതാണ്. ''ഈ സംഭവം യാക്കോബിനോടും സഹോദരന്മാരോടും പറയണമെന്ന് അവർ ആവശ്യപ്പെട്ടു'' (12:17). ഈ യാക്കോബ് ആരാണ്? അയാൾ തീർച്ചയായും ജറുസലേം സഭയിൽ പ്രധാനസ്ഥാനമുണ്ടായിരുന്നയാളായിരുന്നിരിക്കണം. പിന്നീട് ജറുസലേം സൂനഹദോസിൽ വക്താവായി വരുന്ന യാക്കോബായിരിക്കാനാണ് സാദ്ധ്യത (15:13). തന്റെ മൂന്നാം പ്രേഷിതയാത്രയ്ക്കുശേഷം ഈ യാക്കോബിനെ കാണാൻ പൗലോസ് ജറുസലേമിലേക്കു പോകുന്നുണ്ട്. അദ്ദേഹമാണ് യഹൂദരെ പ്രകോപിപ്പിക്കാതിരിക്കാൻ ജറുസലേം ദൈവാലയത്തിൽപോയി ശുദ്ധീകരണകർമ്മം നടത്താൻ പൗലോസിനെ ഉപദേശിക്കുന്നത് (21:17-26). ഗലാത്തിയാക്കാർക്കെഴുതിയ ലേഖനത്തിൽ 'കർത്താവിന്റെ സഹോദരൻ' എന്ന് പൗലോസ് വിശേഷിപ്പിക്കുന്ന യാക്കോബായിരിക്കണം ഇത്. ജറുസലേമിൽപോയി ഈ യാക്കോബിനെ കണ്ടതായി പൗലോസ് പറയുന്നുണ്ട് (ഗലാ. 1:19). പത്രോസിനോടൊപ്പം സഭയുടെ നേതൃസ്തംഭങ്ങളിലൊരാളായി ഈ യാക്കോബിനെ പൗലോസ് വിശേഷിപ്പിക്കുന്നുണ്ട് (ഗലാ. 2:9). ജറുസലേം പ്രാദേശികസഭയുടെ തലവനായ ഈ യാക്കോബിനെ വിവരമറിയിക്കണമെന്നാണ് പത്രോസ് ആവശ്യപ്പെടുന്നത്. തന്നോടൊപ്പം സഭാശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ട ശുശ്രൂഷകരോട് ഐക്യവും പ്രതിബദ്ധതയും പുലർത്തുന്ന പത്രോസിനെയാണ് ഇവിടെ നാം കാണുന്നത്.

യാക്കോബിനോടൊപ്പം സഹോദരന്മാരോടും ഇക്കാര്യം പറയണമെന്ന് പത്രോസ് ആവശ്യപ്പെടുന്നു. ഇവിടെ 'സഹോദരന്മാർ' എന്നു വിശേഷിപ്പിക്കപ്പെടുന്നത് മറ്റു ശ്ലീഹന്മാരും അവരുടെ ശ്ലൈഹികശുശ്രൂഷയിൽ പങ്കുചേർന്നിരുന്ന ശ്രേഷ്ഠന്മാരുമായിരുന്നിരിക്കണം. ജറുസലേമിൽ കൂടിയ ആദ്യത്തെ സഭാസൂനഹദോസിൽ ഒരുമിച്ചുകൂടിയത് ശ്ലീഹന്മാരും ശ്രേഷ്ഠന്മാരുമായിരുന്നല്ലോ (15:6). അവിടെ വലിയ വാദപ്രതിവാദം നടന്നപ്പോൾ, പത്രോസ് അവരെ സംബോധന ചെയ്തത് 'സഹോദരന്മാരേ' എന്നു വിളിച്ചുകൊണ്ടാണ് (15:7). അതുകൊണ്ട് പത്രോസിന്റെ ശ്ലൈഹികസാഹോദര്യവും പ്രതിബദ്ധതയുമാണ് ഇതിലൂടെ വ്യക്തമാകുന്നത്. പൗരോഹിത്യശുശ്രൂഷ ശ്ലൈഹികശുശ്രൂഷതന്നെയാണ് (റോമാ. 15:16). സഭയിൽ ഒരു പുരോഹിതനേയുള്ളു. അത് ഈശോമിശിഹാതന്നെയാണ്. ഈ പുരോഹിതശുശ്രൂഷയിലാണ് ശ്ലീഹന്മാരും അവരുടെ പിൻഗാമികളുമായ മെത്രാന്മാരും പുരോഹിതരും പങ്കുചേരുന്നത്. അതുകൊണ്ട് പൗരോഹിത്യസാഹോദര്യം നിലനിർത്തേണ്ടതും കാത്തുസൂക്ഷിക്കേണ്ടതുമായ ഒന്നാണ്. പുരോഹിതൻ ഒറ്റപ്പെട്ട ശുശ്രൂഷ നിർവ്വഹിക്കേണ്ടവനല്ല. തന്റെ മെത്രാന്മാരോടും വൈദികസഹോദരന്മാരോടും ഐക്യവും സാഹോദര്യവും പുലർത്തിക്കൊണ്ടുമാത്രമേ പുരോഹിതശുശ്രൂഷ നിർവഹിക്കാവൂ.

## 5. പുരോഹിതൻ: ദൈവമഹത്ത്വം തേടുന്നവൻ

''ഒരു നിശ്ചിതദിവസം ഹേറോദേസ് രാജകീയവസ്ത്രം ധരിച്ച് സിംഹാസനത്തിൽ ഉപവിഷ്ടനായി അവരോടു പരസ്യമായി സംസാരിച്ചു. ജനക്കൂട്ടം വിളിച്ചുപറഞ്ഞു: ഇത് ഒരു ദേവന്റെ സ്വരമാണ്, മനുഷ്യന്റേതല്ല. പെട്ടെന്നു കർത്താവിന്റെ ഒരു ദൂതൻ അവനെ അടിച്ചുവീഴ്ത്തി. എന്തെന്നാൽ, ദൈവത്തിന് അവൻ മഹത്ത്വം നല്കിയില്ല. പുഴുക്കൾക്കിരയായി അവൻ അന്ത്യശ്വാസം വലിച്ചു'' (12:21-23).

ഹേറോദേസിന്റെ മരണമാണ് ഈ വചനഭാഗത്ത് വിവരിക്കുന്നത്. സഭയുടെ പീഡകനായിത്തീർന്ന ഹേറോദേസിന്റെ മരണം സഭാശത്രുക്കളുടെ നാശത്തെയും സഭയ്ക്കുള്ള ദൈവികസംരക്ഷണത്തെയും എടുത്തു കാണിക്കുന്നുണ്ട്. എങ്കിലും അതിന്റെ അവതരണം ലൂക്കാ നടത്തുന്നത് മറ്റൊരു പ്രധാനസന്ദേശം

വ്യക്തമാകത്തക്കവിധമാണ്. ഹേറോദേസ് ജറുസലേമിൽനിന്നും തന്റെ മറ്റൊരു തലസ്ഥാനമായിരുന്ന കേസറിയായിലേക്കു മാറുന്നു. സോർ-സീദോൻ പ്രദേശക്കാരുടെ സമാധാനപ്രശ്നം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ടാണ് അയാളുടെ മരണം സംഭവിക്കുന്നത്. യഹൂദചരിത്രം രചിച്ച സമകാലികനായ യൊസേഫൂസിന്റെ വിവരണത്തിൽനിന്നു മനസ്സിലാക്കുന്നിടത്തോളം സോർ-സീദോൻ നഗരങ്ങളുമായുള്ള സമാധാനം പ്രഖ്യാപിക്കുവാൻ ഹേറോദേസ് നിശ്ചയിച്ചത് റോമൻ ചക്രവർത്തിയുടെ ജന്മനാളിലാണ്. അത്യന്തം ആഢംബരപൂർവ്വം ചക്രവർത്തിയോടുള്ള ബഹുമാനം പ്രകടിപ്പിക്കുന്ന ആഘോഷങ്ങൾക്കിടയിലാണ് ഹേറോദേസിന്റെ മരണം സംഭവിക്കുന്നത്. രാജകീയവസ്ത്രങ്ങൾ ധരിച്ച് സിംഹാസനത്തിൽ ഉപവിഷ്ടനായി ഹേറോദേസ് ജനങ്ങളോടു സംസാരിച്ചപ്പോൾ ജനക്കൂട്ടം വിളിച്ചുപറഞ്ഞു: ''ഇത് ഒരു ദേവന്റെ സ്വരമാണ്, മനുഷ്യന്റേതല്ല. പെട്ടെന്ന് കർത്താവിന്റെ ഒരു ദൂതൻ അവനെ അടിച്ചുവീഴ്ത്തി. എന്തെന്നാൽ, ദൈവത്തിന് അവൻ മഹത്ത്വം നല്കിയില്ല. പുഴുക്കൾക്കിരയായി അവൻ അന്ത്യശ്വാസം വലിച്ചു (12:21-23).

ദൈവത്തിനു മഹത്ത്വം നല്കാതെ അത് സ്വയം സ്വീകരിച്ചതിനുള്ള ശിക്ഷയായിട്ടാണ് ഹേറോദേസിന്റെ മരണം ഇവിടെ അവതരിപ്പിക്കുന്നത്. ദൈവത്തിനു മഹത്ത്വം നല്കിക്കൊണ്ട് ശുശ്രൂഷ ചെയ്യേണ്ട രീതി പത്രോസിന്റെ ശുശ്രൂഷാരംഗത്ത് നാം കാണുന്നുണ്ട്. പത്രോസ് കൊർണേലിയൂസിന്റെ ഭവനത്തിൽ ചെന്നപ്പോൾ കൊർണേലിയൂസ് അവനെ സ്വീകരിച്ച് കാൽക്കൽ വീണു നമസ്ക്കരിച്ചു. അപ്പോൾ, ''എഴുന്നേല്ക്കുക, ഞാനും ഒരു മനുഷ്യനാണ് എന്നു പറഞ്ഞുകൊണ്ട് പത്രോസ് അവനെ എഴുന്നേല്പിച്ചു'' (10:25-26). ദൈവതുല്യമായ അംഗീകാരം ലഭിച്ചപ്പോൾ അത് ഏറ്റുവാങ്ങാതെ പത്രോസ് ദൈവത്തിനു മഹത്ത്വം നല്കി. എന്നാൽ ഹേറോദേസ് അതു ചെയ്തില്ല. അതാണ് ദൈവശിക്ഷയ്ക്കു കാരണമായി ഭവിച്ചത്. പുരോഹിത ശുശ്രൂഷാരംഗങ്ങളിൽ ഇതിനു സമാനമായ സാഹചര്യങ്ങൾ ഉണ്ടാകാം. ദൈവികകാര്യങ്ങളാണല്ലോ പുരോഹിതൻ കൈകാര്യം ചെയ്യുന്നത്. മനുഷ്യരായ പുരോഹിതശുശ്രൂഷകർക്ക് ദൈവത്തിനർഹമായ മഹത്ത്വം നല്കുവാൻ ഇതു ജനങ്ങളെ പ്രേരിപ്പിച്ചുവെന്നു വരും. അപ്രകാരം പലപ്പോഴും സംഭവിക്കുന്നുമുണ്ട്. അപ്പോൾ പുരോഹിതശുശ്രൂഷകർ പത്രോസിനെപ്പോലെ ദൈവത്തിനു മഹത്ത്വം നല്കുന്നവരായി വർത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. പുരോഹിതർ മനുഷ്യരായതുകൊണ്ട് ഹേറോദേസിനുണ്ടായതിനു സമാനമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അപ്രകാരമുള്ള പ്രലോഭനങ്ങളെ ചെറുത്തുനില്ക്കുവാനും എപ്പോഴും ദൈവമഹത്ത്വം ലക്ഷ്യമാക്കി ശുശ്രൂഷ ചെയ്യുവാനും പുരോഹിതൻ ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. ജീവിതത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെയും പ്രതിസന്ധികളെയും പ്രാർത്ഥനയിലൂടെ നേരിടുവാൻ എനിക്കു കഴിയുന്നുവോ? അപ്രകാരം ജനങ്ങളെ പഠിപ്പിക്കുന്നുവോ?
2. പ്രാർത്ഥനാജീവിതത്തിലൂടെ ദൈവപരിപാലന അനുഭവിച്ചറിയാൻ എനിക്കു സാധിക്കുന്നുവോ?
3. ഇടവകാസമൂഹത്തെ കുടുംബാരൂപിയിൽ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. പൗരോഹിത്യസാഹോദര്യം ജീവിക്കുവാനും പുരോഹിതകൂട്ടായ്മ പരിപോഷിപ്പിക്കുവാനും ഞാൻ എത്രമാത്രം പരിശ്രമിക്കുന്നുണ്ട്?
5. ദൈവമഹത്ത്വം മാത്രം ലക്ഷ്യമാക്കി ശുശ്രൂഷ ചെയ്യുവാൻ എനിക്കു സാധിക്കുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**നവംബർ 26**

ഉച്ചകഴിഞ്ഞ് S.B. സ്കൂളിൽ വി. കുർബാനയർപ്പിച്ചു. സെന്റ് ബർക്കുമാൻസ് ദിനത്തിന്റെ ഭാഗമായി സന്ദേശം നൽകി; സ്നേഹവിരുന്നിൽ പങ്കെടുത്തു.

28 രാവിലെ കൂരിയ സമ്മേളനത്തിനു ശേഷം ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ ശുശ്രൂഷ ചെയ്തിരുന്ന ബഹു. S.D. സിസ്റ്റേഴ്സിനു നൽകിയ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ചു ക്ലാസ്സെടുത്തു.

29 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചേന്നങ്കരി ഇടവകയിൽ സ്ഥാപിച്ച RO Plant-ന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവഹിച്ചു; തുടർന്ന് ആലപ്പുഴ പുന്നപ്രയിൽ 'ദനഹാലയ'ത്തിന്റെ കുടുംബദിനാഘോഷത്തിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ കൂടിയ Consulters Meeting ലും തുടർന്ന് നടന്ന പ്രളയ പുനരധിവാസാലോചന യോഗത്തിലും പങ്കെടുത്തു.

30 ഉച്ചകഴിഞ്ഞ് കുമരകം നവനസ്രത്ത് ഇടവകാതിർത്തിക്കുള്ളിൽ FDSHJ സന്ന്യാസിനിസമൂഹം പുതിയതായി ആരംഭിച്ച സ്പെഷ്യൽ സ്കൂളിന്റെ വെഞ്ചരിപ്പു നിർവ്വഹിച്ചു. വൈകുന്നേരം നിരണം സെമിനാരിയിൽ പ്രവാസി വകുപ്പിന്റെ നേതൃത്വത്തിൽ നൽകിയ RO Plant വെഞ്ചരിച്ചു. സംഭാവന നൽകിയവരെ നന്ദിയർപ്പിച്ചു. തുടർന്ന് നിരണം സെമിനാരിയിലെ വൈദികാർത്ഥികൾക്കു ക്ലാസ്സെടുത്തു.

**ഡിസംബർ 2018**

1 രാവിലെ അൾത്താരബാലന്മാർക്കായി ക്രമീകരിച്ച ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്കായി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് കുറുമ്പനാടം ഫൊറോനയിലെ രാജമറ്റം ഇടവകയിൽ ജസ്റ്റിൻ മുക്കാട്ടുകാവുങ്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ Central PTA- യുടെ ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് എടത്വാ പള്ളിയിൽ ചമ്പക്കുളം, എടത്വാ ഫൊറോനയിലെ ഗായകസംഘാംഗങ്ങൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ പങ്കെടുത്തവരുമായി സംസാരിച്ചു. ആരാധന വത്സരത്തിന്റെ ആരംഭത്തോടനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ സായാഹ്ന നമസ്കാരത്തിന് (റംശാ) കാർമ്മികത്വം വഹിച്ചു. തുടർന്ന് കത്തീഡ്രൽ ഇടവകയിലെ പള്ളി പ്രതിനിധിയോഗാംഗങ്ങളെയും, കുടുംബകൂട്ടായ്മ ലീഡേഴ്സിനെയും കണ്ട് സംസാരിച്ചു.

2 കുടമാളൂർ ഫൊറോനയിലെ കുമരകം സെന്റ് ജോൺ നെപുംസ്യാനോസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

3 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ, DFC ഫൊറോന ഡയറക്ടർമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചയ്ക്ക് അതിരൂപതാ കെയർ ഹോംസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സംഗമത്തിൽ പങ്കെടുത്തവരെ സന്ദർശിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് എടത്വ സെന്റ് അലോഷ്യസ് സ്കൂളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ ആരംഭിച്ച *അടൽ ടിങ്കറിംഗ് ലാബ്* ഉദ്ഘാടനം ചെയ്തു വെഞ്ചരിച്ചു; തുടർന്ന് നടന്ന അനുമോദന സമ്മേളനത്തിൽ പങ്കെടുത്തു. എടത്വ ആരാധനമഠാംഗമായ സി. ജോസ് മേരി SABS ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മഠത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു.

4 ഉച്ചകഴിഞ്ഞ് എടത്വ ഫൊറോന ഇടവകയിൽ, പരേതനായ നെല്ലിക്കുന്നത്ത് ബഹു. തോമസ് അച്ചന്റെ, മൃതസംസ്കാരശുശ്രൂഷകൾക്കും ദൈവാലയത്തിലെ കർമ്മങ്ങൾക്കും നേതൃത്വം നൽകി. വൈകുന്നേരം എടത്വ ഇടവകയിൽ കളപ്പുര കെ. സി. വർഗീസ് (ബേബിച്ചൻ) (ബഹു. ടോംസ് അച്ചന്റെ പിതാവ്) മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

5–6 KCBC വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു; പിതാക്കന്മാർക്കൊപ്പം മൂവാറ്റുപുഴ രൂപതയുടെ പുതിയതായി രൂപതാ ആസ്ഥാനത്തിൽ വെഞ്ചരിപ്പു കർമ്മത്തിൽ പങ്കെടുത്തു.

7 വായ്പൂർ ചക്കാലക്കുന്ന് ഇടവകാംഗമായ കുഴിപ്പള്ളിൽ സിബി (ജേക്കബ് കുഴിപ്പള്ളിൽ അച്ചന്റെ സഹോദരൻ) ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. എസ്.ബി. ഹൈസ്ക്കൂളിൽ KCSL സംസ്ഥാനതല സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കോട്ടയത്ത് DCMS സംസ്ഥാനതല സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. വൈകുന്നേരം പാറേൽപള്ളിയിൽ പ്രദിക്ഷണത്തിനുശേഷം ദൈവജനത്തിനാശീർവ്വാദം നൽകി.

8 രാവിലെ പാറേൽ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. മല്ലപ്പള്ളിയിൽ, ദിവ്യകാരുണ്യ സന്ന്യാസ സമൂഹത്തിന്റെ ധ്യാനകേന്ദ്രത്തോടനുബന്ധിച്ച് പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. പുളിങ്കുന്ന് ഫൊറോന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കൗൺസിൽ അംഗങ്ങൾക്കായി സംഘടിപ്പിച്ച അർദ്ധദിന സെമിനാറിൽ സന്ദേശം നൽകി. പുളിങ്കുന്ന് ഇടവകയിലെ മാതൃവേദി അംഗങ്ങൾക്കായി സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തവരെ സന്ദർശിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് ളായിക്കാട് പുതിയതായി ആരംഭിച്ച ആശുപത്രി വെഞ്ചരിച്ചു. കുന്നന്താനം LSDP സന്ന്യാസ ഭവനത്തിൽ പുതിയതായി നിർമ്മിച്ച വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

9 രാവിലെ കാവുകാട്ട് ഹാളിൽ യൂത്ത് എലൈവ്നോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് നടന്ന പൊതു സമ്മേളനത്തിലും, യുവജനങ്ങൾക്കായി അഭിവന്ദ്യ പാംപ്ലാനി പിതാവ് നൽകിയ ആദ്യന്തം ക്ലാസ്സിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് എസ്.ബി. കോളജിൽ നിന്ന് സ്കൂളിലേയ്ക്ക് സംഘടിപ്പിച്ച യുവജനറാലി ഉദ്ഘാടനം ചെയ്തു.

10 രാവിലെ, സിനാക്സിസിന്റെ ഭാഗമായി സി.എം.സി.ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. വൈകുന്നേരം നിരണം സെമിനാരിയിൽ ബ്രദേഴ്സിന് ക്ലാസ്സെടുത്തു.

11 രാവിലെ സിനാക്സിസിന്റെ ഭാഗമായി കൂത്രപ്പള്ളി ആരാധനമഠത്തിൽ വി.

കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം വെരൂർ സെന്റ് ജോസഫ് ഇടവകയിൽ, ഇടവകധ്യാനത്തോടനുബന്ധിച്ച് സന്ദേശം നൽകി.

12 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതയിലെ ജൂനിയർ വൈദികരുടെ തുടർപരിശീലനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് വൈദികരുമായി സംസാരിച്ചു. ഉച്ചകഴിഞ്ഞ് മദ്ധ്യസ്ഥൻ ടി.വി.യിലേക്ക് ക്രിസ്മസ്സ് സന്ദേശം നൽകി.

13 രാവിലെ പാലമറ്റം ബേസ്തോമ്മാ ഭവനത്തിൽ, സന്ന്യാസിനികൾക്കായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. സന്ന്യസ്തരെ വ്യക്തിപരമായി കാണാനും സംസാരിക്കുവാനും സമയം ചെലവഴിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നിരണം സെമിനാരിയിൽ ബ്രദേഴ്സിന് ക്ലാസ്സെടുത്തു.

14 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ കൂരിയാസമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കത്തീഡ്രൽ ഇടവകയിൽ കുടുംബകൂട്ടായ്മ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അഖണ്ഡ ബൈബിൾ പാരായണം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ, നടത്തപ്പെടുന്ന അല്മായ വചനപ്രഘോഷകർക്കായുള്ള ധ്യാനത്തിൽ പങ്കെടുത്തവരെ സന്ദർശിച്ച് സന്ദേശം നൽകി.

15 രാവിലെ പുന്നത്തറയിൽ സ്വഭവനത്തിൽ വി. കുർബാനയർപ്പിച്ചു. എസ്.ബി. കോളജിൽ കണക്ക് (മാത്തമാറ്റിക്സ്) വിഭാഗത്തിനായി ലഭിച്ച റിസേർച്ച് സെന്ററിന്റെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് ചങ്ങനാശേരി കത്തീഡ്രൽ പാരീഷ് ഹാളിൽ മാതൃ-പിതൃ വേദി സംഘടനകളുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് ഉദ്ഘാടന സന്ദേശം നൽകി, ജൂബിലി ആഘോഷിച്ച മുൻ ഡയറക്ടർ ആലഞ്ചേരി ജോസച്ചന് ആശംസകൾ നേർന്നു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ ആശുപത്രിയിൽ നഴ്സിങ്ങ് കോളേജ് വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ ബിരുദദാനചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ ജീവകാരുണ്യ ട്രസ്റ്റിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. സന്ദേശനിലയ (മതബോധന വിഭാഗം) ത്തിന്റെ നേതൃത്വത്തിൽ നടത്തിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുമൊത്തുള്ള ചർച്ചയിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ, എസ്.എച്ച്. ഗ്രൂപ്പ് ഓഫ് സ്കൂൾസിന്റെ ബോർഡ് മീറ്റിംങ്ങിൽ പങ്കെടുത്തു.

16 കോട്ടയം ഫൊറോനയിലെ ഇരവിനെല്ലൂർ സെന്റ് ആന്റണീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. തുടർന്ന് കടയനിക്കാട് ഇടവകയിൽ വിൻസെൻഷ്യൻ സന്ന്യാസിസമൂഹത്തിന്റെ സഹായത്തോടെ നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്ന ഭവനങ്ങളുടെ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. പുന്നത്തുറ വെള്ളാപ്പള്ളി ഇടവകയിലെ ധ്യാനത്തോടനുബന്ധിച്ച് അനുഗ്രഹ സന്ദേശം നൽകി.

17 രാവിലെ തടിയൂർ സെന്റ് ആന്റണീസ് പള്ളിയിൽ ഊന്നുകല്ലിൽ ബഹു. ജോർജ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭാഗമായി വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന്, മൃതസംസ്കാര ശുശ്രൂഷയുടെ

നാലാംഭാഗത്ത് അഭിവന്ദ്യ ആലഞ്ചേരി പിതാവിനൊപ്പം സഹകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ Inter Departmental Meeting-ൽ അദ്ധ്യക്ഷത വഹിച്ചു.

18 രാവിലെ പാറേൽ തിരുഹൃദയ സന്ന്യാസിനി സമൂഹത്തിന്റെ സിനാക്സി സിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ചെത്തിപ്പുഴ SD പ്രൊവിൻഷ്യാൾ ഹൗസിൽ, സി. ബർത്തിലോമിയയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പുതുക്കരി ഇടവകാം ഗമായ ഒറ്റക്കുടിയിൽ സണ്ണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാ കേന്ദ്രത്തിൽ അസി. വികാരിമാരുള്ള വികാരി യച്ചന്മാരുടെ സമ്മേളനത്തിൽ ആദ്യാന്തം പങ്കെടുത്ത് സംസാരിച്ചു. ഉച്ചക ഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കൊടിനാട്ടുകുന്ന് പള്ളിയിൽ നവീകരിച്ച മദ്ബഹായുടെ പുനഃപ്രതിഷ്ഠയിൽ പങ്കെടുത്തു. ചെത്തിപ്പുഴ ഇടവക കോട്ടപ്പുറം ജോർജുകുട്ടിയുടെ മൃതദേഹ ത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം, തിരുപ്പട്ടദിനത്തിന്റെ 44-ാം വാർഷികത്തോടനുബന്ധിച്ച ഓർമ്മകൾ പുതുക്കി അഭിവന്ദ്യ പിതാ ക്കന്മാർക്ക്, വൈദികർക്കുമൊപ്പം അതിരൂപത കേന്ദ്രത്തിൽ അത്താഴത്തിൽ പങ്കുചേർന്നു.

19 അതിരൂപതാ കേന്ദ്രത്തിൽ കൂരിയാ സമ്മേളനത്തിനുശേഷം, സ്റ്ററ്റ്യൂട്സ് കമ്മിറ്റി മീറ്റിംങ്ങിൽ പങ്കെടുത്തു. തുടർന്ന് ദുരിതാശ്വാസത്തിന്റെ ഭാഗമായി SVD സന്ന്യാസസമൂഹം നൽകുന്ന വിദ്യാഭ്യാസ പദ്ധതിയുടെ ആദ്യഭാഗം നൽകുന്ന സമ്മേളനത്തിൽ പങ്കെടുത്ത് SVD സമൂഹത്തിന് നന്ദിയർപ്പിച്ചു സംസാരിച്ചു. ഉച്ചകഴിഞ്ഞ് ആലപ്പുഴ പുന്നപ്രയിൽ മാർ ഗ്രിഗോരിയസ് കോളേ ജിൽ പുതിയതായി നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. തത്തംപള്ളി സഹൃദയ ആശുപത്രിയിലെ ക്രിസ്മസ്സ് ആഘോഷ ത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. വൈകുന്നേരം കുറിച്ചി സെമിനാരിയിൽ ക്രിസ്മസ്സ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

20 രാവിലെ പച്ച-ചെക്കിടിക്കാട് ലൂർദ്ദ് മാതാപള്ളിയിൽ നവീകരിച്ച മദ്ബഹായുടെ ലൂർദ്ദ് മാതാപള്ളിയിൽ നവീകരിച്ചു മദ്ബഹായുടെ പുനഃപ്രതിഷ്ഠാ നടത്തി. വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ അതിരൂപതാതല സംഗമത്തിൽ പങ്കെടുത്ത വർക്ക് സന്ദേശം നൽകുകയും അവരോടൊത്ത് ഗ്രൂപ്പ് ഫോട്ടോ നൽകുന്നതി നായി സമയം ചെലവഴിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഡിസംബർ – ജനു വരി മാസത്തിൽ അതിരൂപതയ്ക്കായി തിരുപ്പട്ടം സ്വീകരിക്കുന്ന ശ്മാന്മാരു ടെയും മാതാപിതാക്കന്മാരുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം ചിങ്ങവനം ക്നാനായ സിറിയൻ ഓർത്തഡോക്സ് മെത്രാ സനമന്ദിരത്തിലെ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി. തുടർന്ന് പീരുമേട് ചാൾസ് വില്ലയിൽ ഡീക്കന്മാരുമൊത്ത് സമയം ചിലവഴിക്കുന്നതിനായി പുറപ്പെട്ടു.

## മാർ തോമസ് തറയിൽ

**2018 നവംബർ**

27 ചങ്ങനാശേരി വിമലാ ഹോസ്റ്റലിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാ കേന്ദ്രത്തിൽ ഡീക്കന്മാരെ കണ്ട് സംസാരിച്ചു. മാമ്പുഴക്കരി പള്ളിയിൽ നടന്ന പുളിങ്കുന്ന് ഫൊറോന പ്രീസ്റ്റ് കോൺഫറൻസിൽ പങ്കെടുത്തു.

28 ചങ്ങനാശേരി ജ്യോതി ഹോസ്റ്റലിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കുളത്തൂർ ലിറ്റിൽഫ്ളവർ പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. പ്രീസ്റ്റ് ഹോമിൽ സിസ്റ്റേഴ്സിന്റെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു.

29 റീജൻസി ബ്രദേഴ്സിന് മാസധ്യാനം നയിച്ചു. നെടുംകുന്നം പള്ളിയിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ ആലോചനാ സമിതിയോഗത്തിൽ പങ്കെടുത്തു. വെള്ളപൊക്ക പുനഃരധിവാസ പ്രവർത്തനസമ്മേളനത്തിൽ പങ്കെടുത്തു.

30 രാവിലെ അസംപ്ഷൻ ഹോസ്റ്റൽ ചാപ്പലിലെ ബലിപീഠം കൂദാശ ചെയ്ത് പരിശുദ്ധ കുർബാന അർപ്പിച്ചു. എസ്.ബി. കോളേജിൽ SIET Programme ഉദ്ഘാടനം ചെയ്തു. ആർപ്പൂക്കര സെന്റ് ഫിലോമിനാസ് സ്കൂളിൽ സപ്തതി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**2018 ഡിസംബർ**

1 കുന്നന്താനം സെഹിയോനിൽ അതിരൂപതയിലെ അൾത്താര ബാലന്മാരുടെ ക്യാമ്പ് സന്ദർശിച്ച് സന്ദേശം നൽകി. രാജമറ്റം ഇടവക മുക്കാട്ടുകാവുങ്കൽ ശ്രീ. ജെസ്റ്റിൻ ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി മെത്രാപ്പോലീത്തൻ ഇടവക മുളയ്ക്കൽ ശ്രീ. എ.എം. ഡൊമിനിക്കിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ചീരഞ്ചിറ ചാരിറ്റിവേൾഡിൽ നടന്ന ഭിന്നശേഷിക്കാരുടെ കുടുംബദിനാഘോഷം ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതാ ബൈബിൾ കൺവെൻഷനിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

2 തേക്കുപാറ സെന്റ് മേരീസ് പള്ളിയിൽ കുരിശടി വെഞ്ചരിച്ചു. തുടർന്ന് കൊടിമരം വെഞ്ചരിക്കുകയും പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു.

3 അതിരൂപതാകേന്ദ്രത്തിൽ നടന്ന DFC മീറ്റിങ്ങിൽ പങ്കെടുത്തു. ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് അതിരൂപതാകേന്ദ്രത്തിൽ നടന്ന പരിപാടിയിൽ സംബന്ധിച്ചു. എടത്വാ ആരാധനമഠാംഗം സി. മേരി ജോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം ആര്യങ്കാവ് സെന്റ് മേരീസ് ഇടവകയിൽ വൈദികമന്ദിരം വെഞ്ചരിക്കുകയും പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു.

4–6 കെ.സി.ബി.സി. മീറ്റിങ്ങിൽ പങ്കെടുത്തു.

4 ഉച്ചകഴിഞ്ഞ് ബഹു. തോമസ് നെല്ലിക്കുന്നത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ വീട്ടിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ സഹോദരി ആമ്പല്ലൂർ വലിയപറമ്പിൽ എൽസി ഫ്രാൻസീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

5 എടത്വാ കളപ്പുരയ്ക്കൽ ശ്രീ. കെ.സി. വർഗീസിന്റെ മൃതസംസ്കാരശുശ്രൂഷകളുടെ വീട്ടിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

6 രാജഗിരി ആശുപത്രിയിൽ അഭി. ജോസഫ് പതാലിൽ പിതാവിനെ സന്ദർശിച്ചു. മൂവാറ്റുപുഴ മലങ്കര രൂപത കാര്യാലയത്തിന്റെ ആശീർവാദകർമ്മത്തിൽ പങ്കെടുത്തു.

7 വായ്പൂർ ന്യൂ ഇടവക കുഴിപ്പള്ളിൽ ജോസഫ് കെ.സി.യുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മത്തിന് നേതൃത്വം നൽകി. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കരുമാടി സെന്റ് ജോസഫ് ഇടവക മുപ്പതിൽ ശ്രീ. ജോസഫ് ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

8 രാവിലെ പാറേൽ അമലോത്ഭവ തിരുനാളിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. പുളിങ്കുന്ന് ഫൊറോന പള്ളിയിൽ ജാഗ്രതാ സദസ്സ് ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി SABS പ്രോവിൻഷ്യൽ സിനാക്സിസിൽ സന്ദേശം നൽകി.

9 രാവിലെ മുഹമ്മ CMI ആശ്രമത്തിന്റെ വജ്രജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ചു. കാവുകാട്ട് ഹാളിൽ നടന്ന 'യൂത്ത് എലൈവ് 2018' ൽ പങ്കെടുത്തു. ചങ്ങനാശേരി CMC പ്രോവിൻഷ്യൽ സിനാക്സിസിൽ സംസാരിച്ചു. തുരുത്തിയിൽ 'പട്ടിണിരഹിത ചങ്ങനാശേരി താലൂക്ക്' ഉദ്ഘാടനം ചെയ്തു.

10 പാറേൽ SJSM കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കോട്ടയം ലൂർദ് ഫൊറോനാപള്ളിയിൽ മനുഷ്യാവകാശദിന സെമിനാർ ഉദ്ഘാടനം ചെയ്തു.

11 കൂനന്താനം അൽഫോൻസാ FC കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു. എസ്.ബി. കോളജിൽ 'കൊമേഴ്സ് സെമിനാർ' ഉദ്ഘാടനം ചെയ്തു. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന വൈദിക തുടർപരിശീലനപരിപാടിയിൽ പങ്കെടുക്കുകയും വൈദികരെ വ്യക്തിപരമായി കാണുകയും ചെയ്തു.

12 കുത്രപ്പള്ളി ആരാധനമഠം പ്രോവിൻഷ്യലേറ്റിൽ പരി. കുർബാന അർപ്പിച്ചു. വൈദികർക്കുള്ള തുടർപരിശീലന പരിപാടിയിൽ പങ്കെടുക്കുകയും വൈദികരെ വ്യക്തിപരമായി കാണുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു.

13 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുട്ടമംഗലം പള്ളിയിൽ വെള്ളപൊക്ക ദുരിതാശ്വാസ സഹായവിതരണം നടത്തി.

14 മീൻകുളം ലൂർദ് പബ്ളിക് സ്കൂൾ വാർഷികയോഗത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തി.

15 പാറേൽ ചങ്ങനാശേരി S.H. പ്രോവിൻസ് സിനാക്സിസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. സെഹിയോൻ ധ്യാനകേന്ദ്രത്തിൽ അൽമായ വചനപ്രഘോഷകർക്കായി നടത്തിയ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ അതിരൂപതാ മാതൃ ജ്യോതിസ് പിതൃവേദിയുടെ വാർഷിക സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. ഫാത്തിമാപുരം പ്ലാംപ്പറമ്പിൽ ശ്രീമതി മേരിക്കുട്ടി ചാക്കോയുടെ മൃതദേഹത്തിങ്കൽ

ഒപ്പീസ് ചൊല്ലി. ജീവകാരുണ്യനിധി ട്രസ്റ്റിന്റെ വാർഷികസമ്മേളനത്തിൽ സന്ദേശം നൽകി. കുരിശുംമൂട് മീഡിയ വില്ലേജിൽ ശ്രീ. ജോസഫ് പാണാടന്റെ 60-ാം ജന്മദിനത്തോടനുബന്ധിച്ചുള്ള സുഹൃത്-ശിഷ്യസംഗമം ഉദ്ഘാടനം ചെയ്തു.

16 രാജഗിരി ക്രിസ്തുരാജാ ഇടവകയിൽ ഗ്രോട്ടോ ആശീർവ്വദിച്ചു. തുടർന്ന് പരി. കുർബാന അർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അമ്പൂരി ഫൊറോന പള്ളിയിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം മണ്ണന്തല ഇടവകാതിർത്തിയിൽ സപ്തതി സ്മാരക ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യ ഭവനം ആശീർവ്വദിച്ചു.

17 ബഹു. ജോർജ് ഊന്നുകല്ലിലച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു; ഇന്റർ ഡിപ്പാർട്ടുമെന്റൽ മീറ്റിങ്ങിൽ പങ്കെടുത്തു.

18. പാലമറ്റം 'ബേസ് തോമ്മാ' മഠത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ വികാരിയച്ചന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. ചെത്തിപ്പുഴ എസ്.ഡി. സഭാംഗമായ സി. ബർത്തലൂമിയായുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. പുതുക്കരി ഒറ്റക്കുടിയിൽ ശ്രീ. ഒ.വി. കുര്യാക്കോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. ചങ്ങനാശേരി മെത്രാപ്പോലിത്തൻ ഇടവക കരിമറ്റം ശ്രീ. കെ.എ. തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു. സന്യാസ സഭാംഗങ്ങളായ ഡീക്കന്മാരെ വ്യക്തിപരമായി കണ്ട് സംസാരിച്ചു. തെക്കേക്കര സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ആഘോഷമായ റംശയ്ക്ക് നേതൃത്വം നൽകി. തുടർന്ന് വൈദിക മന്ദിരത്തിന്റെ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു.

19. നെടുമുടി വേങ്ങാശേരിയിൽ ശ്രീ. ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് പ്രാർത്ഥിച്ചു.കോട്ടയ്ക്കപ്പുറം അനുഗ്രഹ സ്പെഷ്യൽ സ്കൂൾ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. പുന്നത്തുറ സെന്റ് തോമസ് ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. കുറിച്ചി സെൻറ് തോമസ് മൈനർ സെമിനാരിയിൽ ക്രിസ്മസ് ആഘോഷത്തിൽ സന്ദേശം നൽകി.

20. നെടുംകുന്നം ആരാധനാസന്യാസ സമൂഹത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ചമ്പക്കുളം പോരൂക്കര കോളേജിൽ ക്രിസ്മസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഡീക്കന്മാരുടെ മാതാപിതാക്കളെ കണ്ട് സന്ദേശം നൽകി.

## മാർ ജോസഫ് പവ്വത്തിൽ

**ഡിസംബർ 2018**

08 പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ പരി. മാതാവിന്റെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ റാസകുർബാനമദ്ധ്യേ സന്ദേശം നല്കി.

10–12 മാങ്ങാനം സ്പിരിറ്റ്വാലിറ്റി സെന്ററിൽ റോമിലെ എക്യുമെനിക്കൽ പ്രതിനിധി ബിഷപ് ഫാരലിന്റെ അദ്ധ്യക്ഷതയിൽ സീറോമലബാർ, ഓർത്തഡോക്സ്, യാക്കോബായ സഭകളുടെ പ്രതിനിധികളോടൊപ്പം എക്യുമെനിക്കൽ ഡയലോഗിൽ സംബന്ധിച്ചു.

15 സന്ദേശനിലയം ഹാളിൽ ജീവകാരുണ്യനിധി ട്രസ്റ്റിന്റെ 14–ാമത് വാർഷിക പൊതുയോഗത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

16 ഇത്തിത്താനം പ്രീസ്റ്റ്ഹോമിൽ ബഹു. ജോർജ് ഊന്നുകല്ലിലച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ്പാടി പ്രാർത്ഥിച്ചു.

20 അതിരൂപതയിലെ ബഹു. ഡീക്കന്മാരുടെ മാതാപിതാക്കന്മാരെ കണ്ടു സംസാരിച്ചു.

22 ഇത്തിത്താനം പ്രീസ്റ്റ്ഹോമിൽ ബഹുമാനപ്പെട്ട വൈദികരോടൊപ്പം ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നല്കി.

23 കുറിച്ചി മൈനർസെമിനാരിയിൽ അതിരൂപതയിലെ മേജർ സെമിനാരിക്കാരുടെ യോഗത്തിൽ ക്രിസ്മസ് സന്ദേശം നല്കി.

25 അതിരൂപതാകേന്ദ്രത്തിൽ അഭി. പിതാക്കന്മാർക്കും ബഹു.വൈദികർക്കും ഒപ്പം ക്രിസ്മസ് ആഘോഷിച്ചു.



# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2019 JANUARY

| | | |
|---|---|---|
| **1** | **11:00 a.m. – 12:00 p.m.** | Visitors' Time |
| | **02:45 - 04:00 p.m.** | Visitors' Time |
| **2** | **09:30 a.m.** | Ordination @ Parampuzha, Dn Joseph Champakulathil |
| **3** | **09:30 a.m.** | Ordination @ Kuliramutty, Thamarasserry; Dn Varghese Panackal |
| **4** | **04:30 p.m.** | SH School Anniversary, Kilimala |
| | **06:30 p.m.** | Message @ Manimala Bible Convention |
| **5** | **10:00 a.m.** | Forane Conference @ Nedumkunnam |
| | **03:00 p.m.** | Annual Day, SH School @ Fathimapuram |
| | **04:30 p.m.** | Bible Class Message @ Thuruthy |
| | **07:15 p.m.** | New Priests' (Religious & Other Eparchies) Gathering @ Archbishops House |
| **6** | **06:00 a.m.** | Pastoral Visit @ Champakulam Basilica Forane |
| **7** | **10:00 a.m.** | Convocation @ Vadavathoor Seminary |
| **7-18** | | Syro-Malabar Synod @ Mount St Thomas, Kakkanad |
| **19** | **10:00 a.m.** | Pastoral council @ Archbishops House |
| | **11:00 a.m.** | Marriage @ Parel |
| | **02:00 p.m.** | DCMS Meeting & Scholarship Distribution @ Pastoral Centre |
| **20** | **06:00 a.m.** | Pastoral Visit @ Ayarkunnam, St Sebastian's |
| **21** | **06:00 p.m.** | Interdepartmental Meeting @ Archbishops House |
| | **08:30 p.m.** | Archeparchial New Priests' Gathering @ Archbishops' House |
| **22** | **06:30 a.m.** | *Qurbana* with New Priests @ Archbishops House |
| | **10:00 a.m.** | Theological Forum General Body Meeting @ Archbishops House |
| | **11:30 a.m.** | 125th Jubilee Celebration @ St Joseph's School GHS, Changanacherry |
| | **02:45 p.m.** | School Anniversary & Farewell @ Kainady |
| | **06:30 p.m.** | *Kurisadi* Blessing @ Kodinattukunnu |
| **23.** | **11:30 a.m.** | Silver Jubilee Celebration of Malayalam Department @ Assumption College |
| | **03:30 p.m.** | Ecumenical Meeting @ Pulincunnoo |
| | **06:00 p.m.** | Kodimaram Blessing & Kodiyettu @ Kooroppada |

| | | |
|---|---|---|
| **24.** | **05:45 a.m.** | *Qurbana* @ Cathedral, Changanacherry |
| | **10:00 a.m.** | School Anniversary & Farewell Gathering @ S B High School Changanacherry |
| | **06:00 p.m.** | Blessing of Parish Hall & Cemetery Chapel @ Aryad |
| **25.** | **10:00 a.m.** | Inter Church Council Meeting @ Charalkunnu |
| | **03:00 p.m.** | School Centenary Concluding Meeting @ Manimala |
| | **06:00 p.m.** | Foundation Stone Laying for Parish Hall @ Pulickalkavala |
| **26.** | **10:00 a.m.** | Catechetical Teachers Convention @ Archbishops House |
| | **12:00 p.m.** | Sacerdotal Golden Jubilee Message of Fr Kalathil CMI @ Chethipuzha |
| | **04:00 p.m.** | *Qurbana* & Homily for the Jubilee Celebration of the Parish @ Narbonapuram |
| | **07:00 p.m.** | Drama ' Thachil Mathutharakan' @ Thathampally |
| **27** | **06:00 a.m.** | Pastoral Visit @ Ayroor |
| | **05:30 p.m.** | Centenary Celebration of the Cheriapally @ Athirampuzha |
| **28** | | Engaged |
| **29** | **06:45 a.m.** | Seminary Commission Visit @ Vadavathoor |
| **30** | **06:00 p.m.** | Monthly Recollection for Regents |
| | **02:45 p.m. – 04:00 p.m.** | Visitors' Time |
| **31** | **11:00 a.m.** | Berchmans Award Ceremony @ S B College, Changanacherry |
| | **05:00 p.m.** | *Qurbana* & Homily @ Lourdes Forane Church, Kottayam |



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2019 JANUARY

| | | |
|---|---|---|
| **01** | **11:30 a.m.** | Baptism @ Vazhapally West |
| | **02:30 p.m. – 04:30 p.m. Visitor's Time** | |
| | **06:30 p.m.** | Bible Convention Talk @ Manimala |
| **02** | **09:00 a.m.** | Ordination of Dn Thumpechira & Dn Munduchalil @ Champakulam Basilica |
| | **11:00 a.m.** | *Requiem Qurbana* @ Punnakunnathussery |
| **03** | **04:30 p.m.** | *Qurbana* & Parish Day @ Madapally |
| **04** | **08.30 a.m.** | Curia |
| | **11:45 a.m.** | Award Presentation @ Good Shepherd School, Thengana |
| | **04.30 p.m.** | Silver Jubilee Celebration @ LFC School, Vellayani |
| **05** | **11:30 a.m.** | Marriage @ Thuruthy |
| | **03:00 p.m.** | Senior Citizens Forum @ Sargakshethra, Chethipuzha |
| | **04:00 p.m.** | Annual Day @ S.H. Fathimapuram. |
| | **07:00 p.m.** | Religious New Priests' Gathering @ Archbishop's House |
| **06** | **07:00 a.m.** | *Qurbana* @ St Joseph's Kunnamthanam |
| | **11:00 a.m.** | Presbytery Blessing & Message @ Pious X, Mamcombu |
| | **03:30 p.m.** | Kudumbayogam @ Kurumpanadom |
| | **06:00 p.m.** | JCI Nalukody Installation Ceremony @ Media Village |
| **07 - 18** | | Syro-Malabar Synod @ Mount St Thomas, Kakkanad |
| **19** | **10:00 a.m.** | Pastoral Council |
| | **02.30:p.m.** | Sacerdotal Golden Jubilee of Rev. Fr Manooramparambil @ Kavikkunnu, Pala |
| | **03:30 p.m.** | *Requiem Qurbana* of Fr Choorakatt @ Kumaranallor |
| **20** | **10:00 a.m.** | *Qurbana* @ Narbonapuam |
| | **03:00 p.m.** | *Qurbana* & Parish Day @ Mannamthala |
| **21** | **11:30 p.m.** | Priest Home |
| | **02.:30 p.m – 4.30 p.m Visitors' Time** | |
| | **06:00 p.m.** | Inter Departmental Meeting @ Archbishop's House |
| | **08:30 p.m.** | Archeparchial New Priests' Gathering @ Archbishop's House |
| **22** | **06:30 a.m.** | *Qurbana* with New Priests @ Archbishop's House |
| | **10:00 a.m.** | New Priests' Course |
| | **04:30 p.m.** | *Qurbana* @ Vaipur, Chakkalakunnu |

| | | |
|---|---|---|
| **23** | **06:00 p.m.** | Unity Octave @ Tvm |
| **24** | | Engaged |
| | **04:30 p.m.** | *Qurbana* @ Amboori |
| **25** | **05:30 a.m.** | *Qurbana* @ Cathedral |
| | **10:00 a.m.** | Inter Church Council @ Charlkunnu |
| | **06:00 p.m** | Symposium @ Malankara Seminary,Tvm |
| **26** | **09:00 a.m**. | Homily @ Carmel Mount |
| | **11:30 a.m.** | Marriage @ Pala |
| **27- Feb 3** | | Etawah & Jaipur Mission Visit |



# ENGAGEMENTS

**Mar Joseph Powathil**
Archbishop Emeritus

## 2019 JANUARY

| | | |
|---|---|---|
| **02** | **09:15 a.m.** | Ordination of Dn Joseph Champakulathil @ Parampuzha |
| **05** | **07:00 p.m.** | Religious Priests' Gathering @ Archbishop's House |
| **07 – 18** | | Syro-Malabar Synod @ Mount St Thomas, Kakkanad |
| **13** | **11:30 a.m.** | Baptism @ Assumption, Kurumpanadom |
| **18** | **06:00 p.m.** | Message @ Assumption, Kurumpanadom |
| **20** | **11:00 a.m.** | Parish Day Message & Navathy of Fr Joseph Kalayil @ Kodinattukunnu |
| **21** | **07:00 p.m.** | Archepachial New Priests' Gathering @ Archbishop's House |
| **26** | **10:00 a.m.** | Jubilee Message @ MLF, Kurichy |